KNANAYADEEPAM

# ക്നാനായദീപം

Vol: 37 / Issue: 10 October 2026 ₹:20/-



# ദൈവസന്നിധിയിലേയ്ക്ക് ചേർക്കപ്പെട്ടതിന്റെ 8 – ാം വർഷം

**19 – 10 – 2026**



**എൽദോ ഏബ്രഹാം**

ജനനം: 16 – 03 – 1990

മരണം: 19– 10 – 2018

**എൽജോ ഏബ്രഹാം**

ജനനം: 15 – 09 – 1993

മരണം: 19– 10 – 2018

**വട്ടത്തകിടിയിൽ, ചിങ്ങവനം**

"താൻ മുൻകൂട്ടി നിശ്ചയിച്ചവരെ അവിടുന്ന് വിളിച്ചു.
വിളിച്ചവരെ നീതീകരിച്ചു.
നീതീകരിച്ചവരെ മഹത്വപ്പെടുത്തി."

*റോമർ 8:30*

അച്ചാച്ചനും, അമ്മയും
സാബു – സൂസൻ

Advt - G

# ക്നാനായ ദീപം

2026 ഒക്ടോബർ പുസ്തകം 37 ലക്കം 10

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 07
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

തള്ളപ്പെട്ടവന്റെ ഭവനത്തിൽ... 9
ഫാ. മോനായി കെ. ഫിലിപ്പ് കർക്കടകംപള്ളിൽ

ഞാൻ ഇങ്ങനെയാണ്... ഞാനാണ് ശരി 15
സുനിൽ ഡി. കുരുവിള

ക്നാനായ കുടിയേറ്റ ചരിത്രം 17
ഏബ്രഹാം മാത്യു കട്ടായിത്തറ

യബ്ബേസിന്റെ പ്രാർത്ഥന 18
ജോയി മുംബൈ

സഭയുടെ അതിജീവനമാർഗ്ഗം 19
ഫാ. ഡാർലി എടപ്പങ്ങാട്ടിൽ

ഏവൻഗേലിയോൻ ദീപം 20
ഫാ. ജേക്കബ് കല്ലുകുളം

ചിറയിലച്ചൻ: ദൈവം തൊട്ട പുരോഹിതൻ 22
സാജൻ തോമസ് പരവഞ്ചേരിൽ

പൗരോഹിത്യം ഇന്ന് നിലവിലുണ്ടോ 23
ഉണ്ണി ഏബ്രഹാം കൊറ്റുചാലിൽ

മരണം എന്ന പ്രക്രിയ 25
അമ്മാൾ രാജൻ പുളിമൂട്ടിൽ

മലർവാടിക്കൂട്ടം, ബാലദീപം ക്വിസ് 26

39 Wifi Full Signal....
രഞ്ജിത്ത് രാജു തെക്കേകരോട്ട്

41 റവ. ഫാ. തോമസ് ഏബ്രഹാം ഉൗഹയിൽ-അനുസ്മരണം
സാബു കണ്ണൻകുഴയത്ത്

42 കുടുംബവൃക്ഷത്തിലെ...
ജയ്നമ്മ മർക്കോസ് നടുവിലെപ്പറമ്പിൽ

43 ഈ യുദ്ധഭൂമിയിൽ...
Seema Shinto, Kanniyel

45 ഭൂമിയിൽ കല്യാണം...
സണ്ണി ജേക്കബ് കാട്ടുവേലിൽ

46 Will എഴുതുമ്പോൾ...
അഡ്വ. ഫെനു സ്കറിയ

47 ഖദിരമരം പോലെ...
ഡീ. അഖിൽ മനോജ് പുന്നുച്ചേരിൽ

48 മാട്രിമോണിയൽ

50 സർവ്വനിക്ഷേപവും ദൈവത്തിൽ
സി.ഐ. ചാക്കോ വലിയപാറയിലായ കൊച്ചുപറമ്പിൽ


SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യുആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
**Chief Editor**
**V. Rev. Abraham Mathew (Roy Achan) Cor Episcopa Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby) Komarathumparambil
Mathew Abraham (Wailskutty), Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
**T.C.Thomas Thoppil**
Lay Trustee
**T.O. Abraham Thottathil**
Samudaya Secretary


Visit www.knanayadeepam.in


**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
**Ph: 0481-2430176, 0481-2961213**
**Mob. 85475 84440**
**Fr. Jacob Kallookulam 9447563240**
E-mail:
**kna.deepam@gmail.com**

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




**വേഗം വരുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ തിരുനാമത്തിൽ പ്രിയ ദീപം വായനക്കാർക്ക് സ്നേഹവന്ദനം.**

കർത്താവിൽ പ്രിയരെ,

അത്യാധുനികതയിൽ നിന്ന് അത്യന്താധുനികതയിലേക്ക് കുതിച്ചുയരുന്നതിനുള്ള തത്രപ്പാടിലാണ് നമ്മുടെ ലോകം. മനുഷ്യശക്തിയെ യന്ത്രങ്ങളും മനുഷ്യബുദ്ധിയെ കമ്പ്യൂട്ടറും മാറ്റി നിർത്തുന്നു. വാർത്താവിനിമയം, ഗതാഗതം ഇവകളിൽ നൂതനരീതികളും അതിസങ്കീർണ്ണമായ സാങ്കേതിക വിദ്യകളും കൈവരിച്ചിരിക്കുന്ന നേട്ടങ്ങൾ ലോകരാഷ്ട്രങ്ങൾ തമ്മിലുള്ള അകലം വെട്ടിച്ചുരുക്കിയിരിക്കുന്നു. ഈ ലോകത്തിനു വെളിച്ചം പകരുവാനും ദൈവത്തിനുവേണ്ടി ലോകത്തെ വെട്ടിപ്പിടിക്കുവാനുമാണ് സഭ നിയുക്തമായിരിക്കുന്നത്. നാം ക്രിസ്തുവിൽ ഒന്നെങ്കിലും ഭിന്നിച്ചു നില്ക്കുന്നു. ഉന്നതവിളിക്കു യോഗ്യരെങ്കിലും അപകർഷബോധം നമ്മെ അലട്ടുന്നു. ശാസ്ത്ര സാങ്കേതിക വിദ്യകളുടെ വിഹായസ്സിൽ വിഹരിക്കുന്ന അത്യാധുനിക മനുഷ്യനോടു പറയുവാൻ സുവിശേഷത്തിനു സാധിക്കും. അനേക കണ്ടുപിടുത്തങ്ങൾ നടത്തിയ ലോകമനുഷ്യർ സമാധാനമില്ലാതെ പരതുകയാണ്. അവനു നൽകുവാൻ സുവിശേഷത്തിനു കഴിയും. സുവിശേഷത്തിനു മാത്രമേ കഴിയുകയുള്ളൂ. സുവിശേഷം കാലഹരണപ്പെട്ടിട്ടില്ല. അത് കാലോചിതം (relevant) തന്നെയാണ്. എന്നാൽ ഉച്ചഭാഷിണിയിലൂടെ ഉച്ചത്തിൽ ഉദ്ഘോഷിച്ചതുകൊണ്ടും, പുത്തൻശൈലി ആരാധനകളും പ്രസംഗങ്ങളും, അത്ഭുതങ്ങളും അടയാളങ്ങളും ഒന്നും തന്നെ ആധുനിക മനുഷ്യനെ ആകർഷിക്കുവാൻ പോകുന്നില്ല. അവർക്ക് സുവിശേഷം കാണിച്ചുകൊടുക്കണം. സുവിശേഷ ലോകത്തിലെ പൊരുത്തക്കേടുകൾ കേട്ടും കണ്ടും ലോകം വികർഷിച്ചിരിക്കുകയാണ്. അതുകൊണ്ട് അനേകർ അകന്നുപോയിക്കൊണ്ടിരിക്കുന്നു. വെളിച്ച ദൂതനാണോ ദൈവത്തിന്റെ പരിശുദ്ധാത്മാവാണോ ഒരു വ്യക്തിയെ ആരാധനയിൽ ആവേശം കൊള്ളിച്ച് മറിച്ചിടുകയും തുള്ളിച്ചാടുകയും കെട്ടിപ്പിടിക്കുകയും മറുഭാഷ സംസാരിപ്പിക്കുകയും ചെയ്യുന്നതെന്ന് തിരിച്ചറിയാൻ കഴിയാതായിരിക്കുന്നു. ഈ കാലഘട്ടത്തിൽ ദൈവവചനാടിസ്ഥാനത്തിൽ നമ്മുടെ വിശ്വാസത്തേയും, ശുശ്രൂഷകളേയും, ആരാധനകളേയും പ്രാർത്ഥനകളേയും പരിശോധിക്കേണ്ടതും വിലയിരുത്തേണ്ടതും അത്യാവശ്യമാണ്. വിശ്വാസികൾ വിശ്വാസ വീരന്മാരായിത്തീരണം. ജീവിത പോരാട്ടങ്ങളേയും സാത്താന്റെ തന്ത്രങ്ങളേയും അതിജീവിക്കാനുള്ള പരിശുദ്ധാത്മാവിന്റെ ശക്തിയുള്ളവരായിത്തീരണം. ദുരുപദേശങ്ങളെ തിരിച്ചറിയേണ്ടതും വളരെ അത്യാവശ്യമാണ്. നിരപ്പിന്റെ ശുശ്രൂഷ ചെയ്യുന്നവർക്ക് തമ്മിൽ തമ്മിൽ നിരപ്പില്ല. വിശുദ്ധി വിളംബരം ചെയ്യുന്നവർ അശുദ്ധിയുടെ വിളനിലങ്ങളായി മാറുന്നത് എത്ര കഷ്ടകരം. ഇങ്ങനെ എത്ര എത്ര പൊരുത്തക്കേടുകൾ കണ്ട് ജനം മടുത്തിരിക്കുകയാണ്. ഇന്ന് തെരുവുകൾതോറും മെത്രാന്മാരേയും പുരോഹിതന്മാരേയും പാസ്റ്ററന്മാരേയും അവഹേളിക്കുന്നു. വായിൽ തോന്നുന്നതെന്തും വിളിച്ചു പറയാൻ ലോകത്തിന്റെ മനുഷ്യർ ബദ്ധപ്പെടുന്നു. സഭയെ പീഡിപ്പിക്കാൻ തനിക്കു കിട്ടിയ ഈ സന്ദർഭം സാത്താൻ ശരിക്കും വിനിയോഗിക്കുകയാണ്. ഇതെല്ലാം കണ്ടുകൊണ്ട് വിശ്വാസികൾ മരവിച്ച മനസ്സുമായിട്ടാണ് പ്രശ്നങ്ങളെ നോക്കിക്കാണുന്നത്. തങ്ങളുടെ പൂർവ്വികർ പിടിയരി കൊടുത്തും കോഴിമുട്ട കൊടുത്തും കല്ലു ചുമന്നും പടുത്തുയർത്തിയ പള്ളികളും സ്ഥാപനങ്ങളും കൈവിട്ടു പോകുന്നത് കാണാൻ ആർക്കും താല്പര്യമില്ല. അവയെ സംരക്ഷിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിലും ഒരു ചോദ്യം അവരുടെ മനസ്സിൽ ഉയരുന്നു. ആർക്കുവേണ്ടി, എന്തിനുവേണ്ടി സമരം ചെയ്യണം? അഭിപ്രായ സ്വാതന്ത്ര്യം നഷ്ടപ്പെട്ട, നീതി നിഷേധിക്കപ്പെട്ട, അവഗണിക്കപ്പെട്ട ഒരു സമൂഹമായി അൽമേനികൾ മാറിയിരിക്കുന്നു. എന്തിനും ഏതിനും പണം മാത്രം മതിയെന്ന അവസ്ഥയിൽ സഭാധികാരികൾ മുന്നോട്ടു പോയപ്പോൾ സാധാരണക്കാരന്റെ മനസ്സിൽ ഒരു കാര്യം ഉറപ്പിക്കപ്പെട്ടു. എല്ലാവരും പണക്കൊതിയന്മാരാണ്. ഇന്ന് സമൂഹം മുഴുവൻ സഭാധികാരികൾക്കെതിരെ വിളിച്ചു പറയുന്നു. അവർ പണക്കൊതിയന്മാരാണ്. റ്റി.വി. ചാനലുകൾ വിളിച്ചു പറയുന്നു. വൈദികരും മെത്രാന്മാരും സുവിശേഷകരും പണത്തിനുവേണ്ടിയാണ് സ്ഥാപനങ്ങൾ നടത്തുന്നതെന്ന്. ആതുരശുശ്രൂഷയ്ക്കും വിദ്യാഭ്യാസ വളർച്ചക്കും വേണ്ടി സഭ തുടങ്ങിയ സ്ഥാപനങ്ങൾ ബ്ലേഡ് കമ്പനികളായി മാറിക്കഴിഞ്ഞിട്ട് കാലമേറെയായി. യേശുവിന്റെ സമർപ്പണവും പരസ്നേഹവും പങ്കുവെക്കുവാൻ ഇന്നു സഭയ്ക്ക് സാധിക്കുന്നില്ല. യേശുതന്നെയും, അനേകർക്കു നഷ്ടപ്പെട്ടതിനാൽ പലരും ലോകത്തിലെ മനുഷ്യരേക്കാൾ കഷ്ടമാണ്.

സഭ തെറ്റുതിരുത്തണം, കർത്താവായ യേശുവിലേക്ക് തിരികെ വരണം. ദൈവവചനത്തിനു നിരക്കാത്ത രീതിയിൽ അന്യമതങ്ങളെ അനുകരിക്കാൻ പോയതും അവയിലെ മാലിന്യങ്ങൾ ക്രിസ്തീയ വിശ്വാസത്തിൽ കൂട്ടിച്ചേർത്തതും സഭ ആക്രമിക്കപ്പെടാൻ കാരണമാണ്. ഹൈക്കോടതിയോ സുപ്രീം കോടതിയോ ഇപ്പോൾ സഭയ്ക്ക് അനുകൂലമായി വിധി പ്രസ്താവിച്ചാലും ഒരു പ്രയോജനവുമില്ല.

സഭ തിന്മയെ തിരിച്ചറിഞ്ഞ് അതിനെ ചെറുക്കാനും ദാസന്റെ മനോഭാവത്തിലേക്ക് ഇറങ്ങി വരാനും തയ്യാറാവണം. ദൈവവചനത്തിന് അനുസരിച്ചു ജീവിക്കാൻ ഓരോരുത്തരും തയ്യാറാകണം. അന്യമത സംസ്കാരങ്ങൾ ഉപേക്ഷിച്ച് ക്രിസ്തീയ സംസ്കാരത്തിൽ സഭയെ വളർത്താൻ സഭാധികാരികൾ രംഗത്ത് വരണം. സഭയെ വിശുദ്ധീകരിക്കുക. കർത്താവ് തന്റെ സർവ്വശക്തിയോടുകൂടെ വീണ്ടും വരും. ശത്രുക്കളെ ചിതറിയും സഭ തെറ്റു തിരുത്തിയാൽ സ്വർഗ്ഗം ഏറ്റവും വലിയ സംരക്ഷണം നൽകും.

അധികാരമോഹം, സ്ഥാനമാനങ്ങൾ. ദ്രവ്യാഗ്രഹം, ഭൗതിക നന്മകൾക്കുവേണ്ടി വിശ്വാസം ഉപേക്ഷിക്കൽ, ആഡംബര ജീവിതം ഇവ ഒക്കെയും ഉപേക്ഷിച്ച് ഒന്നാം നൂറ്റാണ്ടിലെ വിശ്വാസികളെപോലെ പിതാവായ ദൈവത്തിലും പുത്രനായ ക്രിസ്തുവിലും പരിശുദ്ധാത്മാവിലും വിശ്വസിച്ച് പാപമോചനം ലഭിച്ചവരും നിത്യജീവന്റെ പ്രത്യാശയുള്ളവരും ഒരു വിശ്വാസി മറ്റൊരു വിശ്വാസിയെ എഴുന്നേൽപ്പിക്കുകയും ഉറപ്പിക്കുകയും ചെയ്യുന്ന വിധത്തിൽ ജീവിച്ചതുപോലെ ലോകത്തിന്റെ മുമ്പിൽ ജീവിച്ചു കാണിച്ച് ക്രിസ്തുവിനുവേണ്ടി ജനത്തെ ഒരുക്കുന്നവരായി തീരണം. അങ്ങനെ ദൈവരാജ്യത്തിന്റെ അനുഭവങ്ങളായ നീതി, സമാധാനം, സന്തോഷം എന്നിവ നിലനില്ക്കുന്ന ഒരു സമൂഹത്തെ വാർത്തെടുക്കുവാൻ നമുക്ക് കൂട്ടായി ശ്രമിക്കാം. അങ്ങനെ സുവിശേഷവേലയിൽ ഫലകരമായി പങ്കുചേരുവാൻ ദൈവം കൃപ ചെയ്യട്ടെ.

എന്ന്

നിങ്ങളുടെ പ്രിയ റോയി അച്ചൻ

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



**ഓരോ ആരാധനാവർഷവും ക്രിസ്തുവിന്റെ രക്ഷാകരമായ ജീവിതവും ശുശ്രൂഷയും നമുക്ക് വീണ്ടും അനുഭവിക്കാനുള്ള അവസരമാണ്. ആരാധനാവർഷം പുതുതാകുമ്പോൾ നമ്മുടെ വിശ്വാസജീവിതവും പുതുതാകണം. അതുകൊണ്ട് കൂദോശ് ഈത്തോയിൽ നാം ഓരോരുത്തരും സ്വയം ചോദിക്കണം. "ഈ പുതിയ ആരാധനാവർഷത്തിൽ എന്റെ ജീവിതത്തിൽ എന്താണ് വിശുദ്ധീകരിക്കപ്പെടേണ്ടത്?"**

ഈ വർഷത്തിന്റെ ഭൂരിഭാഗം ദിനങ്ങളും നമ്മെ വിട്ടുപോയിരിക്കുന്നു. വിശുദ്ധന്മാരെ അനുസ്മരിക്കാനും, സഭയുടെ പാരമ്പര്യം പുതുതലമുറയിലേക്ക് കൈമാറാനും, നമ്മുടെ കുഞ്ഞുങ്ങളുടെ വിശ്വാസജീവിതത്തെ ശക്തിപ്പെടുത്താനും നിരവധി അവസരങ്ങളാണ് തുടർന്നുള്ള ഏതാനും ദിനങ്ങൾ നമുക്ക് നല്കുന്ന ആഹ്വാനം.

നവംബർ മാസത്തിലെ ആദ്യ ഞായറാഴ്ച നവംബർ 1-ന് കൂദോശ് ഈത്തോ ഞായറാഴ്ചയോടെയാണ് നമ്മുടെ സഭയുടെ ആരാധനാവർഷത്തിന് ആരംഭം കുറിക്കുന്നത്. 'കൂദോശ് ഈത്തോ' എന്നതിന്റെ അർത്ഥം 'സഭയുടെ വിശുദ്ധീകരണം' എന്നതാണ്. അതുകൊണ്ടുതന്നെ ഇത് ആരാധനാവർഷത്തിന് ആരംഭം മാത്രമല്ല; സഭാമക്കളായ ഓരോരുത്തരും ദൈവസന്നിധിയിൽ സ്വയം പുതുക്കപ്പെടാനും വിശുദ്ധീകരിക്കപ്പെടാനും സഭ നൽകുന്ന ആത്മീയ ആഹ്വാനം കൂടിയാണ്. സഭയുടെ വിശുദ്ധീകരണം എന്നു പറയുമ്പോൾ സഭാമക്കളായ നമ്മുടെ ജീവിതം വിശുദ്ധീകരിക്കപ്പെടണം എന്നതാണ് ഈ ദിനത്തിന്റെ ആഴത്തിലുള്ള സന്ദേശം. "നിങ്ങളെ വിളിച്ച വിശുദ്ധന് ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ" (1. പത്രോസ് 11:15) എന്ന വചനം ഈ ദിനത്തിന്റെ ആത്മീയ സന്ദേശത്തെ വ്യക്തമാക്കുന്നു. ഓരോ ആരാധനാവർഷവും ക്രിസ്തുവിന്റെ രക്ഷാകരമായ ജീവിതവും ശുശ്രൂഷയും നമുക്ക് വീണ്ടും അനുഭവിക്കാനുള്ള അവസരമാണ്. ആരാധനാവർഷം പുതുതാകുമ്പോൾ നമ്മുടെ വിശ്വാസജീവിതവും പുതുതാകണം. അതുകൊണ്ട് കൂദോശ് ഈത്തോയിൽ നാം ഓരോരുത്തരും സ്വയം ചോദിക്കണം. "ഈ പുതിയ ആരാധനാവർഷത്തിൽ എന്റെ ജീവിതത്തിൽ എന്താണ് വിശുദ്ധീകരിക്കപ്പെടേണ്ടത്?" ഈ ദിനത്തിലെ ശുശ്രൂഷകളിൽ ആത്മാർത്ഥമായി പങ്കെടുത്ത്, പുതിയ ആരാധനാവർഷം വിശ്വാസത്തിന്റെ പുതുക്കത്തോടും വിശുദ്ധീകരണത്തിന്റെ തീരുമാനത്തോടും കൂടി ആരംഭിക്കുവാൻ എല്ലാവർക്കും സാധിക്കട്ടെ.

കൂദോശ് ഈത്തോ നമ്മോട് ഉന്നയിക്കുന്ന ഈ ആഹ്വാനത്തിന് ഒരു ജീവിക്കുന്ന സാക്ഷ്യമായി നവംബർ 2-ന് നാം പരിശുദ്ധ പരുമല തിരുമേനിയുടെ പെരുന്നാൾ ആചരിക്കും. വിശുദ്ധി ഒരു ആശയം മാത്രമല്ല; അത് ജീവിതത്തിൽ പ്രകടമാകേണ്ട യാഥാർത്ഥ്യമാണ്. പരിശുദ്ധ പരുമല തിരുമേനിയുടെ ജീവിതം പ്രാർത്ഥനയിലും സ്നേഹത്തിലും കരുണയിലും ത്യാഗത്തിലും സേവനത്തിലും ക്രിസ്തുവിനെ സാക്ഷീകരിച്ച ജീവിതമായിരുന്നു. അദ്ദേഹത്തിന്റെ പെരുന്നാൾ ആചരിക്കുമ്പോൾ നാം ഒരു വിശുദ്ധ പിതാവിനെ ഓർക്കുക മാത്രമല്ല, വിശുദ്ധിയിലേക്കുള്ള നമ്മുടെ സ്വന്തം വിളി വീണ്ടും കേൾക്കുകയും ചെയ്യുന്നു. "നിങ്ങളുടെ വെളിച്ചം മനുഷ്യരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ. 5:16) എന്ന കർത്താവിന്റെ വാക്ക് ഓരോ വിശ്വാസിയുടെയും ജീവിതത്തിനുള്ള വിളിയാണ്. പെരുന്നാൾ നമ്മുടെ ആരാധനയെ ഉണർത്തുകയും, ആ ആരാധന നമ്മുടെ ജീവിതത്തെ നവീകരിക്കുകയും ചെയ്യട്ടെ. പെരുന്നാൾ പള്ളിയിൽ അവസാനിക്കാതെ നമ്മുടെ കുടുംബങ്ങളിലേക്കും, സമൂഹത്തിലേക്കും, ജീവിതത്തിലേക്കും കടന്നുവരട്ടെ. പരിശുദ്ധന്റെ പെരുന്നാളിന്റെ എല്ലാ അനുഗ്രഹങ്ങളും എല്ലാവർക്കും ആശംസിക്കുന്നു.

നവംബർ 14 ശിശുദിനമാണ്. ഈ ദിനം നമ്മുടെ കുഞ്ഞുങ്ങളെക്കുറിച്ച് സഭയായി, ഗൗരവമായി ചിന്തിക്കാനുള്ള അവസരമാണ്. പ്രത്യേകിച്ച് നമ്മുടെ സൺഡേസ്കൂൾ സമാജം നടത്തുന്ന ശുശ്രൂഷയുടെ പ്രാധാന്യം ഈ അവസരത്തിൽ ഓർമ്മിക്കേണ്ടതാണ്. യേശു പറഞ്ഞു: "ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ അനുവദിപ്പിൻ; അവരെ തടയരുത്"

(മർക്കോ.10:14). കുട്ടികൾ സഭയുടെ നാളെയല്ല; അവർ ഇന്നത്തെ സഭയുടെ ഭാഗമാണ്. അവരുടെ ഹൃദയങ്ങളിൽ ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ വിത്തുകൾ നാം ഇന്ന് വിതയ്ക്കുകയാണ്. സൺഡേസ്കൂളിൽ കുട്ടികൾ വചനം കേൾക്കുകയും, പഠിക്കുകയും മാത്രമല്ല, പ്രാർത്ഥിക്കാനും, വിശുദ്ധ കുർബ്ബാനയുടെ ആത്മീയത മനസ്സിലാക്കാനും, സഭയെ സ്നേഹിക്കാനും, മറ്റുള്ളവരെ സേവിക്കാനും, ക്രിസ്തീയ ജീവിതം പ്രാവർത്തികമാക്കാനും പഠിക്കുന്ന ഇട മാകണം. ഈ ഉദ്യമത്തിൽ മാതാപിതാക്കൾക്കും വലിയ ഉത്തരവാദിത്വമുണ്ട്. കുട്ടികളെ സൺഡേ സ്കൂളിലേക്ക് അയ യ്ക്കുന്നതുകൊണ്ട് മാത്രം നമ്മുടെ കടമ അവസാനിക്കുന്നി ല്ല, ഭവനം തന്നെ കുട്ടിയുടെ ആദ്യത്തെ സൺഡേസ്കൂൾ ആകണം; മാതാപിതാക്കളുടെ ജീവിതം കുട്ടിയുടെ ആദ്യത്തെ വിശ്വാസപാഠപുസ്തകവുമാകണം. നമ്മുടെ കുട്ടി കളുടെ വിശ്വാസപരിശീലനത്തിനായി പ്രവർത്തിക്കുന്ന എല്ലാ സൺഡേസ്കൂൾ അദ്ധ്യാപകർക്കും, ഭാരവാഹികൾക്കും പ്ര ത്യേകം നന്ദി അറിയിക്കുന്നു. അവരുടെ ശുശ്രൂഷയെ സഭ വിലമതിക്കുകയും ചെയ്യട്ടെ.

സെപ്റ്റംബർ 29, 30 തീയതികളിൽ ചിങ്ങവനം ദയറാ പള്ളിയിൽ കബറടങ്ങിയിരിക്കുന്ന പുണ്യശ്ലോകനായ ഏബ്രഹാം മോർ ക്ലീമീസ് വലിയ മെത്രാപ്പോലീത്തായുടെ 24-ാ മത് ശ്രാദ്ധപ്പെരുന്നാൾ ഏറ്റവും അനുഗ്രഹകരമായി കൊണ്ടാടുവാൻ സാധിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തു ന്നു. നമ്മുടെ മുൻഗാമികളായ പുണ്യപിതാക്കന്മാരുടെ ജീവിതം ഓർക്കുമ്പോൾ, അവർ കൈമാറിയ വിശ്വാസ ത്തിന്റെ ഉത്തരവാദിത്വം നമുക്കും ഏറ്റെടുക്കേണ്ടതുണ്ട്. "നിങ്ങളോട് ദൈവവചനം പ്രസംഗിച്ചു നിങ്ങളെ നടത്തിയ വരെ ഓർത്തുകൊള്ളുവിൻ; അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ" (എബ്രാ. 13:7) ഈ ശ്രാദ്ധപ്പെരുന്നാൾ നമ്മുടെ വിശ്വാസ പാരമ്പര്യത്തെ പുതുക്കി സ്വീകരിക്കുന്ന ഒരു ആത്മീയ അവസരമായി മാറിയല്ലോ. ഈ പെരുന്നാളിന്റെ അനുഗ്രഹത്തിനായി പ്രവർത്തിച്ച ഇടവകയുടെ വികാരി, മാനേജിംഗ് കമ്മിറ്റി അംഗ ങ്ങൾ, സംഘാടകർ, വിശ്വാസികൾ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു.

കഴിഞ്ഞ ദിവസങ്ങളിൽ ഓസ്ട്രേലിയായിലെ Adelaide സെന്റ് മേരീസ് ക്നാനായ ഇടവകയിലും, ന്യൂസിലാൻഡിലെ Auckland സെന്റ് മേരീസ് ക്നാനായ ഇടവകയുടെ പത്താ മത് പെരുന്നാളിലും, വാർഷിക സമ്മേളനത്തിലും പങ്കെടു ക്കുവാൻ സാധിച്ചത് ഏറെ സന്തോഷകരമായ അനുഭവമാ യിരുന്നു. ആയിരക്കണക്കിന് കിലോമീറ്ററുകൾ അകലെ ജീവിച്ചാലും ക്രിസ്തുവിലുള്ള വിശ്വാസവും, നമ്മുടെ തന തായ പാരമ്പര്യവും, ആചാരങ്ങളും നമ്മെ ഒരേ കുടുംബ മായി നിലനിർത്തുന്നു. നമ്മുടെ ക്നാനായ മക്കൾ കുടിയേ റിയ രാജ്യങ്ങളിലും, പുതിയ സാഹചര്യങ്ങളിലും നമ്മുടെ വിശ്വാസവും, ആരാധനാപാരമ്പര്യവും, കുടുംബ ബന്ധ ങ്ങളും അടുത്ത തലമുറയിലേക്ക് കൈമാറാൻ നടത്തുന്ന പരിശ്രമം സന്തോഷകരമാണ്. സമുദായ മെത്രാപ്പോലീത്ത എന്ന നിലയിൽ എന്നെ അവിടെ സ്നേഹപൂർവ്വം സ്വീകരി ക്കുകയും, പരിപാടികൾ മനോഹരമായി ക്രമീകരിക്കുകയും ചെയ്ത വികാരിമാർക്കും, മാനേജിംഗ് കമ്മിറ്റി അംഗ ങ്ങൾക്കും, വിവിധ സംഘടനകളുടെ ഭാരവാഹികൾക്കും, എല്ലാ പ്രിയപ്പെട്ടവർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയി ക്കുന്നു.

നമ്മുടെ ജീവിതത്തിലെ തുടർന്നുള്ള ദിനങ്ങൾ നമ്മെ ഒരേ ആത്മീയ സന്ദേശത്തിലേക്കാണ് നയിക്കുന്നത്. വിശു ദ്ധീകരിക്കപ്പെടുക, വിശ്വാസത്തിൽ വളരുക, ക്രിസ്തുവിനെ ജീവിതത്തിൽ സാക്ഷീകരിക്കുക എന്നതിലേക്ക് തന്നെ. യേശു പറഞ്ഞു. "നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു" (മത്താ. 5:13). ഉപ്പിന്റെ മൂല്യം അത് സ്വയം വേറിട്ടുനിൽക്കുന്നതിലല്ല; അത് ചേരുന്നിടത്ത് രുചിയും, മാറ്റവും സൃഷ്ടിക്കുന്നതിലാ ണ്. അതുപോലെ, ക്രിസ്തുവിനെ സ്വീകരിച്ച നമ്മുടെ ജീവി തവും, കുടുംബത്തിലും, സഭയിലും, സമൂഹത്തിലും, സ്നേഹത്തിന്റെയും, സമാധാനത്തിന്റെയും, കരുണയുടെയും, സത്യത്തിന്റെയും, പ്രത്യാശയുടെയും സാന്നിധ്യമായി മാറ ണം.

കൂദോശ് ഈത്തോ നമ്മെ വിശുദ്ധീകരണത്തിലേക്ക് വിളി ക്കട്ടെ; നമ്മുടെ കുഞ്ഞുങ്ങൾ വിശ്വാസത്തിൽ വളരട്ടെ; നമ്മുടെ പിതാക്കന്മാർ കൈമാറിയ വിശ്വാസപാരമ്പര്യം അടുത്ത തലമുറയിലേക്ക് സുരക്ഷിതമായി കൈമാറപ്പെടട്ടെ; ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള നമ്മുടെ ഇടവകകൾ ഒരേ വിശ്വാസകുടുംബമായി വളരട്ടെ.

നമ്മുടെ ജീവിതം ക്രിസ്തുവിന്റെ സ്നേഹത്തിന്റെ രുചി പകരുന്ന ഉപ്പായും, ക്രിസ്തുവിന്റെ വെളിച്ചം പ്രതിഫലിപ്പി ക്കുന്ന സാക്ഷ്യമായും മാറട്ടെ.

കർത്തൃ ശുശ്രൂഷയിൽ
**മോർ സേവേറിയോസ് കുറിയാക്കോസ്**
**ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത**

## ക്നാനായദീപം അറിയിപ്പുകൾ

ക്നാനായദീപത്തിന്റെ വരിസംഖ്യ കുടിശിഖയായി ധാരാളം പൈസ കിട്ടാനുണ്ട്. നേരത്തേപോലെ കളക്ഷൻ ഏജന്റുമാർ ഇല്ല. ആയതിനാൽ എല്ലാവരും ദയവായി ദീപം ഓഫീസിൽ വിളിച്ചോ **8547584440** എന്ന നമ്പറിൽ WhatsApp ചെയ്താൽ കുടിശിഖ അടക്കുവാൻ സാധിക്കും.

**പരസ്യചാർജ്ജുകളും, വരിസംഖ്യയും അടയ്ക്കുന്നതിന്**

**Knanayadeepam Bank Details**

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യുആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

SCAN & PAY

A/c No: 57004254154
Chief Editor & Mg. Editor,
Knanaya Deepam
SBI, Chingavanam,
IFSC SBIN0070128

M/S Knanaya Deepam
A/c No: 12990200001178
Federal Bank,
Chingavanam
IFSC FDRL0001299

E-mail: kna.deepam@gmail.com,
Whats App No. 8547584440

ക്നാനായദീപം മാസികയ്ക്കുവേണ്ടി റാന്നി, കല്ലിശ്ശേരി, ചിങ്ങവനം മേഖലകളിൽ കമ്മീഷൻ വ്യവസ്ഥയിൽ കളക്ഷൻ ഏജന്റുമാരെ ആവശ്യമുണ്ട്. താല്പര്യമുള്ള വർ ക്നാനായ ദീപം ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. ജേക്കബ് കല്ലുകുളം,**
**(മാനേജിംഗ് എഡിറ്റർ)**
Mob. 8547584440, 9447563240

# സമുദായ വാർത്തകൾ



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ടവരെ,

സമുദായത്തിലെ വൈദികരുടെ കുറവ് എല്ലാവർക്കും അറിവുള്ളതാണല്ലോ. ഇങ്ങനെ ഉണ്ടാകുവാനുള്ള സാഹചര്യം, യാക്കോബായ സഭയിലെ വൈദികർ നമ്മുടെ ക്നാനായ സമുദായ ദൈവാലയങ്ങളിൽ വിശുദ്ധബലി അർപ്പിച്ചുകൊണ്ടിരുന്നുവെങ്കിലും, ഈ അടുത്ത സമയത്ത് യാക്കോബായ മെത്രാച്ചന്മാരുടെ ഇടപെടൽ മൂലം അവരെ തിരിച്ചുവിളിക്കുകയുണ്ടായി. കൂടാതെ, ക്നാനായ സമുദായത്തിലെ ചില വൈദികർ സമുദായ മെത്രാപ്പോലീത്തായുടെ കല്പന അനുസരിക്കാതെ മാറി നിൽക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ പള്ളികൾ മുടങ്ങുന്ന അവസ്ഥ സംജാതമായിരിക്കുകയാണ്. ഈ അവസരത്തിൽ സമുദായത്തിലെ വൈദികരുടെ ആലോചനയോടുകൂടി ക്നാനായ കമ്മിറ്റി ഈ കാര്യത്തിന് ഒരു പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടി ആലോചിച്ചു. ഈ പ്രതിസന്ധിഘട്ടത്തിൽ ദൈവവിളിയുള്ളവരും വിദ്യാഭ്യാസമുള്ളവരുമായ മുതിർന്ന ആളുകളെ കണ്ടെത്തി, അവർക്ക് പട്ടം കൊടുത്ത് വൈദികരുടെ കുറവ് പരിഹരിക്കുന്നതിനുവേണ്ടി ആലോചിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ അതിനൊരു ബൈലോ തയ്യാറാക്കുന്നതിന് ക്നാനായ മാനേജിംഗ് കമ്മിറ്റിയിലെ മൂന്ന് വൈദികശ്രേഷ്ഠരെ ചുമതലപ്പെടുത്തുകയും ചെയ്തു. അവരുടെ നേതൃത്വത്തിൽ ഒരു ബൈലോ തയ്യാറാക്കി കമ്മിറ്റിയിൽ അവതരിപ്പിക്കുകയും, കമ്മിറ്റി അത് പാസ്സാക്കുകയും ചെയ്തു. അതിനുശേഷം സമുദായ മെത്രാപ്പോലീത്തായെ കാണിച്ച് അപ്രൂവൽ വാങ്ങിയ ശേഷമാണ് അസ്സോസിയേഷനിൽ അവതരിപ്പിച്ചത്. എന്നാൽ ചിലർ ഇത് സമുദായ സെക്രട്ടറി സ്വന്തം ഇഷ്ടപ്രകാരം കൊണ്ടുവന്നതാണെന്ന രീതിയിൽ കുറ്റപ്പെടുത്തുന്നത് ഖേദകരമാണ്. ഈ കാര്യം സമുദായ മെത്രാപ്പോലീത്താ കല്ലിശ്ശേരി ദൈവാലയത്തിലും കുറിച്ചി ദൈവാലയത്തിലും വിവരിച്ചതാണ്. എന്നിട്ടും കുറ്റപ്പെടുത്തലുകൾ തുടരുകയാണ്. ഇങ്ങനെ കുറ്റപ്പെടുത്തുന്നവർ വേറെ എന്താണ് ഇതിനൊരു പ്രതിവിധി എന്ന്കൂടി പറഞ്ഞു തരുന്നത് നല്ലതായിരിക്കും. ഉടനെ പരിഹരിക്കേണ്ട സാഹചര്യങ്ങളിൽ ഇങ്ങനെയുള്ള തീരുമാനങ്ങൾ എടുക്കേണ്ടിവരും. ഇത് സമുദായത്തിലെ ദൈവാലയങ്ങൾ അടഞ്ഞുകിടക്കാതിക്കാൻ വേണ്ടിയാണെന്ന് സമുദായ അംഗങ്ങൾ മനസ്സിലാക്കണം. ഇത് ആത്മീയ കാര്യമാണ്. ഭരണഘടനയിൽ ഇല്ലാത്ത ഒരു സംഗതി അസ്സോസിയേഷനിൽ പാസ്സാക്കുക മാത്രമാണ് കമ്മിറ്റി ചെയ്തത്. ഇനിയുള്ള കാര്യങ്ങളിൽ സമുദായ മെത്രാപ്പോലീത്തായും വൈദിക കൗൺസിലും വൈദികയോഗവും തീരുമാനിക്കട്ടെ. കുറിച്ചി പള്ളിയിലെ തോമസ് ജേക്കബ്, സമുദായ മെത്രാപ്പോലീത്തായ്ക്കെതിരെ ചങ്ങനാശ്ശേരി മുൻസിഫ്കോടതിയിൽ ഫയൽ ചെയ്ത O S നമ്പർ 28/2025 എന്ന കേസ് കോടതി തള്ളിക്കളഞ്ഞ് ഉത്തരവായിരിക്കുന്ന വിവരം അറിയിക്കട്ടെ. "അതുപോലെതന്നെ സമുദായ മെത്രാപ്പോലീത്തായുടെ നടപടിക്ക് എതിരെയുള്ളതും കല്ലിശ്ശേരി പള്ളിക്കെതിരെയുള്ളതുമായ ചെങ്ങന്നൂർ മുൻസിഫ് കോടതിയിലെ CMA 2/2026 എന്ന കേസ് കോടതി തള്ളിക്കളഞ്ഞ് ഉത്തരവായ വിവരവും അറിയിക്കുന്നു." കഴിഞ്ഞ ക്നാനായ അസ്സോസിയേഷൻ മുമ്പ് സമാധാന ക്രമങ്ങൾക്കുവേണ്ടി നിയോഗിച്ച സമുദായത്തിലെ 10 വൈദികർ, സഹായമെത്രാപ്പോലീത്തന്മാരുടെ വിഷയങ്ങൾ തീർക്കുന്നതിനുവേണ്ടി ക്നാനായ കമ്മിറ്റിയുമായി ചർച്ചകൾ നടത്തുകയുണ്ടായി. വീണ്ടും വൈദികരുടെ യോഗം കൂടി, സമുദായ മെത്രാപ്പോലീത്തായുമായി ചർച്ചകൾ നടത്തിയതിനു ശേഷം കമ്മിറ്റിയുമായി ചർച്ച നടത്താം എന്നാണ് അന്ന് അറിയിച്ചിരുന്നത്. സമുദായത്തിലെ വിഷയങ്ങൾ തീരുന്നതിൽ കമ്മിറ്റിക്ക് സന്തോഷമേയുള്ളൂ. അത് ഭരണഘടനയ്ക്കുള്ളിൽ നിന്നുകൊണ്ടും സമുദായത്തിന്റെ നിലനിൽപ്പിനെ ബാധിക്കാതെയും വേണം എന്ന് മാത്രമാണ് ഞങ്ങളുടെ അഭിപ്രായം. എന്നാൽ ക്നാനായ കമ്മിറ്റിയും സമുദായ സെക്രട്ടറിയും സമാധാന ചർച്ചകൾക്ക് എതിരാണെന്ന രീതിയിൽ സോഷ്യൽ മീഡിയയിൽ ചിലർ കുപ്രചരണം നടത്തിക്കൊണ്ടിരിക്കുകയാണ്. അത് യാഥാർത്ഥ്യങ്ങൾക്ക് നിരക്കാത്തതിനാൽ അതിനെ ഞങ്ങൾ തള്ളിക്കളയുന്നു എന്ന് അറിയിക്കട്ടെ. ക്നാനായ സമുദായത്തിലെ വിഷയങ്ങൾ തീരുന്നതിന് ക്നാനായ കമ്മിറ്റി എന്നും മുൻപന്തിയിൽ ഉണ്ടായിരിക്കും എന്ന് സമുദായ അംഗങ്ങളെ അറിയിക്കട്ടെ. "ക്നാനായ സമുദായത്തിലെ ഭവനരഹിതർക്കുവേണ്ടി റാന്നി മോതിരവയലിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന 'ഏഴില്ലം' പ്രോജക്റ്റിലെ അഞ്ച് ഭവനങ്ങളുടെ നിർമ്മാണം ഏതാണ്ട് പൂർത്തിയായിരിക്കുകയാണ്. ഭവനരഹിതകർക്ക് അവ കൈമാറുന്നതിനുള്ള അവസാനഘട്ട ശ്രമങ്ങളിലാണ് ക്നാനായ സമുദായം. ഇതുമായി ബന്ധപ്പെട്ട് ഭവന നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനായി ക്നാനായ സമുദായ വികാരി ജനറാൾ റവ.ഫാ.വി.എ. ഏബ്രഹാം ഇള

യശ്ശേരിൽ, സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ട്രസ്റ്റി റ്റി.സി. തോമസ് തോപ്പിൽ, ക്നാനായ കമ്മിറ്റി അംഗങ്ങളായ ലിനു വരാത്ര, ജോബി കാരിക്കോട്ട്, ഫാർമസി കോളേജ് മാനേജർ സണ്ണി എടയാടിയിൽ, ആശ്രമം സെക്രട്ടറി ബാബു തേക്കാട്ടിൽ, ആശ്രമം കമ്മിറ്റി അംഗം മോനായി ചെറുകരേത്ത്, അസ്സോസിയേഷൻ അംഗം അജു വളഞ്ഞൻതുരുത്തി എന്നിവർ പ്രൊജക്ട് പ്രദേശം സന്ദർശിച്ചു. എത്രയും പെട്ടെന്ന് ചുറ്റുമതിലുകൾ കൂടി കെട്ടി ഭംഗിയാക്കി ഭവനങ്ങൾ ഉടൻ തന്നെ അർഹരായവർക്ക് കൈമാറാനുള്ള തയ്യാറെടുപ്പിലാണ് കമ്മിറ്റി. അമേരിക്കയിലെ ലോങ്ങ് ഐലൻഡ് സെന്റ് ജോസഫ് ദൈവാലയത്തിലെ ഒരു വ്യക്തി, സേവേറിയോസ് ഹൗസിംഗ് പ്രോജക്ടിനുവേണ്ടി ഒരു ലക്ഷം രൂപ, സമുദായ മെത്രാപ്പോലീത്തയും സമുദായ സെക്രട്ടറിയും അമേരിക്ക സന്ദർശിച്ച അവസരത്തിൽ സംഭാവന ചെയ്തിരുന്നു. വീണ്ടും, പേരു വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത ഒരു സമുദായ സ്നേഹി ഒരു ലക്ഷം രൂപ കൂടി ഭവനരഹിതർക്കായി നിർമ്മിക്കുന്ന ഹൗസിംഗ് പ്രൊജക്ടിന് സംഭാവന നൽകിയെന്ന സന്തോഷം കൂടി അറിയിക്കട്ടെ. എന്ത് വ്യക്തിവൈരാഗ്യം ഉണ്ടെങ്കിലും ക്നാനായ സമുദായത്തിന്റെ വികസന പ്രവർത്തനങ്ങളെ പിന്നോട്ട് വലിക്കരുത്; അത് തലമുറകളോട് ചെയ്യുന്ന അപരാധമാണ്. കഴിഞ്ഞ അസ്സോസിയേഷനിൽ സമുദായത്തിനെതിരെ പ്രവർത്തിക്കുന്നവരെ വ്യക്തമായി തിരിച്ചറിയാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. സമുദായത്തിന്റെ പുരോഗതി ആഗ്രഹിക്കാത്ത ചിലരുടെ ഇടപെടലുകൾ താഴെപ്പറയുന്ന ഉദാഹരണങ്ങളിൽനിന്ന് വ്യക്തമാണ്.

**1. എഡേസ്സാ തോട്ടം:** അവിടെ പതിനായിരം മരം നടത്തുന്നതിന് 50 ലക്ഷം രൂപ ആകുന്ന സ്ഥാനത്ത്, 15 ലക്ഷം രൂപയ്ക്ക് റബ്ബർ തൈ നട്ട് വളർത്തുന്നു. എന്നാൽ, "വളർന്നു നിൽക്കുന്ന റബ്ബർ മരങ്ങൾ വെച്ചത് ശരിയല്ല, അത് പിഴുതു മാറ്റി പുതിയ റബ്ബർ തൈകൾ നടണം" എന്ന് വാദിക്കുന്നവർ സമുദായത്തിന്റെ നന്മയാണോ ലക്ഷ്യമിടുന്നത്?

**2. കുല്പ്പമല തോട്ടം:** മുൻ ഭരണസമിതിക്കാർ കുൽപ്പമല തോട്ടത്തിലെ തരിശുസ്ഥലത്തുനിന്ന് വെട്ടുകല്ല് വെട്ടി വിറ്റ് പണം വാങ്ങി, പിന്നീട് അത് അസ്സോസിയേഷനിൽ പാസ്സാക്കി ബജറ്റിലും ഉൾപ്പെടുത്തി. എന്നാൽ ഇപ്പോഴത്തെ കമ്മിറ്റി സമുദായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി തരിശുസ്ഥലത്തുനിന്ന് വെട്ടുകല്ല് വെട്ടുന്നത് വലിയൊരു അപരാധമാക്കി മാറ്റി, കോടതി ഒബ്സർവറെ വരെ കൊണ്ടുവന്ന ആ പ്രവർത്തനം തടയുകയാണ് ചെയ്തത്!

**3. തോട്ടയ്ക്കാട്ട് കോളേജ്:** കോളേജ് നിർമ്മിക്കുന്നതിനുവേണ്ടിയാണ് സ്ഥലം വാങ്ങിയതും കെട്ടിടം പണിതുകൊണ്ടിരിക്കുന്നതും എന്നാൽ, അവിടെ കോളേജ് തുടങ്ങാതിരിക്കാൻ സർവ്വ സന്നാഹങ്ങളുമായി ചിലർ വ്യാജ പ്രചരണങ്ങൾ അഴിച്ചുവിട്ടു. സമുദായ അംഗങ്ങളെയും മറ്റുള്ളവരെയും തെറ്റിദ്ധരിപ്പിച്ച് കമ്മിറ്റിയെ നിർജ്ജീവമാക്കാനും, വലിയൊരു വിദ്യാഭ്യാസ സംരംഭത്തെ ഇല്ലാതാക്കാനുമാണ് ഇവർ ശ്രമിക്കുന്നത്.

**4. വൈദികരുടെ കുറവ് പരിഹരിക്കാനുള്ള ശ്രമങ്ങൾ:** സമുദായത്തിൽ വൈദികരുടെ കുറവുണ്ടെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അത് പരിഹരിക്കാൻ സമുദായ മെത്രാപ്പോലീത്തായുടെ നിർദ്ദേശ പ്രകാരം കൊണ്ടുവന്ന പദ്ധതിയെ തകർക്കാൻ ഇവർ വ്യാജപ്രചാരണങ്ങൾ നടത്തി. സമുദായത്തിലെ ദൈവാലയങ്ങളിൽ കുർബ്ബാന മുടക്കാനുള്ള സാഹചര്യങ്ങൾ ബോധപൂർവ്വം സൃഷ്ടിക്കുകയാണ് ചിലർ ചെയ്യുന്നത്.

**5. കേസുകൾ അട്ടിമറിക്കാനുള്ള ശ്രമങ്ങൾ:** നല്ല രീതിയിൽ നടന്നുകൊണ്ടിരിക്കുന്ന കേസുകളെക്കുറിച്ച് ദുഷ്പ്രചരണങ്ങൾ നടത്തി കേസ് നടത്തുന്നവരുടെ മനോവീര്യം തകർത്ത് അവരെ പിന്തിരിപ്പിക്കാൻ നോക്കുന്നു. ഉദ്ദേശം വ്യക്തം, ഒരേയൊരു ലക്ഷ്യം, സമുദായം നല്ല രീതിയിൽ മുന്നോട്ടു പോകരുത് എന്നത് മാത്രമാണ്. വികസന പ്രവർത്തനങ്ങളെ പിന്നോട്ടു വലിച്ച്, സമുദായത്തെ വലിയ പ്രതിസന്ധിയിലാക്കി, സ്വന്തം കാര്യസാധ്യത്തിനായി കുപ്രചരണങ്ങൾ നടത്തുന്ന ഇത്തരക്കാരെ സമുദായ അംഗങ്ങൾ തിരിച്ചറിയണം. എന്തു വികസനപ്രവർത്തനം നടത്തുന്നതും സ്വത്തുക്കൾ സംരക്ഷിക്കുന്നതും സമുദായത്തിനുവേണ്ടി മാത്രമാണ്; അത് ഭാവി തലമുറകൾക്കുവേണ്ടിയാണെന്ന് എല്ലാവരും മനസ്സിലാക്കണം. അല്ലാതെ ക്നാനായ കമ്മിറ്റിക്കാർക്കോ സമുദായ സെക്രട്ടറിയുടെ പേരിലോ അല്ല എന്ന് ഈ കൂട്ടർ മനസ്സിലാക്കണം. പരിശുദ്ധ പാത്രിയർക്കീസ് ബാവ മലങ്കരയിൽ വരുന്നുവെന്നോ, എന്നു വരുന്നുവെന്നോ ക്നാനായ സമുദായത്തെ ആരും ഔദ്യോഗികമായി അറിയിട്ടില്ല. അങ്ങനെ അറിയിക്കാത്ത സാഹചര്യത്തിൽ, നമ്മെ ക്ഷണിക്കാത്തിടത്ത് പോയി അവിടെ ഒരു നാണക്കേട് ഉണ്ടാകേണ്ട സാഹചര്യം ഇന്ന് സമുദായത്തിന് ഉണ്ടോ എന്നുള്ളത് നമ്മൾ ആലോചിക്കണം. നമ്മുടെ ഇടയിലെ തർക്കങ്ങൾ തീർന്നാൽ, അത് നമുക്ക് ബാവായെ നേരിട്ട് അറിയിച്ച് പരിഹരിക്കുവാൻ സാധിക്കും. ക്നാനായ സമുദായത്തിൽ കുർബ്ബാന അർപ്പിക്കുന്ന യാക്കോബായ വൈദികരെ, യാക്കോബായ സഭയിലെ മെത്രാച്ചന്മാർ തിരിച്ചുവിളിക്കുകയും, ക്നാനായ സമുദായ മെത്രാപ്പോലീത്തായെ യാക്കോബായ സഭയിൽ പ്രവേശിപ്പിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, ക്ഷണിക്കാത്ത സ്ഥലത്ത് പോകേണ്ട കാര്യമുണ്ടോ എന്ന് നാം ഗൗരവമായി ചിന്തിക്കണം. ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റി അംഗമായിരുന്ന, കല്ലിശ്ശേരി വലിയപള്ളി ഇടവകാംഗമായ വാങ്ങിപ്പോയ ശ്രീ. ഉതുപ്പാൻ ജോസഫ് ചരിവുപറമ്പിലിന്റെ ക്നാനായ കമ്മിറ്റി അംഗം ഒഴിവിലേക്ക്, കല്ലിശ്ശേരി വലിയപള്ളി ഇടവകാംഗമായ അഡ്വ. സന്തീപ് താമരപ്പള്ളിയെ ഭരണഘടന 126–ാം വകുപ്പ് അനുസരിച്ച് ക്നാനായ കമ്മിറ്റി അംഗമായി തെരഞ്ഞെടുത്തു. കൂടാതെ, ക്നാനായ പ്രസ് മാനേജരുടെ ഒഴിവിലേക്ക് റവ.ഫാ. ശൈനോ മർക്കോസ് കൊച്ചുമംഗരയെ ഭരണഘടന 125 (5) അനുസരിച്ച് ക്നാനായ പ്രസ്സ് മാനേജരായി ക്നാനായ കമ്മിറ്റി തെരഞ്ഞെടുത്തു. ക്നാനായ സമുദായത്തിന്റെ മുൻ സെക്രട്ടറിയായിരുന്ന ശ്രീ. ഏലിയാസ് സ്ക്കറിയ പാറയലിന്റെ നിര്യാണത്തിൽ ക്നാനായ സമുദായത്തിന്റെ അനുശോചനം അറിയിക്കുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**
സമുദായ സെക്രട്ടറി

# തള്ളപ്പെട്ടവന്റെ ഭവനത്തിൽ തെളിഞ്ഞ രക്ഷയുടെ പ്രഭ:

## യേശുവിന്റെ വിരുന്നുമേശയിൽ പിറന്ന പുതുജീവിതം

(ലൂക്കോ. 19:1 – 10)

ഫാ. മോനായി കെ. ഫിലിപ്പ്, കർക്കടകം പള്ളിൽ

**1. ആമുഖം**

സഖായിയുടെ സംഭവം (ലൂക്കോ. 19:1–10) യേശു ഒരു വീട്ടിൽ സന്ദർശനം നടത്തിയതിന്റെ വിവരണം മാത്രമല്ല; ഒരു മനുഷ്യന്റെ ജീവിതത്തെ യേശുവിന്റെ സാന്നിദ്ധ്യം എങ്ങനെ മാറ്റിമറിക്കുന്നു എന്നതിന്റെ ആഴമുള്ള ദൃശ്യമാണ്. സമൂഹം അകറ്റി നിർത്തിയ സഖായിയുടെ വിരുന്നുമേശയിൽ യേശു എത്തുമ്പോൾ, പുറന്തള്ളലിന്റെ ഇടമായിരുന്ന ആ മേശ കൃപയുടെയും സ്വീകരണത്തിന്റെയും മാനസാന്തരത്തിന്റെയും ഇടമായി മാറുന്നു. സഖായിയുടെ ജീവിതത്തിലൂടെ കൃപ, മാനസാന്തരം, രക്ഷ എന്നിവ തമ്മിലുള്ള ബന്ധം വെളിപ്പെടുന്നു. അങ്ങനെ, സഖായിയുടെ വിരുന്നുമേശ ഒരു ഭക്ഷണത്തിന്റെ മേശ മാത്രമല്ല, രക്ഷയുടെ സാക്ഷ്യമായി മാറുന്നു.

**2. വേദഭാഗത്തിന്റെ ചരിത്ര പശ്ചാത്തലം**

ലൂക്കോ. 19:1–10 യേശുവിന്റെ യെരൂശലേമിലേക്കുള്ള യാത്രയുടെ അവസാനഘട്ടത്തിലെ പ്രധാന സംഭവമാണ്. ഒന്നാം നൂറ്റാണ്ടിലെ യഹൂദസമൂഹത്തിന്റെ രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക, മതപരമായ യാഥാർത്ഥ്യങ്ങളുടെ പശ്ചാത്തലത്തിലാണ് സഖായിയുടെ സംഭവത്തിന്റെ ആഴം കൂടുതൽ വ്യക്തമാകുന്നത്. യേശുവിന്റെ കാലത്ത് യെരീഹോ, പ്രധാനപ്പെട്ട ഒരു വ്യാപാരകേന്ദ്രമായിരുന്നു. റോമൻ ഭരണത്തിൻ കീഴിലായിരുന്ന യഹൂദ്യയിൽ നികുതി ശേഖരണം പ്രധാനപ്പെട്ട ഭരണഘടകമായിരുന്നു. നികുതി പിരിവിലെ അധികാരവും അധികമായി പിരിച്ചെടുക്കാനുള്ള സാധ്യതയും സാമ്പത്തിക ചൂഷണത്തിന് ഇടയാക്കിയിരുന്നു.

ലൂക്കോസിന്റെ സാക്ഷ്യമനുസരിച്ച് സഖായി "പ്രധാന ചുങ്കക്കാരൻ" ആയിരുന്നു; അതോടൊപ്പം ധനികനുമായിരുന്നു. എന്നാൽ ഈ സമ്പത്ത് സാമൂഹിക അംഗീകാരത്തിനു പകരം അവനെ സമൂഹത്തിൽനിന്ന് അകറ്റി. ചുങ്കക്കാർ മതപരമായും സാമൂഹികമായും സംശയത്തോടെയാണ് കാണപ്പെടുന്നത്. അതിനാൽ സഖായി സാമ്പത്തികമായി സമ്പന്നനായിരുന്നെങ്കിലും സാമൂഹ്യമായി ഒറ്റപ്പെട്ടവനും മതപരമായി അവഗണിക്കപ്പെട്ടവനുമായിരുന്നു.

ഈ പശ്ചാത്തലത്തിലാണ് സഖായിക്ക് യേശുവിനെ കാണാനുള്ള ആഗ്രഹം കൂടുതൽ അർത്ഥവത്താകുന്നത്. ജനക്കൂട്ടത്തിനിടയിൽ യേശുവിനെ കാണാൻ കഴിയാതെ വന്നപ്പോൾ അവൻ കാട്ടത്തിമരത്തിൽ കയറി. സാമൂഹിക മാന്യതയെക്കാൾ ശക്തമായിരുന്നു യേശുവിനെ കാണാനുള്ള അവന്റെ ആഗ്രഹം. ഈ സാഹചര്യത്തിലാണ് യേശു സഖായിയെ പേരുചൊല്ലി വിളിക്കുകയും അവന്റെ വീട്ടിൽ പാർക്കുവാൻ തീരുമാനിക്കുകയും ചെയ്തത്. "അവൻ പാപിയുടെ വീട്ടിൽ പാർക്കാൻ പോയിരിക്കുന്നു" (ലൂക്കാ.19:7) എന്ന ജനക്കൂട്ടത്തിന്റെ പിറുപിറുപ്പ് ഈ ഇടപെടലിന്റെ സാമൂഹിക ഗൗരവം വ്യക്തമാക്കുന്നു.

**3. വചനവിശകലനം**

സഖായി "ചുങ്കക്കാരുടെ പ്രമാണിയും ധനികനും" ആയിരുന്നു. ബാഹ്യസമ്പത്ത് ഉണ്ടായിരുന്നിട്ടും ഉള്ളിൽ ആത്മീയ ശൂന്യത നിലനിൽക്കാമെന്ന സത്യത്തിലേക്കാണ് ഈ വചനങ്ങൾ ശ്രദ്ധ ക്ഷണിക്കുന്നത്. "യേശു ആരെന്നു കാണുവാൻ അവൻ ആഗ്രഹിച്ചു" എന്ന വചനം അവന്റെ അന്വേഷണത്തിന്റെ ആഴം വ്യക്തമാക്കുന്നു. ജനക്കൂട്ടത്തിനിടയിൽ യേശുവിനെ കാണാൻ കഴിയാതെ വന്നപ്പോൾ മരത്തിൽ കയറിയത് ഈ അന്വേഷണത്തിന്റെ തീവ്രത വ്യക്തമാക്കുന്നു.

"സഖായിയേ, വേഗം ഇറങ്ങിവരിക; ഇന്ന് ഞാൻ നിന്റെ വീട്ടിൽ തങ്ങേണ്ടതുണ്ട്" എന്ന യേശുവിന്റെ വിളിയിൽ സഖായി വ്യക്തിപരമായി അറിയപ്പെടുന്ന ഒരാളായി പ്രത്യക്ഷപ്പെടുന്നു. "ഇന്ന് രക്ഷയുടെ വർത്തമാന യാഥാർത്ഥ്യത്തെയും "തങ്ങേണ്ടതുണ്ട്" ദൈവിക പദ്ധതിയുമായി ബന്ധപ്പെട്ട അനിവാര്യതയും സൂചിപ്പിക്കുന്നു. സഖായി യേശുവിനെ സന്തോഷത്തോടെ സ്വീകരിച്ചു. അതിന്റെ ഫലമായി തന്റെ സ്വത്തിന്റെ പകുതി ദരിദ്രർക്ക് നൽകുമെന്നും ആരെങ്കിലും വച്ചിട്ടുണ്ടെങ്കിൽ നാലിരട്ടിയായി തിരികെ നൽകുമെന്നും അവൻ പ്രഖ്യാപിച്ചു.

യഥാർത്ഥ മാനസാന്തരം ഹൃദയത്തിൽ ആരംഭിച്ചാലും ജീവിതത്തിൽ തെളിയിക്കണം. സഖായിയുടെ വാക്കുകൾ പ്രവൃത്തിയിലേക്ക് നീങ്ങുമ്പോഴാണ് യേശു "ഇന്ന് ഈ വീട്ടിൽ രക്ഷ സംഭവിച്ചു" എന്ന് പ്രഖ്യാപിക്കുന്നത്. "ഇവനും അബ്രഹാമിന്റെ മകനാകുന്നു" എന്ന വാക്കിലൂടെ സഖായിയുടെ പുതിയ തിരിച്ചറിവും വ്യക്തമാകുന്നു. രക്ഷ ഇവിടെ ഒരു വാക്കിലോ വികാരത്തിലോ ഒതുങ്ങുന്നില്ല; ജീവിതത്തിൽ പ്രകടമാകുന്ന മാറ്റമായി അത് തെളിയുന്നു.

ഈ സംഭവത്തിന്റെ അർത്ഥം യേശുവിന്റെ സ്വന്തം വാക്കുകളിൽ പൂർണ്ണമാകുന്നു. "മനുഷ്യപുത്രൻ നഷ്ടപ്പെട്ടത് അന്വേഷിച്ചു രക്ഷിപ്പാൻ വന്നിരിക്കുന്നു." സഖായിയുടെ ജീവിതത്തിൽ സംഭവിച്ചത്, മനുഷ്യപുത്രന്റെ ഈ രക്ഷാദൗത്യത്തിന്റെ വ്യക്തമായ സാക്ഷ്യമായി മാറുന്നു.

**4. യേശുവിന്റെ മേശസഖ്യത: ദൈവരാജ്യത്തിന്റെ കൃപാപൂർണ്ണ വെളിപ്പെടുത്തൽ**

"ഇന്ന് ഞാൻ നിന്റെ വീട്ടിൽ തങ്ങേണ്ടതുണ്ട്" എന്ന യേശുവിന്റെ വാക്കോടെയാണ് മേശ സഖ്യത ആരംഭിക്കുന്നത്. യഹൂദ സമൂഹത്തിൽ ഒരാളോടൊപ്പം ഭക്ഷണം കഴിക്കുന്നത് ബന്ധത്തിന്റെയും അംഗീകരണത്തിന്റെയും കൂട്ടായ്മയുടെയും അടയാളമായിരുന്നു. അതുകൊണ്ടുതന്നെ "അവൻ ഒരു പാപിയുടെ വീട്ടിൽ പാർക്കുവാൻ പോയി" എന്ന ജനക്കൂട്ടത്തിന്റെ പ്രതികരണം ശ്രദ്ധേയമാണ്.

സമൂഹം സൃഷ്ടിച്ച അകലം യേശു അംഗീകരിച്ചില്ല. സഖായി യേശുവിനെ തന്റെ വീട്ടിലേക്ക് ക്ഷണിച്ചതല്ല;

യേശു തന്നെയാണ് അവന്റെ വീട്ടിൽ തങ്ങേണ്ടതുണ്ടെന്ന് പ്രഖ്യാപിച്ചത്. അതിനാൽ സഖായിയുടെ വീട്ടിലേക്കുള്ള യേശുവിന്റെ പ്രവേശനം ഒരു സാമൂഹിക അതിരിനെ മറികടക്കുന്ന ഇടപെടലായി മാറുന്നു.

മേശസഖ്യത ഇവിടെ ഒരു സാമൂഹിക ഇടപെടലിൽ അവസാനിക്കുന്നില്ല. യേശുവിന്റെ സാന്നിധ്യത്തിൽ സഖായിയുടെ ജീവിതത്തിൽ മാനസാന്തരം പ്രകടമാകുന്നു. അതിനുശേഷമാണ് "ഇവനും അബ്രഹാമിന്റെ മകനാകുന്നു" എന്നും "ഇന്ന് ഈ വീട്ടിൽ രക്ഷ സംഭവിച്ചു" എന്നും യേശു പ്രഖ്യാപിക്കുന്നത്. അങ്ങനെ, സഖായിയുടെ വീട്ടിലെ മേശ സാധാരണ ഭക്ഷണസ്ഥലമായി തുടരാതെ ദൈവരാജ്യത്തിന്റെ കൃപ, ദൃശ്യമായി തെളിയുന്ന ഇടമായി മാറുന്നു.

**5. ക്രിസ്തു വിജ്ഞാനപരമായ വെളിപ്പെടുത്തൽ**

ലൂക്കാ. 19:1–10 സഖായിയുടെ ജീവിത സംഭവം മാത്രമല്ല; യേശു ആരാണ്, അവന്റെ ദൗത്യം എന്താണ് എന്നതിനെക്കുറിച്ചുള്ള പ്രധാനപ്പെട്ട വെളിപ്പെടുത്തലാണ്. "മനുഷ്യപുത്രൻ നഷ്ടപ്പെട്ടതിനെ അന്വേഷിപ്പാനും രക്ഷിപ്പാനും വന്നിരിക്കുന്നു" എന്ന വചനത്തിൽ യേശു തന്റെ ദൗത്യം വ്യക്തമാക്കുന്നു.

ദാനിയേൽ 7:13–14 ലെ മഹത്വവും അധികാരവുമായി ബന്ധപ്പെട്ട മനുഷ്യപുത്രൻ ഇവിടെ, നഷ്ടപ്പെട്ടവനെ അന്വേഷിക്കുന്ന രക്ഷിതാവായി പ്രത്യക്ഷപ്പെടുന്നു. യേശുവിന്റെ മഹത്വം അകലം സൃഷ്ടിക്കുന്ന അധികാരത്തിലല്ല, നഷ്ടപ്പെട്ടവരിലേക്ക് തിരിയുന്ന രക്ഷാകരമായ ദൗത്യത്തിലാണ്.

സഖായിയുടെ സംഭവത്തിൽ മനുഷ്യപുത്രന്റെ ഈ ദൗത്യം വ്യക്തമായി കാണാം. സമൂഹം ''പാപി''യായി കണക്കാക്കിയ ഒരാളെ അന്വേഷിക്കുകയും അവന്റെ വീട്ടിൽ പ്രവേശിക്കുകയും അവന്റെ ജീവിതത്തിൽ രക്ഷയുടെ മാറ്റം വെളിപ്പടുത്തുകയും ചെയ്തുകൊണ്ട് യേശു തന്റെ ദൗത്യം പ്രവൃത്തിയിൽ പ്രകടമാക്കുന്നു. അതിനാൽ സഖായിയുടെ സംഭവം യേശുവിന്റെ വ്യക്തിത്വത്തെയും രക്ഷാദൗത്യത്തെയും വെളിപ്പെടുത്തുന്ന സുവിശേഷസാക്ഷ്യമാണ്.

**6. സഭാശാസ്ത്രീയ വ്യാഖ്യാനം**

സഖായിയുടെ സംഭവം ഒരു വ്യക്തിയുടെ രക്ഷാനുഭവം മാത്രമായി കാണേണ്ടതല്ല; സഭയുടെ സ്വഭാവത്തെയും ദൗത്യത്തെയും മനസ്സിലാക്കുന്നതിനുള്ള ഒരു ദൈവശാസ്ത്ര മാതൃകയായും ഇതിനെ വായിക്കാം. "മനുഷ്യപുത്രൻ നഷ്ടപ്പെട്ടതിനെ അന്വേഷിച്ചു രക്ഷിക്കുവാനായി വന്നിരിക്കുന്നു" എന്ന വചനത്തിൽ യേശുവിന്റെ ദൗത്യം വ്യക്തമാകുന്നു. ആ ദൗത്യത്തിൽ പങ്കാളികളാകുക എന്നതാണ് സഭയുടെ അടിസ്ഥാന വിളി.

അതുകൊണ്ട് സഭ അടഞ്ഞുകിടക്കുന്ന ഒരു സമൂഹമല്ല; അകന്നുപോയവരെ അന്വേഷിച്ച് അവരിലേക്ക് ചെന്നെത്തുന്ന സമൂഹമായിരിക്കണം. യേശു സഖായിയുടെ വീട്ടിൽ പ്രവേശിച്ചതുപോലെ, സഭയുടെ ആരാധനയിലും കുർബ്ബാനയിലും സഹവാസത്തിലും മനുഷ്യർ ക്രിസ്തുവിന്റെ സ്നേഹത്തിലേക്ക് ക്ഷണിക്കപ്പെടുന്നു.

സഖായിയുടെ മാനസാന്തരം ജീവിതത്തിൽ സൃഷ്ടിക്കുന്ന മാറ്റത്തിന് സാക്ഷ്യം നൽകുന്ന സമൂഹമാണ്.'' ഇവനും അബ്രഹാമിന്റെ മകൻ ആകുന്നു" എന്ന പ്രഖ്യാപനം പഴയ മുദ്രകൾക്കപ്പുറം പുതിയ തിരിച്ചറിവിലേക്കുള്ള വഴി തുറക്കുന്നു.

**7. ഒരു ക്രൈസ്തവ കുടുംബ ദൃഷ്ടികോണത്തിലുള്ള വ്യാഖ്യാനം**

ലൂക്കാ. 19:1–10 സഖായിയുടെ വ്യക്തിപരമായ രക്ഷയുടെ കഥയിൽ മാത്രം ഒതുങ്ങുന്നില്ല; ഒരു കുടുബത്തിന്റെ ജീവിതത്തിൽ സംഭവിക്കുന്ന ആത്മീയ പരിവർത്തനത്തിന്റെ ചിത്രമായും ഇതിനെ വായിക്കാം. സഖായിയുടെ വീട്ടിൽ യേശു പ്രവേശിച്ചതോടെ സംഭവത്തിന് വഴിത്തിരിവുണ്ടാകുന്നു. "ഇന്ന് ഈ വീട്ടിൽ രക്ഷ സംഭവിച്ചു" എന്ന പ്രഖ്യാപനം അതിന്റെ കുടുബപരമായ പ്രാധാന്യവും വ്യക്തമാക്കുന്നു.

ക്രൈസ്തവ കുടുംബത്തിന്റെ ആദ്യ ആത്മീയ പാഠശാല വീടു തന്നെയാണ്. പ്രാർത്ഥന, സ്നേഹം, ക്ഷമ, ബഹുമാനം, സത്യസന്ധത, പങ്കിടൽ എന്നിവ കുടുംബ ജീവിതത്തിലൂടെയാണ് അടുത്ത തലമുറയിലേക്ക് കൈമാറപ്പെടുന്നത്. സഖായിയുടെ വീട്ടിലെ മേശസഖ്യത കുടുംബമേശയുടെ ആത്മീയ പ്രാധാന്യത്തെയും ഓർമ്മിപ്പിക്കുന്നു. ഒരുമിച്ചുള്ള പ്രാർത്ഥനയ്ക്കും നന്ദിപറച്ചിലിനും പരസ്പരം കേൾക്കുന്നതിനും വിഷമങ്ങൾ പങ്കിടുന്നതിനും കുടുംബമേശ ഇടമാകണം.

ക്രൈസ്തവ കുടുംബത്തിന്റെ സാമ്പത്തിക തീരുമാനങ്ങളിൽ നീതിയും സത്യസന്ധതയും ദാനശീലവും പരിഗണിക്കപ്പെടണം. കുടുംബത്തിലെ സംഘർഷങ്ങൾക്കും തെറ്റിദ്ധാരണകൾക്കും നടുവിൽ ക്ഷമാപണം, തുറന്ന സംഭാഷണം, തെറ്റ് സമ്മതിക്കൽ എന്നിവ പുതിയ തുടക്കത്തിന് വഴിയൊരുക്കാം. അങ്ങനെ, ക്രിസ്തുവിന് ഇടം ലഭിക്കുന്ന വീട് ദൈവകൃപ ജീവിതത്തിൽ ദൃശ്യമാകുന്ന ഒരു "ഭവനസഭ' യായി മാറുന്നു.

**8. വിശ്വാസിയുടെ ആത്മീയ മാതൃക**

സഖായിയുടെ സംഭവം ഒരു വിശ്വാസിയുടെ ആത്മീയ യാത്രയേയും ഓർമ്മിപ്പിക്കുന്നു. കൗതുകം അന്വേഷണമായി വളരേണം; അന്വേഷണം കൂടിക്കാഴ്ചയാകണം; കൂടിക്കാഴ്ച സ്വീകരണമായി മാറണം; സ്വീകരണം പരിവർത്തനത്തിലേക്ക് നയിക്കണം. പരിവർത്തനം ഉത്തരവാദിത്തമായി പ്രകടമാകണം. യേശുവിനെക്കുറിച്ച് അറിയാനുള്ള ആഗ്രഹം അവനെ തേടുന്ന ജീവിതമായി വളരുകയും, അവന്റെ വിളിയോട് സന്തോഷത്തെടെ പ്രതീകരിക്കുകയും വേണം. അതിന്റെ ഫലമായി ജീവിതത്തിലെ മുൻഗണനകളും ബന്ധങ്ങളും തീരുമാനങ്ങളും മാറണം. വിശ്വാസം നീതിയിലും പങ്കിടലിലും സത്യസന്ധതയിലും പ്രകടമാകുമ്പോഴാണ് ആ മാറ്റം ദൃശ്യമാകുന്നത്.

**9. ഉപസംഹാരം**

ലൂക്കാ. 19:1–10 ലെ സഖായിയുടെ സംഭവം ഒരു വ്യക്തിയുടെ മാനസാന്തരസംഭവത്തിൽ ഒതുങ്ങു ന്നില്ല. ക്രിസ്തുവിന്റെ ദൗത്യം, ദൈവകൃപ, രക്ഷയുടെ പരിവർത്തനശക്തി, മനുഷ്യന്റെ പുനഃസ്ഥാപനം എന്നിവ ഒരുമിച്ച് വെളിപ്പെടുത്തുന്ന സുവിശേഷസാക്ഷ്യമാണ്. സമൂഹം "പാപി"യായി കണ്ട സഖായിയെ യേശു പേരെടുത്ത് വിളിച്ചു; അവന്റെ വീട്ടിൽ പ്രവേശിച്ച ക്രിസ്തുസാന്നിധ്യം അവന്റെ ജീവിതത്തിൽ മാറ്റം സൃഷ്ടിച്ചു. തള്ളപ്പെട്ടവന്റെ വീട്ടിലെ മേശ കൃപയുടെയും രക്ഷയുടെയും സാക്ഷ്യമായി മാറും.

സഖായിയുടെ സംഭവം ക്രിസ്തുവിനെ അന്വേഷിക്കുന്ന ഓരോ മനുഷ്യന്റെയും മുമ്പിലുള്ള ആത്മീയ കണ്ണാടിയാണ്. "യേശുവിനെ കണ്ടുമുട്ടിയതിനുശേഷം എന്റെ ജീവിതത്തിൽ യഥാർത്ഥത്തിൽ എന്താണ് മാറിയത്?" എന്ന ചോദ്യം അത് നമ്മോടും ഉന്നയിക്കുന്നു. നമ്മുടെ ജീവിതം തന്നെ അതിന് സാക്ഷ്യമായി മാറുമ്പോഴാണ് സഖായിയുടെ അനുഭവം നമ്മുടെ ജീവിതാനുഭവമാകുന്നത്.




## വിവാഹിതരായി



Advt - O

കുറിച്ചി മാർ ഇഗ്നാത്യോസ് ക്നാനായ പള്ളി ഇടവകയിൽ ചക്കാലയിൽ (SAJCO) SAJAN C ANDREWS ന്റെയും Mrs. BINDHU SAJAN ന്റെയും മകനായ **CHRISTY SAJAN ഉം** രാമമംഗലം സെന്റ് ജേക്കബ്സ് ക്നാനായ വലിയപള്ളി ഇടവകയിൽ മാമലത്താഴത്ത് Mr. SAJEEV JOSEPH ന്റെയും Mrs. GENIA SAJEEV ന്റെയും മകളായ **AURING ANN SAJEEV ഉം** തമ്മിലുള്ള വിവാഹം 24-08-2026-ൽ കുറിച്ചി മാർ ഇഗ്നാത്യോസ് ക്നാനായ പള്ളിയിൽ വെച്ച് **റവ. ഫാ. ഷാജി പുത്തൻപുരയ്ക്കൽ-ന്റെ** പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

## സിൽവർ ജൂബിലി സമാപന സമ്മേളനം



ഹെന്നൂർ സെന്റ് മേരീസ് സിറിയൻ ക്നാനായ ദേവാലയത്തിന്റെ സിൽവർ ജൂബിലി സമാപന സമ്മേളനം ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്യുന്നു.
വികാരി ഫാ. ശീതൾ എബ്രഹാം മണിമലേത്ത്, ഫാ. മോനായി കെ. ഫിലിപ്പ് കർക്കിടംപള്ളിൽ, ഫാ. ജിനു മേലേൽ, ഫാ. ഷിജു കല്ലേലിൽ, ഡോ. ബിനോയ് മാത്യു, ടോബി ജേക്കബ്, ബിറ്റു മാത്യു, എബി എബ്രഹാം എന്നിവർ സമീപം.



ചിങ്ങവനം ചാന്നാനിക്കാട് സെന്റ് മേരീസ് ജെറുസലേം ക്നാനായ പള്ളി അങ്കണത്തിൽ നടന്ന ബൈബിൾ, പുരാതന പാട്ടുപുസ്തക വിതരണവും മെഡിക്കൽ എക്യുപ്മെന്റ് വിതരണവും ക്നാനായ സമുദായ സെക്രട്ടറി ടി.ഒ. ഏബ്രഹാം തോട്ടത്തിൽ ഉദ്ഘാടനം ചെയ്യുന്നു. ക്നാനായ സമുദായ മീഡിയാ സെന്റർ മാനേജർ ഫാ. മെറ്റോ ജേക്കബ് വെട്ടിപ്പറമ്പിൽ, സമുദായ ട്രസ്റ്റി ടി.സി. തോമസ് തോപ്പിൽ, ക്നാനായ കോൺഗ്രസ് കേന്ദ്ര ജനറൽ സെക്രട്ടറി റോയി പുത്തൻപുരയ്ക്കൽ, മേഖലാ സെക്രട്ടറി ലിൻസോ ഏലിയാസ് ഇളവൻകളം, അനു കുര്യൻ പാടകശ്ശേരി, കെ.ടി. ബേബി കാരിമറ്റത്തിൽ, സാജൻ ഫിലിപ്പ് കാരിമറ്റത്തിൽ, അഡ്വ. മഞ്ജു ഏബ്രഹാം വലിയപാറയിൽ, റോബിൻ തോമസ് എന്നിവർ സമീപം.



ക്ലീമീസ് പ്രസ്സ് മാനേജരായി ചുമതലയേറ്റ ഫാ. ഷൈനോ മർക്കോസ് കൊച്ചുമംഗരയ്ക്ക് ആശംസകൾ

## 2027 മൂന്ന് നോമ്പ്

ജനുവരി 18, 19, 20

## 2027 വലിയ നോമ്പ്

ആരംഭം – ഫെബ്രുവരി 8

പാതിനോമ്പ് – മാർച്ച് 3

ഓശാന ഞായർ – മാർച്ച് 21

ദുഃഖവെള്ളി – മാർച്ച് 26

ഉയിർപ്പ് – മാർച്ച് 28

## സിൽവർ ജൂബിലി സമാപനവും വലിയ പെരുന്നാളും



പാവുക്കര സെന്റ് മേരീസ് ക്നാനായ പള്ളിയുടെ സിൽവർ ജൂബിലി സമാപനവും വലിയ പെരുന്നാളും 2026 സെപ്റ്റംബർ പത്താം തീയതി അഭിവന്ദ്യ കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത തിരുമനസ്സിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. തദവസരത്തിൽ ഇടവകയുടെ മുൻ വികാരി ബഹു. അമ്മനം കുന്നത്ത് A. O. ജോൺ അച്ചന് യാത്രയയപ്പും നൽകി.

Advt -O






ക്നാനായ വനിതാ സമാജം 2027-ലെ കലണ്ടർ പ്രകാശനം ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി നിർവ്വഹിക്കുന്നു



ക്നാനായ വനിതാ സമാജം വാർഷിക ധ്യാനയോഗം ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്യുന്നു.

പുണ്യശ്ലോകനായ കൂബർ നീത്തി ഹാക്കീമോ ഏബ്രഹാം മോർ ക്ലീമിസ് വലിയ മെത്രാപ്പോലീത്തായുടെ 24-ാം ശ്രാദ്ധപ്പെരുന്നാൾ ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളിയിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ. അനൂപ് ജേക്കബ് ഉദ്ഘാടനം ചെയ്യുന്നു.









സുനിൽ ഡി. കുരുവിള

# "ഞാൻ ഇങ്ങനെയാണ്... ഞാനാണ് ശരി!"

## When I am Right Matters more than I care

തെറ്റ് സംഭവിക്കുന്നത് മനുഷ്യസഹജമാണ്. എന്നാൽ സ്വന്തം തെറ്റ് തിരിച്ചറിയാനും അത് സമ്മതിക്കാനും കഴിയുക എന്നത് മനുഷ്യന്റെ പക്വതയുടെ അടയാളമാണ്. അതുപോലെതന്നെ മറ്റുള്ളവരുടെ അഭിപ്രായങ്ങളേയും മാനിക്കുക ആരോഗ്യകരമായ ഏതൊരു ബന്ധത്തിന്റേയും അടിസ്ഥാനമാണ്.

പക്ഷെ സ്വന്തം തെറ്റുകൾ ഒരിക്കലും അംഗീകരിക്കാത്തവരും വിമർശനം കേൾക്കാൻ തയ്യാറാകാത്തവരും തങ്ങളുടെ വാക്കുകളോ പ്രവൃത്തികളോ മറ്റൊരാളിൽ ഉണ്ടാക്കുന്ന വേദനയെ മനസ്സിലാക്കാൻ ശ്രമിക്കാത്തവരും നമ്മുടെ ചുറ്റുപാടിൽ ഉണ്ടാകാറുണ്ട്. പലപ്പോഴും അവരുടെ പെരുമാറ്റം ബന്ധങ്ങളിൽ അകലം സൃഷ്ടിക്കുകയും മറ്റുള്ളവരിൽ വേദനയും നിരാശയും ആശയക്കുഴപ്പവും ഉണ്ടാക്കുകയും ചെയ്യുന്നു.

എന്തുകൊണ്ടാണ് ചിലർ സ്വന്തം തെറ്റ് അംഗീകരിക്കാൻ ഇത്രയും ബുദ്ധിമുട്ടുന്നത്. മറ്റുള്ളവരുടെ വികാരങ്ങളെ അവഗണിക്കാൻ അവരെ പ്രേരിപ്പിക്കുന്നത് എന്താണ്? അതിലുപരി അത്തരക്കാരോട് ഇടപെടുമ്പോൾ നാം എങ്ങനെ പ്രതികരിക്കണം. തെറ്റ് ചെയ്യുന്നത് മനുഷ്യസഹജമാണ്. എന്നാൽ തെറ്റ് സമ്മതിക്കാൻ കഴിയാത്തത് പലപ്പോഴും തെറ്റിനേക്കാൾ വലിയ പ്രശ്നമായി മാറുന്നു. തെറ്റ് തിരിച്ചറിയുന്നിടത്താണ് മാറ്റത്തിനുള്ള സാധ്യത തുടങ്ങുന്നത്.

ചിലർ സ്വന്തം തെറ്റ് അംഗീകരിക്കാൻ ബുദ്ധിമുട്ടുന്നത് ഒരേയൊരു കാരണത്താൽ അല്ല. പലപ്പോഴും അതിനുപിന്നിൽ അഹങ്കാരം,ആത്മാഭിമാനത്തെക്കുറിച്ചുള്ള ഭയം, പ്രതിരോധ മനോഭാവം, വളർന്നു വന്ന സാഹചര്യങ്ങൾ, ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള ബുദ്ധിമുട്ട്,തുടങ്ങിയ പല ഘടകങ്ങളും ഉണ്ടാകാം.

*താൻ തെറ്റുകാരനാണെന്ന് സമ്മതിക്കുന്നത് സ്വന്തം മൂല്യം കുറയ്ക്കുന്നതായി തോന്നാം. ഞാൻ തെറ്റ് ചെയ്തു എന്നത് ചിലർക്ക് ഞാൻ മോശം വ്യക്തിയാണ് എന്നതുപോലെ അനുഭവപ്പെടാം.

* അഹങ്കാരമോ അമിത ആത്മാഭിമാനമോ ഉള്ളവർക്ക് മറ്റൊരാളുടെ മുമ്പിൽ തെറ്റ് സമ്മതിക്കുന്നത് പരാജയമായി തോന്നാം.

* വിമർശനത്തെ ഭയപ്പെടുന്നവർ തെറ്റ് സമ്മതിക്കുന്നതിനുപകരം ന്യായീകരിക്കാനോ കുറ്റം മറ്റൊരാളിലേക്ക് മാറ്റാനോ ശ്രമിച്ചേക്കാം.

* ബാല്യത്തിലെ അനുഭവങ്ങളും വളർത്തലും സ്വാധീനിക്കാം.തെറ്റ് ചെയ്താൽ ശിക്ഷിക്കപ്പെടുകയോ അപമാനിക്കപ്പെടുകയോ ചെയ്തിരുന്ന സാഹചര്യത്തിൽ വളർന്ന ഒരാൾക്ക് തെറ്റ് സമ്മതിക്കുന്നത് സ്വാഭാവികമായി ബുദ്ധിമുട്ടായേക്കാം.

*സ്വയം സംരക്ഷിക്കാനുള്ള മനോഭാവം കാരണം ചിലർ യാഥാർത്ഥ്യം അംഗീകരിക്കുന്നതിനേക്കാൾ സ്വന്തം പ്രവൃത്തിയെ ന്യായീകരിക്കാൻ ശ്രമിക്കും.

* ചിലപ്പോൾ സ്വന്തം പെരുമാറ്റം മറ്റുള്ളവരെ എങ്ങനെ ബാധിക്കുമെന്ന് തിരിച്ചറിയാനുള്ള കഴിവിന്റെ കുറവും (empathy) കാരണമാകാം. സ്വന്തം ഉദ്ദേശം നല്ലതായിരുന്നു എന്നതുകൊണ്ട് മറ്റൊരാൾക്ക് വേദനിച്ചിരിക്കില്ലെന്ന് അവർ കരുതാം. പ്രധാനമായി തെറ്റ് സമ്മതിക്കാത്ത ഓരോ വ്യക്തിയേയും ഒരേ മന:ശാസ്ത്രപരമായ വിഭാഗത്തിൽ പെടുത്താൻ കഴിയില്ല. സാഹചര്യവും വ്യക്തിത്വവും ബന്ധത്തിന്റെ സ്വഭാവവും അനുസരിച്ച് കാരണം വ്യത്യസ്തമായിരിക്കും.

സ്വന്തം പെരുമാറ്റത്തിൽ ഒരു പ്രശ്നമുണ്ടെന്നുപോലും തിരിച്ചറിയാത്ത ഒരാളെ നിങ്ങൾക്ക് എളുപ്പം മാറ്റാൻ കഴിയില്ല. മാറാൻ താല്പ്പര്യമില്ലാത്ത ഒരാളെ മാറ്റാൻ ശ്രമിക്കുന്നത് ജീവിതത്തിലെ ഏറ്റവും ക്ഷീണിപ്പിക്കുന്ന അനുഭവങ്ങളിലൊന്നാണ്. കാരണം മാറ്റം തുടങ്ങുന്നത് മറ്റുള്ളവരുടെ നിർബന്ധത്തിൽ നിന്നല്ല. സ്വയം തിരിച്ചറിയുന്നതിൽ നിന്നാണ്. തന്റെ തെറ്റുകൾ കാണാൻ തയ്യാറാകാത്ത ഒരാൾക്ക് നിങ്ങൾ എത്ര സ്നേഹിച്ചാലും എത്ര പറഞ്ഞുകൊടുത്താലും എത്ര സഹിച്ചാലും മാറ്റം വരുത്താൻ കഴിയില്ല. ചിലർ അവരുടെ തെറ്റായ പെരുമാറ്റങ്ങളോടും വിഷമകരമായ സ്വഭാവങ്ങളോടും തന്നെ പൊരുത്തപ്പെട്ട് ജീവിക്കുന്നു. അവർക്ക് അതിൽ ഒരു പ്രശ്നവും തോന്നുന്നില്ല. തങ്ങൾ മാറേണ്ടതുണ്ടെന്നുപോലും അവർ വിശ്വസിക്കുന്നില്ല. അത്തരക്കാരെ മാറ്റാൻ ശ്രമിച്ച് സ്വയം തകർന്നുപോകരുത്. ഒരാളെ രക്ഷിക്കാനുള്ള ശ്രമത്തിൽ നിങ്ങളെത്തന്നെ നഷ്ടപ്പെടുത്തേണ്ടതില്ല. മാറ്റം വേണമെന്ന് ആദ്യം തിരിച്ചറിയേണ്ടത് അവരാണ്. അതിനുശേഷം മാത്രമേ നിങ്ങളുടെ സ്നേഹത്തിനും പിൻതുണയ്ക്കും ഒരു അർത്ഥമുണ്ടാകൂ.

സ്വന്തം പെരുമാറ്റത്തിൽ ഒരു പ്രശ്നമുണ്ടെന്ന് അംഗീകരിക്കാത്തവർ...തങ്ങളുടെ തെറ്റുകൾ തിരിച്ചറിയാൻ തയ്യാറാകാത്തവർ...പങ്കാളിയുടെ വേദന മനസ്സിലാക്കാൻ ശ്രമിക്കാത്തവർ...മാറേണ്ട സമയത്തും ഞാൻ ഇങ്ങനെയാണ് എന്ന് പറഞ്ഞ് നിൽക്കുന്നവർ....

ഒരു ബന്ധത്തെ തകർക്കുന്നത് എല്ലായ്പ്പോഴും വലിയ വഴക്കുകളോ പ്രശ്നങ്ങളോ മാത്രമല്ല, തെറ്റ് മനസ്സിലായിട്ടും തിരുത്താൻ തയ്യാറാകാത്ത മനസ്സാണ് പലപ്പോഴും ബന്ധ

ങ്ങളെ തനിയെ അകറ്റുന്നത്. ഒരു നല്ല കുടുംബജീവിതത്തിന് സ്നേഹം മാത്രം പോരാ. തിരിച്ചറിയാനുള്ള ബോധവും തെറ്റ് സമ്മതിക്കാനുള്ള വിനയവും മാറാനുള്ള മനസ്സും വേണം.

കാരണം, മാറാൻ തയ്യാറാകാത്ത ഒരാളെ സ്നേഹത്തിന് പോലും മാറ്റാൻ കഴിയില്ല.

**ഈഗോ വില്ലനാകുമ്പോൾ**

ഒരു ബന്ധത്തെ തകർക്കാൻ എപ്പോഴും വലിയ പ്രശ്നങ്ങൾ ആവശ്യമില്ല, ചിലപ്പോൾ ഞാനാണ് ശരി എന്ന് ഒരു ചിന്ത മാത്രം മതി. തെറ്റ് പറ്റിയാലും സമ്മതിക്കില്ല... ക്ഷമ ചോദിക്കില്ല... മറ്റൊരാളുടെ വേദന മനസ്സിലാക്കാൻ ശ്രമിക്കില്ല. മാറേണ്ടിടത്തുപോലും ഞാൻ ഇങ്ങനെയാണ് എന്ന് പറഞ്ഞ് നിൽക്കും. അവിടെ സ്നേഹം പതിയെ തോൽക്കും. കാരണം ബന്ധത്തിൽ ജയിക്കേണ്ടത് ഒരാൾ അല്ല. ബന്ധം തന്നെയാണ്.

ഞാൻ തോറ്റാൽ നീ ജയിക്കും എന്ന ചിന്തയല്ല വേണ്ടത്. നമ്മൾ രണ്ടുപേരും ജയിക്കണം എന്ന മനസ്സാണ് വേണ്ടത്.

ഈഗോ വലുതാകുമ്പോൾ സംസാരം കുറയും...അകലം കൂടും...തെറ്റിദ്ധാരണകൾ വളരും...ഒടുവിൽ ഒരിക്കൽ ഏറ്റവും പ്രിയപ്പെട്ടിരുന്ന രണ്ടുപേർ പോലും അന്യരായി മാറും. ചില ബന്ധങ്ങൾ തകരുന്നത് സ്നേഹം ഇല്ലാത്തതുകൊണ്ടല്ല... സ്നേഹത്തേക്കാൾഈഗോയ്ക്ക് വില കൊടുത്തതുകൊണ്ടാണ്.

ഒരാൾ മാത്രം മാറിയാൽ എല്ലാ ബന്ധങ്ങളും രക്ഷിക്കാനാകില്ല. പക്ഷെ രണ്ടുപേരും സ്വന്തം തെറ്റുകൾ തിരിച്ചറിഞ്ഞ് മാറാൻ തയ്യാറാകുമ്പോൾ പല തകർന്ന ബന്ധങ്ങൾക്കും വീണ്ടും ജീവൻ ലഭിക്കും.

പലരും ഇത്തരം സാഹചര്യങ്ങളിൽ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു സുഹൃത്തിന്റെയോ വിശ്വസിക്കാവുന്ന മുതിർന്ന ബന്ധുവിന്റെയോ ആവശ്യമെങ്കിൽ ഒരു കൗൺസിലറുടെയോ സഹായം തേടാനും തയ്യാറാകില്ല.

കാരണം സഹായം തേടുന്നത് തങ്ങളുടെ തെറ്റ് സമ്മതിക്കുന്നതാണെന്ന് അവർ കരുതുന്നു. പക്ഷെ സത്യം മറ്റൊന്നാണ്. ബന്ധം സംരക്ഷിക്കാൻ സഹായം തേടുന്നത് ബലഹീനതയല്ല. ബന്ധത്തിന് വിലയുണ്ടെന്നതിന്റെ അഹങ്കാരമാണ്. യുവതലമുറയെ എങ്കിലും ഈ വൈകല്യങ്ങളിൽ നിന്ന് രക്ഷിക്കാം. ഇനിയുള്ള കാലം ആരും ആരേയും അന്ധമായി സഹിക്കും എന്ന് കരുതേണ്ട. അതുകൊണ്ടുതന്നെ ചെറുപ്പക്കാരിൽ ആരോഗ്യമുള്ള വ്യക്തിത്വം വളർത്തിയെടുത്തേ തീരൂ. തീർച്ചയായും. കുട്ടികളിൽ "ഞാനാണ് ശരി"തെറ്റ് സമ്മതിക്കാതിരിക്കുക, സഹായം സ്വീകരിക്കാതിരിക്കുക തുടങ്ങിയ മനോഭാവങ്ങൾ വളരാതിരിക്കാൻ മാതാപിതാക്കളുടെ മാതൃകയ്ക്കാണ് വലിയ പ്രാധാന്യം.

**മാതാപിതാക്കൾക്ക് ചെയ്യാവുന്ന കാര്യങ്ങൾ**

1. തെറ്റ് സമ്മതിക്കുന്നതിൽ മാതൃകയാകുക. കുട്ടിയുടെ മുമ്പിൽതന്നെ അച്ഛന് /അമ്മയ്ക്ക് ഇവിടെ തെറ്റുപറ്റി ക്ഷമിക്കണം, എന്ന് പറയാൻ മടിക്കരുത്. കുട്ടികൾ നമ്മൾ പറയുന്നതിനേക്കാൾ കൂടുതൽ നമ്മൾ ചെയ്യുന്നതാണ് പഠിക്കുന്നത്.

2. "നീ തെറ്റാണ്" എന്നതിനു പകരം "ഈ പെരുമാറ്റം ശരിയായിരുന്നില്ല" എന്ന് പറയുക. കുട്ടിയെത്തന്നെ മോശക്കാരനായി മുദ്രകുത്താതെ തിരുത്തേണ്ട പെരുമാറ്റത്തെക്കുറിച്ച് സംസാരിക്കുക.

3. ക്ഷമ ചോദിക്കാൻ മാത്രം പഠിപ്പിക്കാതെ തിരുത്താനും പഠിപ്പിക്കുക, സോറി പറഞ്ഞാൽ വിഷയം തീർന്നു എന്നല്ല, 'ഇനി ഇത് ആവർത്തിക്കാതിരിക്കാൻ എന്തുചെയ്യാം'എന്നും ചോദിക്കുക.

4. എല്ലാതർക്കങ്ങളിലും കുട്ടിയെ ജയിപ്പിക്കരുത്. തോൽവി സഹിക്കാനും മറ്റൊരാളുടെ അഭിപ്രായം കേൾക്കാനും താൻ തെറ്റിയിരിക്കാം എന്ന് അംഗീകരിക്കാനും കുട്ടിക്ക് അവസരം നൽകണം.

5. കുട്ടിയുടെ വികാരങ്ങൾ കേൾക്കുക,അവൻ ദേഷ്യപ്പെട്ടാലും വിഷമിച്ചാലും ആദ്യം കേൾക്കുക, വികാരം അംഗീകരിക്കുന്നത് തെറ്റായ പെരുമാറ്റത്തെ അംഗീകരിക്കുന്നതല്ല.

6. സഹായം തേടുന്നത് ബലഹീനതയല്ലെന്ന് പഠിപ്പിക്കുക. ഒരു പ്രശ്നം സ്വയം പരിഹരിക്കാൻ കഴിയാതെ വന്നാൽ അദ്ധ്യാപകനോടോ, വിശ്വസിക്കാവുന്ന മുതിർന്നയാളിനോടോ,ആവശ്യമായപ്പോൾ പ്രൊഫഷണലിനോടോ സഹായം ചോദിക്കുന്നത് സ്വാഭാവികമാണെന്ന് കുട്ടി മനസ്സിലാക്കട്ടെ.

7. നമ്മുടെ കുടുംബത്തിൽ ആരും തെറ്റ് സമ്മതിക്കില്ല എന്ന സംസ്കാരം ഒഴിവാക്കുക. മാതാപിതാക്കൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ കുട്ടിയുടെ മുന്നിൽ വന്നാൽ പിന്നീട് എങ്ങനെ സംസാരിച്ച് പരിഹരിച്ചുവെന്ന് കാണിച്ചുകൊടുക്കുന്നതും ഒരു വലിയ പാഠമാണ്.

8. അമിതമായ പ്രശംസയും താരതമ്യവും ഒഴിവാക്കുക. നീയാണ് ഏറ്റവും മികച്ചത് എന്നതിനുപകരം നീ ശ്രമിച്ച രീതി വളരെ നല്ലതായിരുന്നു എന്ന രീതിയിലുള്ള പ്രശംസ ആത്മവിശ്വാസവും വിനയവും ഒരുമിച്ച് വളർത്താൻ സഹായിക്കും.

9. ചോദ്യങ്ങൾ ചോദിക്കാൻ സ്വാതന്ത്ര്യം നൽകുക.മാതാപിതാക്കളോട് വിയോജിക്കാനും എന്തുകൊണ്ട്? എന്നു ചോദിക്കാനും കുട്ടിക്ക് അവകാശമുണ്ടെന്ന് ബോധ്യപ്പെടുത്തുക. അനുസരണം മാത്രം പഠിപ്പിക്കുന്നതിനു പകരം ചിന്തിക്കാനും കേൾക്കാനും പഠിപ്പിക്കുക.

ഒടുവിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം, കുട്ടികളോട് ഈഗോ കാണിക്കരുത് എന്ന് പറഞ്ഞതുകൊണ്ടുമാത്രം അവരെ പഠിക്കാനാവില്ല. വീട്ടിൽ മാതാപിതാക്കൾ എങ്ങനെ തെറ്റ് സമ്മതിക്കുന്നു, എങ്ങനെ ക്ഷമ ചോദിക്കുന്നു,എങ്ങനെ അഭിപ്രായ വ്യത്യാസങ്ങൾ പരിഹരിക്കുന്നു ആവശ്യമെങ്കിൽ എങ്ങനെ സഹായം തേടുന്നു അതാണ് കുട്ടികളുടെ യഥാർത്ഥ പാഠപുസ്തകം. കുട്ടികൾക്ക് പൂർണ്ണതയല്ല, സ്വയം തിരുത്താനുള്ള മനസ്സാണ് നമ്മൾ പകർന്നു നൽകേണ്ടത്.

കുട്ടികളെ ചെറുപ്പം മുതൽ നമ്മൾ പഠിപ്പിക്കുന്നത് പലപ്പോഴും അവനേക്കാൾ മുന്നിലെത്തണം എന്നാണ്. പക്ഷെ അതിനൊപ്പം മറ്റൊരു പാഠവും പഠിപ്പിക്കേണ്ടതുണ്ട്.

മറ്റൊരാളെ താഴെയിറക്കി ഉയരുന്നതല്ല വിജയം. ഒരുമിച്ച് മുന്നേറുന്നതാണ് യഥാർത്ഥവിജയം.

മത്സരം വൈരമാകരുത്. വിജയം അഹങ്കാരമാകരുത്. തോൽവി അപമാനമാകരുത്. മറ്റൊരാൾ അസൂയപ്പെടുന്നതിനുപകരം പ്രചോദനം നേടാനും സ്വയം വിജയിക്കുമ്പോൾ മറ്റൊരാളെ ചെറുതാക്കാതിരിക്കാനും കുട്ടികളെ പഠിപ്പിക്കണം.

**സുനിൽ ഡി. കുരുവിള**

പ്രമുഖ കരിയർ പാരന്റിംഗ് കൺസൾട്ടന്റും അധ്യാപക പരിശീലകനുമാണ്. മാനവവിഭവശേഷി രംഗത്ത് പ്രവർത്തിക്കുന്ന ഇൻസൈറ്റ് മിഷന്റെ സ്ഥാപകൻ കൂടിയാണ്.

Email: sunil_kuruvilla@rediffmail.com

www.insightmission.org.in) Cell Phone Number: +91 9656144712/ +91 9847400712.

കൂടുതൽ പേരന്റിംഗ് ഗൈഡൻസ് Sunil Kuruvilla **എന്ന യുട്യൂബിലും കാണാം.**

# ക്നാനായ കുടിയേറ്റ ചരിത്രം

ഏബ്രഹാം കെ. മാത്യു, കട്ടായിത്തറ

AD 345 ൽ മെസപ്പൊട്ടോമിയയിൽ നിന്ന് മാർ ക്നായി തോമായുടെ നേതൃത്വത്തിൽ കേരളത്തിലെ കൊടുങ്ങല്ലൂരിൽ എത്തിയ 72 കുടുംബങ്ങളാണ് കേരളത്തിൽ ക്നാനായ സമൂഹത്തിനു ആധാരശിലയായത്. ക്നാനായ സമുദായത്തിന്റെ ചരിത്രത്തിൽ തങ്കലിപികളിൽ ആലേഖനം ചെയ്യപ്പെട്ട ആ കുടിയേറ്റം ദുർബലമായിക്കൊണ്ടിരുന്ന കേരളത്തിലെ ക്രിസ്തുമതത്തെ ശക്തിപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കുവഹിച്ചതായി ചരിത്രം രേഖപ്പെടുത്തുന്നു. കേരളവുമായി വ്യാപാരബന്ധത്തിൽ ഏർപ്പെട്ടിരുന്ന മാർ ക്നായിത്തൊമ്മനും അക്കാലത്ത് കേരളം ഭരിച്ചിരുന്ന ചേരമാൻ പെരുമാളുമായുള്ള ബന്ധങ്ങൾ കേരളത്തിൽ ക്രിസ്തുമതത്തെ ശക്തിപ്പെടുത്താൻ ഉതകുമെന്നു തിരിച്ചറിഞ്ഞ പൗരസ്ത്യ സഭാതലവൻ കാതോലിക്കോസ് ബാവായുടെ നിർദ്ദേശാനുസരണമാണ് മാർ ക്നായി തൊമ്മൻ,ബിഷപ്പ് ഉർഹാ മാർ യൗസേഫും ഏതാനും പുരോഹിതരും അടങ്ങുന്ന സംഘത്തെ നയിച്ചുകൊണ്ട് കേരളത്തിന്റെ മണ്ണിൽ കാൽ കുത്തിയതെന്നു ചരിത്രരേഖകളിൽനിന്നും കരുതപ്പെടുന്നു. ഇസ്രായേലിലെ ബാഗി, ബെൽക്കുത്ത്, ഹാഡി, കുജാലിഗ്, കൊജ, മുഗ്മുത്ത്, തെശ്മുത്ത്, എന്നിങ്ങനെ 7 ഗോത്രങ്ങളിൽനിന്നുള്ള 72 കുടുംബങ്ങളായിരുന്നു ആ സംഘത്തിൽ ഉൾപ്പെട്ടിരുന്നത്.

തന്റെ ദേശത്തേയ്ക്കെത്തിയ കുടിയേറ്റക്കാരെ സമാനതകളില്ലാത്ത ആദരം നൽകിയാണ് ചേരമാൻ പെരുമാൾ സ്വീകരിച്ചത്. ദാവീദുരാജാവിന്റെ വംശപരമ്പരയിൽപെട്ട ക്നായിത്തൊമ്മനും കൂട്ടർക്കും തന്റെ രാജ്യത്ത് ഒരു ബുദ്ധിമുട്ടും ഉണ്ടാവരുതെന്ന് അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. അവർക്ക് അധിവസിക്കാൻ കൊടുങ്ങല്ലൂരിന്റെ തെക്കുഭാഗത്തു ചില പ്രദേശങ്ങൾ നൽകിയതിനുപുറമേ അക്കാലത്തു നിലനിന്നിരുന്ന സാമൂഹ്യ ഉച്ചനീചത്വങ്ങൾ തന്റെ അതിഥികളുടെ ജീവിതത്തെ ബാധിക്കാതെയിരിക്കാനും അവരോടുള്ള തന്റെ സ്നേഹം പ്രകടിപ്പിക്കാനും 72 പ്രത്യേക അവകാശങ്ങൾ ഒരു ചെമ്പുതകിടിൽ സമ്മാനിച്ചു.

'തദ്ദേശീയരുമായി സഹവർത്തിത്തം പുലർത്തി ജീവിക്കുമ്പോൾ തന്നെ ബന്ധങ്ങൾ കൈവിടാതോർക്കണം. എപ്പോഴും' എന്ന കാരണവന്മാരുടെ നിർദ്ദേശങ്ങൾ ശിരസ്സാവഹിച്ചുകൊണ്ട് സ്വവംശവിവാഹനിഷ്ഠ കർശനമായി പാലിച്ചു കൊണ്ടുള്ള വിവാഹക്രമമാണ് ക്നാനായ സമൂഹം എന്നും പുലർത്തിപ്പോന്നത്. കുടിയേറ്റത്തോടുള്ള അഭിനിവേശം രക്തത്തിൽ അലിഞ്ഞുചേർന്ന സമുദായ അംഗങ്ങൾ മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ തേടി ലോകത്തിന്റെ വിവിധ കോണുകളിലേക്കു ചേക്കേറിയപ്പോഴും ക്നാനായ പാരമ്പര്യത്തിന്റെ ദീപനാളം അണയാതെ ഹൃദയത്തിൽ സൂക്ഷിക്കുന്നു.

1498-ൽ കോഴിക്കോട് കപ്പലിറങ്ങിയ വാസ്ക്കോഡിഗാമയെ തുടർന്നെത്തിയ പോർച്ചുഗീസ് അധിനിവേശം സിറിയ ആസ്ഥാനമായ പൗരസ്ത്യ ആരാധനാക്രമം അനുവർത്തിച്ചുപോന്ന ക്നാനായ സമൂഹത്തിന്റെ വിശ്വാസ ജീവിതത്തിലും കടന്നുകയറാൻ തുടങ്ങിയതോടെ സമുദായത്തിലെ ഭൂകേരളത്തിന്റെ വിവിധഭാഗങ്ങളായ ഉദയംപേരൂർ, കടുത്തുരുത്തി,കോട്ടയം, ചുങ്കം, കല്ലിശ്ശേരി, എന്നിവിടങ്ങളിലേക്കു കുടിയേറി താമസിച്ചു. എന്നാൽ പിൽക്കാലത്ത് പോർച്ചുഗീസുകാർ കൊച്ചി രാജ്യത്തിന്റെ ഭരണത്തിൽ പിടിമുറുക്കിയതോടെ ക്നാനായ സമുദായത്തെ പാശ്ചാത്യസഭയുടെ കീഴിൽ കൊണ്ടുവന്നു.അതിൽ അതൃപ്തരായിരുന്ന ക്നാനായക്കാർ അടക്കമുള്ള ഒരു വിഭാഗം ക്രിസ്ത്യാനികൾ പൗരസ്ത്യ സഭയിൽ തുടരാനുള്ള ശ്രമങ്ങൾ നടത്തി.

പൗരസ്ത്യ സഭയിൽനിന്ന് ഒരു മെത്രാപ്പോലീത്തൻ പോളിസിയുള്ള സഭാസംവിധാനങ്ങളിൽ ബിഷപ്പ് അല്ലെങ്കിൽ ആർച്ചു ബിഷപ്പിനു തുല്യമായ പദവി ലഭിക്കുന്നതു തടയാൻ പോർച്ചുഗീസുകാർക്കു കഴിഞ്ഞു. അവർ സിറിയൻ സഭയിൽനിന്നുള്ള പ്രതിനിധിയായ മാർ ഇഗ്നാത്തിയോസ് അഹത്തുള്ള ബാവയെ വധിച്ചതായി ഒരു കിംവദന്തി പ്രചരിക്കുകയും ചെയ്തു. ഇതും ലാറ്റിനൈസേഷന്റെ മറ്റ് അസംതൃപ്തിയും ആയിരക്കണക്കിനു സ്വദേശികളായ മാർത്തോമാ ക്രിസ്ത്യാനികളേയും ക്നാനായ സമുദായ അംഗങ്ങളേയും അവർ ക്ഷുഭിതരാക്കി. അവർ 1653 ജനുവരി 3 ന് മട്ടാഞ്ചേരിയിലെ പഴയ കുരിശിന്റെ മുമ്പിൽ അർക്കാഡിയോകൻ തോമസ്സിന്റേയും ഇട്ടിത്തൊമ്മൻ കത്തനാരുടേയും നേതൃത്വത്തിൽ ഒത്തുകൂടി. എല്ലാവർക്കും പള്ളിയുടെ മുമ്പിലെ കൽക്കുരിശിൽ തൊടാൻ കഴിയാത്തതിനാൽ അവർ കുരിശിനുചുറ്റും ഒരു വലിയ കയറിട്ട് ആ കയർ പിടിച്ച് "മേലാൽ ഈ വർഗ്ഗമുള്ള കാലത്തോളം പോർച്ചുഗീസ് പാതിരിമാരുടെ കീഴിൽ നിൽക്കുകയില്ല" എന്ന് ശപഥം ചെയ്തു. പ്രതിജ്ഞയിൽ പങ്കെടുത്ത ആളുകളുടെ വലിയ ശക്തിയാൽ കുരിശിനു സ്ഥാനചലനം ഉണ്ടാവുകയും അത് ചെരിയുകയും ചെയ്തു. ഇക്കാരണത്താൽ ഈ സംഭവം കൂനൻ കുരിശുസത്യം എന്നറിയപ്പെട്ടു. ഈ സംഭവത്തോടെ ക്നാനായ ജനങ്ങളിൽ ഒരു ഭാഗം സിറിയൻ സഭയുടെ ഭരണത്തിൻ കീഴിലായി. അവരെ ക്നാനായ യാക്കോബായ സമൂഹം എന്നു വിളിക്കുകയും റോമൻ മാർപ്പാപ്പായുടെ ഭരണത്തിൻ കീഴിൽ തുടർന്ന മറ്റുള്ളവരെ ക്നാനായ കത്തോലിക്കരെന്നും വിളിച്ചു വന്നു. ഈ രണ്ടുവിഭാഗങ്ങളും സ്വവംശവിവാഹനിഷ്ഠയിൽ അധിഷ്ഠിതമായ ജീവിതരീതിയാണ് അനുവർത്തിക്കുന്നത്. ക്രിസ്തീയ വിശ്വാസത്തിന്റെ വിഭിന്ന സരണികളിലൂടെയാണു ചരിക്കുന്നതെങ്കിലും ഇവർ തമ്മിലുള്ള വിവാഹബന്ധം, സ്വവംശ വിവാഹനിഷ്ഠക്കു തടസ്സമാകുന്നില്ല. അതുകൊണ്ടുതന്നെ ഇരുകൂട്ടരും ക്നാനായ സമുദായത്തിന്റെ ഭാഗമായി തുടരുന്നു.

യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭ അല്ലെങ്കിൽ യാക്കോബായ സിറിയൻ ക്രിസ്ത്യൻ ചർച്ച്, ആഗോള സുറിയാനി ഓർത്തഡോക്സ് സഭയുടെ ഭാഗമായ ഇന്ത്യയിലെ ഒരു ക്രൈസ്തവ സഭയാണ്. ഈ സഭയുടെ ആത്മീയ നേതൃത്വം അംഗീകരിക്കുന്ന ലോകമെമ്പാടുമുള്ള ക്നാനായ സമുദായ അംഗങ്ങളുടെ ആസ്ഥാനമായി സ്വയം ഭരണാവകാശമുള്ള ക്നാനായക്കാർ മാത്രം ഉൾപ്പെട്ട ക്നാനായ അതിഭദ്രാസനം ചിങ്ങവനം മാർ അപ്രേം സെമിനാരിയിൽ ജനാ

ധിപത്യത്തിൽ അധിഷ്ഠിതമായി നിലകൊള്ളുന്നു.

മലങ്കര യാക്കോബായ സഭയിലെ ക്നാനായ സമുദായ ക്കാർക്കായി 1910 ൽ ഇഗ്നാത്തിയോസ് അബ്ദുള്ള രണ്ടാമൻ എന്ന അന്ത്യോഖ്യാ പാത്രിയാർക്കീസ് സ്ഥാപിച്ചതാണ് മല ങ്കര സുറിയാനി ഭദ്രാസനം. സുറിയാനി ഓർത്തഡോക്സ് സഭാംഗങ്ങൾ ആണെങ്കിലും ക്നാനായ അതിഭദ്രാസന ത്തിലെ അംഗങ്ങൾ സ്വസമുദായത്തിൽ നിന്നുമാത്രം വിവാഹം ചെയ്യുന്നു. കുടിയേറ്റം രക്തത്തിൽ അലിഞ്ഞു ചേർന്ന ക്നാനായ ജനത ലോകത്തിന്റെ പലഭാഗങ്ങളിലേക്ക് ചേക്കേറിയെങ്കിലും ഇന്നും ക്നാനായ അതിഭദ്രാസനത്തിന്റെ ആസ്ഥാനമായ ചിങ്ങവനത്തു സ്ഥിതിചെയ്യുന്ന മാർ അപ്രേം സെമിനാരിയുമായുള്ള ബന്ധത്തിൽ തുടരുന്നു. ചേരമാൻ പെരുമാൾ രാജാവു ക്നായി തോമ്മായ്ക്കു കല്പിച്ചുതന്ന 72 പദവികൾ ഇവയാകുന്നു.

1.അറപ്പുര,2. അമ്പാരി, 3. അങ്കണം, 4.ആന്തോളം, 5.അമ്മൂലം,6. ആർപ്പ്, 7.ആലവട്ടം, 8.ആനസവാരി 9. ഉച്ചിപ്പൂവ്10. കച്ച 11. കച്ചപ്പുറം 12.കങ്കണം,13. കാൽത്തള, 14. കാൽ ചിലമ്പ്, 15.കുരവ 16. കുതിരസവാരി 17. കുഴൽവിളി 18. കൊടി 19. കൈക്കര 20. കൈത്തള 21. ചെല്ലി 22. ചെങ്കൊമ്പ് 23. ചെണ്ട 24. തമ്പേർ 25. തഴക്കുട 26.നേർവാൾ 27. പട്ടുച്ചട്ട 28. പട്ടുറൂമാൽ 29. പട്ടുമുണ്ട് 30. പകൽവിളക്ക് 31. പടിപ്പുര 32. പതക്കം 33. പണിപ്പുടവ 34. പരവതാനി 35.പാവാട 36. പല്ലക്ക് 37. പഞ്ചവാദ്യം 38. പന്തൽ വിതാനം 39. പതിനേഴ് പരിഷകൾ മേൽ കർതൃത്വം 40.മദ്ദളം 41. മണർകോലം 42. മുടി 43. മുടി കീഴാഭരണം 44. മുമ്മൂലം 45. മെതിയടി 46. രാജവാദ്യം 47.രാജസമക്ഷം ഇരിപ്പ് 48. രാജഭോഗം 49.വീണ 50.തീവെട്ടി 51.തൂക്കുമഞ്ചം 52. തൊങ്ങൽ 53. തോരണം 54. തോൾവള 55. തീണ്ടലകത്തൽ 56. നടവിളി 57.നായാട്ടുഭോഗം 58.നായികുടി പരിഷ 59.നെടിയ കുട

60. നെട്ടൂർ പെട്ടി 61.നാട്ടിക്കെട്ട് 62.വീരവാദ്യം 63. വീരമദ്ദളം 64. വീരശൃംഖല 65.വിരിപന്തൽ 66. വെഞ്ചാമരം 67.ശംഖ് 68. ഇടംപിരിശംഖ് 69. വലംപിരിശംഖ് 70.ഭൂമികരമൊഴിവ് 71. നായാട്ട് 72. പലമരങ്ങൾ.

●

# യബ്ബേസിന്റെ പ്രാർത്ഥന

**Mrs. Joy, Mumbai**

1. ദിനവൃത്താന്തം 4:10 ൽ കാണുന്ന ചെറിയ പ്രാർത്ഥന യബ്ബേസ് യിസ്രയേലിന്റെ ദൈവത്തോട് ഈ വിധം അപേക്ഷിച്ചു. "ഹാ എന്റെ ദൈവമേ, നീ എന്നെ അനുഗ്രഹിക്കുകയും എന്റെ ദേശത്തിന്റെ അതിരുകൾ വിപുലമാക്കുകയും ചെയ്യണമേ, നിന്റെ കൈ എന്റെ മേൽ ഉണ്ടായിരിക്കണമേ, ഞാൻ വേദനകളിൽ നിന്നും മോചനം നേടട്ടെ. ദൈവം അവന്റെ അപേക്ഷ കൈക്കൊണ്ടു. യബ്ബേസ് എന്ന പേരിനർത്ഥം വേദന എന്നാണ്. അത് അവന്റെ വിധി നിർണ്ണയിക്കാൻ അനുവദിച്ചില്ല. വിശ്വാസത്തോടെ, പ്രതീക്ഷയോടെ യിസ്രയേലിന്റെ ദൈവത്തോട് പ്രാർത്ഥിച്ചു. 10-ാം വാക്യത്തിന്റെ അവസാനം പറയുന്നു. "ദൈവം അവന്റെ പ്രാർത്ഥന കൈക്കൊണ്ടു.

യബ്ബേസിന് അറിയാമായിരുന്നു. യിസ്രയേലിന്റെ ദൈവത്തെ പ്രാർത്ഥിച്ചാൽ മറുപടി കിട്ടും എന്ന് ഉറപ്പുണ്ടായിരുന്നു. യബ്ബേസ് പ്രാർത്ഥിച്ചതുപോലെ വിശ്വാസത്തോടെ നമുക്കും പ്രാർത്ഥിക്കാം. നമ്മുടെ ജീവിതത്തിന്റെ ഭാരങ്ങൾ, മറ്റു പ്രശ്നങ്ങൾ ദൈവത്തോട് പറയാം. ആത്മാർത്ഥമായും, മറുപടി ഉണ്ട് എന്ന വിശ്വാസത്തോടെ പ്രാർത്ഥിക്കുമ്പോൾ നമുക്ക് അത് ലഭിക്കും. ഒരു പട്ടണത്തിന് യബ്ബേസ് എന്ന പേർ പറയപ്പെടുന്നു. (1.ദിനവൃത്താന്തം 2:55) അവിടെ പ്രാർത്ഥിക്കുന്നവർ മതപണ്ഡിതന്മാർ, ശാസ്ത്രജ്ഞന്മാർ പാർത്തിരുന്ന പട്ടണം ഇതിനെ നമുക്ക് ഒരു പട്ടണത്തിന്റെ പ്രാർത്ഥനയായും കാണാം. അവരുടെ പ്രാർത്ഥനയ്ക്ക് മറുപടി ലഭിച്ച് ആ പട്ടണത്തിലുള്ളവരെ മാന്യരാക്കിത്തീർത്തു.

1. ദിനവൃത്താന്തം 4:10-ാം വാക്യത്തിൽ നിന്ന് 4 കാര്യങ്ങൾ അവൻ പറയുന്നതായി കാണാം. അനുഗ്രഹം, അതിർ, ദൈവത്തിന്റെ കൈ, പീഡകൾ ദൈവത്തിന്റെ കണ്ണിൽ എല്ലാവരും ഒരുപോലെ പക്ഷേ ചിലർ മാന്യർ ബഹുമാന്യർ ആകുന്നു എങ്ങനെ എന്നാൽ നമ്മൾ ജീവിതത്തിൽ വരുത്തുന്ന മാറ്റം വരുത്തി ദൈവഹിതപ്രകാരം ജീവിക്കുമ്പോൾ ദൈവം നമ്മെ നിശ്ചയമായും അനുഗ്രഹിക്കും. അതിരുകൾ എന്ന് പറഞ്ഞിരിക്കുന്നത് ദേശത്തിന്റെ അതിരുകൾ, അറിവിന്റെ, ആത്മീയമായ സ്നേഹത്തിന്റെ, കരുണയുടെ, കൂട്ടായ്മയുടെ മുതലായ, അതിരുകൾ വിശാലമാക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം. ഓരോ മേഖലയിലും നമുക്ക് വളരുവാനും ദൈവം നമ്മെ സഹായിക്കും. ദൈവത്തിന്റെ കൈ യെശയ്യ.49:16 "ഞാൻ നിന്നെ എന്റെ ഉള്ളം കൈയിൽ വരച്ചിരിക്കുന്നു" സങ്കീ. 139:10. " നിന്റെ കൈ എന്നെ നടത്തും. നിന്റെ വലങ്കരം എന്നെ പിടിക്കും." നമ്മെ താങ്ങി നടത്തുന്ന കരം, അനുഗ്രഹിക്കുന്ന വീര്യം പ്രവർത്തിക്കുന്ന കരം നമ്മോട് കൂടെ ഉണ്ട്. പീഡകൾ അഥവാ അനർത്ഥം എല്ലാവരുടെയും ജീവിതത്തിൽ പരീക്ഷണങ്ങൾ അത് വരുമ്പോൾ അത് വ്യസനകാരണമാകാതെ നമ്മെ കാത്ത് സൂക്ഷിക്കുന്ന ദൈവം.

സമ്പത്തിൽ മാത്രമല്ല ജ്ഞാനത്തിലും അവസരങ്ങളിലും, മറ്റുള്ളവരെ സഹായിക്കുവാനുള്ള സ്നേഹിക്കുവാനുമുള്ള കൃപ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കാം. യബ്ബേസിന്റെ പ്രാർത്ഥന നമുക്ക് ഒരു മാതൃകയാണ്. നാം നമ്മുടെ ജീവിതം ദൈവത്തിന് സമർപ്പിക്കുമ്പോൾ, അനുഗ്രഹം തേടുമ്പോൾ, ശക്തിയിൽ ആശ്രയിക്കുമ്പോൾ ദൈവം നമുക്ക് വിജയം നൽകും. നമ്മുടെ വേദനകളെ മാറ്റാൻ ദൈവത്തിന് കഴിയും. നമ്മുടെ ഭൂതകാലം, കുടുംബം പരാജയങ്ങൾ, എങ്ങനെ ആരംഭിച്ചാലും, നമ്മൾ ദൈവത്തെ അന്വേഷിക്കുമ്പോൾ നമ്മുടെ ചരിത്രം ദൈവം മാറ്റി എഴുതും. യബ്ബേസിന്റെ കഥ നമ്മോട് പറയുന്നു. ആത്മാർത്ഥമായ പ്രാർത്ഥനയ്ക്ക് ദൈവം മറുപടി തരും. ഈ പ്രാർത്ഥന നമ്മുടെയും പ്രാർത്ഥനയായിരിക്കട്ടെ.

●

# സഭയുടെ അതിജീവനമാർഗ്ഗം

ഫാ. ഡാർലി എടപ്പങ്ങാട്ടിൽ, മുളന്തുരുത്തി

ലോകം അന്ധകാര ആഴിയിലേക്ക് നിപതിക്കുമ്പോൾ, സ്വാർത്ഥത കൊണ്ട് അധ:പതിച്ച മനുഷ്യർ പെരുകുമ്പോൾ, ഒറ്റപ്പെടലിന്റെ നീരൊഴുക്കിലേക്ക് ഒരാൾ പെട്ടുപോകുമ്പോൾ, ഭാവിയെക്കുറിച്ചുള്ള ആകുലതകൾ മനസ്സിനെ ഗ്രസിക്കുമ്പോൾ ആത്മബലത്തിന് വേണ്ടി നമ്മൾ എന്തു ചെയ്യും? പ്രാർത്ഥന ഒരു അതിജീവന മാർഗ്ഗം തന്നെയാണ്.

ഉത്ഥിതനായ ക്രിസ്തു 33 വർഷത്തെ ഇഹലോക ജീവിതവാസത്തിനു ശേഷം സ്വർഗ്ഗത്തിലേക്ക് മടങ്ങിയപ്പോൾ മൂന്നുവർഷം അവന്റെ നിഴലുപോലെ നടന്ന ശിഷ്യന്മാർ ഭൂമിയിൽ തനിച്ചാകുന്നുണ്ട്. ഒറ്റയ്ക്കിനി എല്ലാ പ്രതിസന്ധികളെയും പരീക്ഷകളെയും പ്രലോഭനങ്ങളെയും നേരിടാൻ ആത്മബലത്തിനും അതിജീവനത്തിനും വേണ്ടി അവർ ഒറ്റ കാര്യമേ ചെയ്തുള്ളൂ. 'ദൈവത്തെ സ്തുതിച്ചുകൊണ്ട് സദാ സമയവും ദേവാലയത്തിൽ കഴിഞ്ഞുകൂടി" (ലൂക്ക 24:53). ലൂക്കോസിന്റെ സുവിശേഷത്തിലെ അവസാന അധ്യായത്തിലെ ഒടുവിലത്തെ വചനമാണിത്. മാനവരാശിയോട് പങ്കുവയ്ക്കുവാനുള്ള ഏറ്റവും ഉത്കൃഷ്ടവും അന്തിമവുമായ സുവിശേഷ കല്പന 'നിരന്തരം ദൈവസന്നിധിയിൽ പ്രാർത്ഥിക്കുന്നവരാകുക എന്നു തന്നെയാണ്. മുന്നോട്ടുള്ള യാത്ര ദുർഘടം പിടിച്ചതും വ്യക്തതയില്ലാത്തതുമാകുമ്പോൾ പ്രാർത്ഥനയുടെ നുറുങ്ങു വഴിവെട്ടങ്ങൾ അനിവാര്യം തന്നെയാണ്.

അപ്പോസ്തോലപ്രവൃത്തികൾ പന്ത്രണ്ടാം അധ്യായം എടുത്തു വായിക്കുക. അത്ഭുതത്തേക്കാൾ അഭികാമ്യമായൊന്ന് നാമവിടെ ദർശിക്കുന്നു. സഭ ആത്മാർത്ഥമായി പ്രാർത്ഥിക്കുമ്പോൾ എന്ത് സംഭവിക്കും എന്നതിന്റെ ഉത്തമ തെളിവാണത്. സഭയ്ക്കെതിരെ പീഡനം ഉയർന്നുവന്നിരുന്ന കാലമായിരുന്നത്. ഹേറോദേസ് അഗ്രിപ്പാ രാജാവ് വിശ്വാസികളെ നിഷ്കരുണം പീഡിപ്പിക്കുവാൻ ആരംഭിച്ചു. യോഹന്നാന്റെ സഹോദരനായ യാക്കോബിനെ അവൻ വാളിനിരയാക്കി. അപ്പോസ്തോലന്മാരിൽ ഒരാൾ വീണുപോയപ്പോൾ സഭയ്ക്ക് നഷ്ടത്തിന്റെ വേദനയുണ്ടായി. ഇത് യഹൂദർക്ക് പ്രസാദകരമായി തോന്നിയതിനാൽ ഹേറോദേസ് പത്രോസിനെയും പിടികൂടി തടവിലാക്കി.

ആദ്യകാല വിശ്വാസികൾക്ക് രാഷ്ട്രീയ സ്വാധീനമോ, സമ്പത്തോ, സംഘബലമോ, ഭൗതിക പരിരക്ഷയോ ഒന്നുമുണ്ടായിരുന്നില്ല. എന്നിട്ടും അവർ എല്ലാ പ്രതിസന്ധികളെയും അതിജീവിച്ചത് മറ്റൊരു മാർഗ്ഗത്തിലൂടെയാണ്. പ്രാർത്ഥനയുടെ കരുത്തുകൊണ്ട് അന്നുമവർ പത്രോസിനു വേണ്ടി ഒന്ന് ചേർന്ന് ദൈവസന്നിധിയിൽ പ്രാർത്ഥിക്കുക മാത്രം ചെയ്തുള്ളൂ. എവിടെയോ തനിക്കു വേണ്ടി പ്രാർത്ഥനയിൽ കൂട്ടിരിക്കുന്നവരുണ്ടെന്ന തിരിച്ചറിവിന്റെ കരുത്തിൽ അയാൾ തടവറയെ ഉറക്കറയാക്കുന്നുണ്ട്.

ഭാരമുള്ള ചങ്ങലകളാൽ ബന്ധനത്തിനായി കിടക്കുമ്പോഴും, നാലു ഭടന്മാർ വീതമുള്ള നാലു സംഘങ്ങൾ ചുറ്റും കാവലിരിക്കുമ്പോഴും, കനത്ത കമ്പിയഴികളുള്ള തടവറയുടെ ഉള്ളിൽ രണ്ടു ഭടന്മാരുടെ നടുവിൽ അയാൾ ശാന്തമായി ഉറങ്ങിയെന്ന്. ആ വിശദാംശം എന്നെ അത്ഭുതപ്പെടുത്തുന്നു. മരണസാധ്യതയുള്ള ഒരു മനുഷ്യൻ സമാധാനത്തോടെ ഉറങ്ങിയെന്ന്. ആരൊക്കെയോ ദൂരെ തനിക്കുവേണ്ടി പ്രാർത്ഥിക്കാൻ ഉണ്ടെന്നുള്ള സാന്ത്വനത്തിലും, തന്റെ ജീവിതം ദൈവകരങ്ങളിൽ ഭദ്രമാണെന്ന വിശ്വാസത്തിന്റെ കരുത്തിലുമാണവൻ സ്വസ്ഥമായി ഉറങ്ങുന്നത്.

ഓർക്കണം, ഹേറോദേസ് അവനെ വധിക്കുവാൻ വേണ്ടി മാത്രമാണ് തടവറയിൽ പാർപ്പിച്ചത്. മാനുഷികമായി പറഞ്ഞാൽ അവന്റെ മരണം മുദ്രവച്ച് ഉറപ്പിച്ചതായിരുന്നു. എന്നിട്ടും ആദിമസഭ അവനെ മോചിപ്പിക്കുവാൻ ഒരു പ്രതിഷേധം സംഘടിപ്പിച്ചില്ല. ആയുധം കയ്യിലെടുത്തില്ല. അധികാരവുമായി വിലപേശിയില്ല. പ്രാർത്ഥിക്കുക മാത്രം ചെയ്തു. മരണശിക്ഷയുടെ പരസ്യവിചാരണയ്ക്കു ഏൽപ്പിക്കപ്പെടേണ്ടതിന്റെ തലേരാത്രിയിൽ പത്രോസിനെ മോചിപ്പിക്കുവാൻ അത് മതിയായിരുന്നു. പെട്ടെന്ന് ഒരു വെളിച്ചം തടവറയിൽ നിറഞ്ഞു. കർത്താവിന്റെ ഒരു ദൂതൻ പ്രത്യക്ഷപ്പെട്ടു. പത്രോസിന്റെ കൈകളിൽ നിന്ന് ചങ്ങലകൾ താഴെ വീണു. ദൂതൻ അവനെ എല്ലാ തടസ്സങ്ങളും കടന്ന് പുറത്തേക്ക് കൊണ്ടുപോകുമ്പോൾ കാവൽക്കാർ അറിഞ്ഞില്ല, പിന്നെ, വിശ്വാസികൾ പ്രാർത്ഥനയിൽ ഒത്തുകൂടിയ വീട്ടിലേക്കാണ് അവൻ പോയത്.

ചുരുക്കത്തിൽ ലോകം ക്രിസ്തു സന്ദേശത്തെ കടന്നാക്രമിച്ചിട്ടും, വിശ്വാസ സാക്ഷ്യത്തെ പീഡനങ്ങളാൽ ഞെരിക്കുവാൻ ശ്രമിച്ചിട്ടും പ്രാർത്ഥന കൊണ്ട് വിജയം വരിച്ച കഥയാണ് സഭയുടെ ചരിത്രം. അത്തരമൊരു ദുർഘടമായ സാഹചര്യമാണ് ഇപ്പോൾ വീണ്ടും വന്നുചേർന്നിരിക്കുന്നത്. പത്രോസിന്റെ ജീവിതത്തിൽ സംഭവിച്ചതുപോലൊരു രാത്രി എല്ലാവർക്കും വന്നുചേരാൻ ഇടയുള്ള ദുർവ്വിധിയാണ്. നവയുഗ സഭ കഠിനമായ പരീക്ഷണങ്ങളിലൂടെ കടന്നുപോകുകയാണ്. നിരാശയും വിശ്വാസക്കുറവും, കൽപ്പനാ ലംഘനങ്ങളും, വിഭാഗീയതയും അരങ്ങു വാഴുകയാണ്. അനീതിയും അക്രമങ്ങളും കുറ്റപ്പെടുത്തലുകളും നിരന്തരം വന്നുകൊണ്ടിരിക്കുകയാണ്. സുവിശേഷത്തെ ഇല്ലായ്മ ചെയ്യുവാൻ ഉതകുന്ന തടവറകൾ എല്ലായിടത്തും ഉണ്ട്.

എങ്കിലും നിരാശരാകേണ്ടതില്ല. ചങ്ങലകൾ തകർക്കപ്പെടണോ....വാതിലുകൾ തുറക്കപ്പെടണമോ... എവിടെയോ ആരോ നമുക്ക് വേണ്ടി പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു എന്നു മാത്രം. വിശ്വാസികളുടെ ശക്തി ഒരിക്കലും അവരുടെ കഴിവിലും സാമർത്ഥ്യത്തിലും അല്ല നയിക്കപ്പെടേണ്ടത്. മറിച്ച്, ദൈവത്തിലുള്ള ആശ്രയ ബോധത്തിലും പ്രാർത്ഥനയുടെ നിറവിലുമാണ്. ചിലരുടെ പ്രാർത്ഥന തീക്ഷ്ണമായതുകൊണ്ടാണ് ഇന്നും സഭ കാലത്തിന്റെ കുതന്ത്രങ്ങളെ അതിജീവിച്ച് വളർന്നു പന്തലിക്കുന്നത്.

ഒരു പക്ഷേ, പ്രാർത്ഥിക്കുന്ന സഭ ലോകത്തിന്റെ ദൃഷ്ടിയിൽ ദുർബലമായി തോന്നിയേക്കാം. എന്നാൽ വാസ്തവത്തിലത് ദൈവത്തിന്റെ ഇടപെടലുകളാൽ കരുത്താർജ്ജിക്കുകയാണ്. ആകയാൽ പ്രാർത്ഥനയുടെ കരുത്ത് തിരിച്ചറിയുക എന്നതുതന്നെയാണ് നമ്മുടെയും അതിജീവന മാർഗ്ഗം..

# ഏവൻഗേലിയോൻ ദീപം



ഫാ.ജേക്കബ് കല്ലുകുളം (വൈദികയോഗം സെക്രട്ടറി)

**സ്ലീബാ പെരുന്നാളിനുശേഷം അഞ്ചാം ഞായർ (18-10-2026) വി:മത്തായി 23:1:12**

ക്രിസ്തീയ ജീവിതത്തിൽ ഏറ്റവും അത്യാവശ്യമായ ഗുണം എളിമയാണെന്ന് ഓർമ്മിപ്പിക്കുന്നതാണ് വിശുദ്ധമത്തായിയുടെ സുവിശേഷം 23:1-12 വരെയുള്ള വേദഭാഗം. പരീശന്മാരുടേയും ശാസ്ത്രിമാരുടേയും അധരസേവയേയും അഹങ്കാരത്തേയും തിരുത്തിക്കൊണ്ട് യഥാർത്ഥ ശിഷ്യത്വത്തിന്റെ മാനദണ്ഡം എളിമയുള്ള സേവനമാണെന്ന് യേശു ഇവിടെ വ്യക്തമാക്കുന്നു.

**പറയുന്നതും പ്രവർത്തിക്കുന്നതും ഒന്നാകുക**

നിയമജ്ഞരും പരീശന്മാരും മോശെയുടെ പീഠത്തിൽ ഇരുന്നുകൊണ്ട് ജനങ്ങളെ നിയമങ്ങൾ പഠിപ്പിച്ചു. എന്നാൽ അവർ പറയുന്നത് അനുസരിക്കാൻ പറഞ്ഞയേശു അവരുടെ പ്രവൃത്തികളെ മാതൃകയാക്കരുതെന്ന് മുന്നറിയിപ്പ് നൽകുന്നു. കാരണം അവർ മറ്റുള്ളവരുടെ ചുമലിൽ താങ്ങാനാവാത്ത ഭാരം കയറ്റിവെക്കുകയും എന്നാൽ തങ്ങൾ ഒരു വിരൽ കൊണ്ടുപോലും അത് തൊടാൻ ആഗ്രഹിക്കാതിരിക്കുകയും ചെയ്തു. നമ്മുടെ വിശ്വാസവും പ്രവൃത്തിയും തമ്മിൽ വൈരുദ്ധ്യമില്ലാതെ ജീവിക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

**മനുഷ്യരുടെ പ്രശംസയല്ല, ദൈവീകപ്രീതി യഥാർത്ഥം**

അവർ തങ്ങളുടെ പ്രവൃത്തികളെല്ലാം മനുഷ്യർ കാണാൻ വേണ്ടിയാണ് ചെയ്തത്. വസ്ത്രങ്ങളുടെ അരികുകൾ വലുതാക്കുകയും വിരുന്നുകളിൽ മുഖ്യസ്ഥാനങ്ങളും സിനഗോഗുകളിൽ മുൻനിരകളും ആഗ്രഹിക്കുകയും ചെയ്തു.മനുഷ്യരുടെ പ്രശംസ ലഭിക്കുന്നതിലല്ല, മറിച്ച് ദൈവത്തിന് പ്രസാദമുള്ള ജീവിതം നയിക്കുന്നതിലാണ് ഒരു ക്രിസ്ത്യാനിയുടെ യഥാർത്ഥ മഹത്വം.

**എളിമയും സേവനവുമാണ് യഥാർത്ഥ വലിപ്പം**

''നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം''എന്ന വലിയ സത്യമാണ് യേശു ഇവിടെ പഠിപ്പിക്കുന്നത്. സ്വയം ഉയർത്തുന്നവൻ താഴ്ത്തപ്പെടും. സ്വയം താഴ്ത്തുന്നവൻ ഉയർത്തപ്പെടും. നമ്മെത്തന്നെ മറ്റുള്ളവർക്ക് മുന്നിൽ വലിയവരായി കാണിക്കാനല്ല, മറിച്ച് താഴ്മയോടെ സഹോദരങ്ങളെ സേവിക്കാനാണ് ക്രിസ്തു നമ്മോട് ആവശ്യപ്പെടുന്നത്.

നമ്മുടെ ജീവിതത്തിൽ ബാഹ്യമായ പ്രകടനങ്ങൾക്കോ സ്ഥാനമാനങ്ങൾക്കോ അല്ല, മറിച്ച് ഹൃദയത്തിന്റെ താഴ്മയ്ക്കാണ് ദൈവമുമ്പാകെ വിലയുള്ളത്. വചനജ്ഞാനവും അധികാരവുമുള്ളവർ കൂടുതൽ എളിമയുള്ളവരാകണം. മറ്റുള്ളവരെ വിധിക്കാനോ അവരുടെ മേൽ ഭാരം ചുമത്താനോ നിൽക്കാതെ താഴ്മയുള്ള ശുശ്രൂഷാ മനോഭാവത്തോടെ ജീവിക്കാൻ ഈ തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നു.

**സ്ലീബാ പെരുന്നാളിനുശേഷം ആറാം ഞായർ (25-10-2026) വി: ലൂക്കോസ് 18:18:27 ദൈവരാജ്യവും ലൗകിക സമ്പത്തും**

വായിച്ച ദൈവവചന ഭാഗത്ത് ഒരു പ്രമാണി യേശുവിന്റെ അടുക്കൽ വന്ന് "നല്ല ഗുരോ, നിത്യജീവനെ അവകാശമാക്കേണ്ടതിന് ഞാൻ എന്തു ചെയ്യണം?" എന്ന് ചോദിക്കുന്ന രംഗമാണ് നമ്മൾ കാണുന്നത്. ചെറുപ്പം മുതലേ കല്പ്പനകളെല്ലാം വിശ്വസ്തതയോടെ അനുസരിച്ച ഒരു വ്യക്തിയായിരുന്നു അവൻ. എന്നാൽ അവന്റെയുള്ളിൽ ഒരു ചോദ്യവും ശൂന്യതയും ശേഷിച്ചിരുന്നു.

അവന്റെ ആത്മാർത്ഥതയെ കണ്ട യേശു അവനിലെ പ്രധാന തടസ്സം ചൂണ്ടിക്കാണിച്ചു. 'നിനക്ക് ഇനിയും ഒരു കുറവുണ്ട്, നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു പകുത്തുകൊടുക്കുക. എന്നാൽ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക.' എന്നാൽ അവൻ വലിയ ധനവാനായിരുന്നതുകൊണ്ട് വളരെ ദു:ഖിതനായി അവിടെനിന്ന് മടങ്ങിപ്പോയി.

ഈ വേദഭാഗം നമ്മെ ഓർമ്മിപ്പിക്കുന്ന പ്രധാന ചിന്തകൾ ഇവയാണ്. ധനത്തിലല്ല, ദൈവത്തിലാണ് ആശ്രയം വേണ്ടത്. സമ്പത്ത് ഒരു അനുഗ്രഹമാണെങ്കിലും അത് ദൈവത്തേക്കാൾ ഉപരിയായി നമ്മുടെ ഹൃദയത്തെ കീഴടക്കുമ്പോൾ അത് നിത്യജീവന് തടസ്സമായി മാറുന്നു.

**പൂർണ്ണമായ സമർപ്പണം**

ദൈവരാജ്യത്തിന് പകുതി സമർപ്പണം പോരാ.ഭാഗികമായ അനുസരണത്തേക്കാൾ നമ്മുടെ ഏറ്റവും പ്രിയപ്പെട്ടതിനെപ്പോലും ദൈവത്തിന് മുമ്പിൽ കീഴടക്കാൻ നമ്മൾ തയ്യാറാകണം.

മനുഷ്യരാൽ അസാദ്ധ്യമായത് ദൈവത്താൽ സാദ്ധ്യം. ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പം എന്ന് യേശു പറയുമ്പോൾ ശിഷ്യന്മാർ അത്ഭുതപ്പെട്ടു. എന്നാൽ മനുഷ്യർക്ക് അസാദ്ധ്യമായ രക്ഷ ദൈവത്തിന് സാധ്യമാണ്.

നമ്മുടെ ജീവിതത്തിൽ ദൈവത്തിനും നമുക്കുമിടയിൽ നിൽക്കുന്ന കുറവ്അല്ലെങ്കിൽ തടസ്സം എന്താണ്? ലൗകികമായ നേട്ടങ്ങളേക്കാൾ ക്രിസ്തുവിനെ ഒന്നാമതായി പ്രതിഷ്ഠിക്കാനും അവനെ പൂർണ്ണമായി അനുഗമിക്കാനും നമ്മെ സഹായിക്കട്ടെ.

**കൂദോശ് ഈത്തോ ഞായർ (1-11-2026) ആരാണ് ഈ യേശു?**

നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ചോദ്യമാണ് ഇന്നത്തെ വേദഭാഗത്ത് (മർക്കോസ് 8:27-33) യേശു തന്റെ ശിഷ്യന്മാരോട് ചോദിക്കുന്നത്. ആളുകൾ എന്നെ ആര് എന്ന് പറയുന്നു? അതിനുശേഷം അവിടുന്ന് അത് കുറച്ചുകൂടി വ്യക്തിപരമാക്കുന്നു.

**എന്നാൽ നിങ്ങൾ എന്നെ ആര് എന്നു പറയുന്നു?**

ഈ വേദഭാഗം നമ്മെ മൂന്ന് പ്രധാനകാര്യങ്ങൾ ഓർമ്മിപ്പിക്കുന്നു.

**വ്യക്തിപരമായ അനുഭവം**

യേശുവിനെക്കുറിച്ച് ലോകത്തിന് പല അഭിപ്രായങ്ങളുണ്ടാകാം. ഒരു നല്ല മനുഷ്യൻ മഹാന്മാരായ പ്രവാചകന്മാരിൽ ഒരാൾ, അല്ലെങ്കിൽ ഒരു നല്ല അദ്ധ്യാപകൻ എന്നാൽ ഇതൊന്നും യേശുവിനെ പൂർണ്ണമായി നിർവചിക്കുന്നില്ല. പത്രോസ് ശ്ലീഹാ പറഞ്ഞതുപോലെ നീ ക്രിസ്തുവാകു

ന്നു(മ്ശിഹാ) എന്ന തിരിച്ചറിവ് നമുക്ക് ഉണ്ടാകണം. മറ്റുള്ളവരുടെ വിശ്വാസത്തിനപ്പുറം, യേശു എനിക്ക് ആരാണ് എന്ന ചോദ്യത്തിന് വ്യക്തമായ ഉത്തരം കണ്ടെത്താൻ നാം ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നു.

**കുരിശിന്റെ വഴിയും ദൈവഹിതവും**

യേശു താൻ അനുഭവിക്കാനിരിക്കുന്ന കഷ്ടാനുഭവങ്ങളെക്കുറിച്ചും മരണത്തെക്കുറിച്ചും ഉയിർത്തെഴുന്നേൽപ്പിനെക്കുറിച്ചും വ്യക്തമായി സംസാരിക്കുന്നു. എന്നാൽ പത്രോസ് അത് തടയാൻ ശ്രമിക്കുന്നു. ഇവിടെ യേശു പത്രോസിനെ ശാസിക്കുന്നത് അവിടുത്തെ സ്നേഹിക്കാതിരുന്നതുകൊണ്ടല്ല. മറിച്ച് ദൈവഹിതത്തിനുപകരം മനുഷ്യന്റെ ചിന്തകൾക്ക് മുൻഗണന നൽകിയതുകൊണ്ടാണ്.

**ആത്മപരിശോധന**

പലപ്പോഴും നമ്മുടെ ജീവിതത്തിലും ദൈവത്തിന്റെ പദ്ധതികളേക്കാൾ നമ്മൾ പ്രാധാന്യം നൽകുന്നത് നമ്മുടെ സ്വന്തം ഇഷ്ടങ്ങൾക്കും സൗകര്യങ്ങൾക്കുമാണ്. കഷ്ടപ്പാടുകളില്ലാത്ത ഒരു ക്രിസ്തീയ ജീവിതമാണ് നമ്മൾ ആഗ്രഹിക്കുന്നതെങ്കിൽ അത് യഥാർത്ഥ ശിഷ്യത്വമല്ല.

ക്രിസ്തുവിനെ നമ്മുടെ രക്ഷിതാവായി ഏറ്റു പറയുക എന്നത് വാക്കുകളിൽ മാത്രം ഒതുങ്ങേണ്ട ഒന്നല്ല. ദൈവഹിതത്തിന് കീഴടങ്ങി നമ്മുടെ അനുദിനകുരിശുകളുമേന്തി അവിടുത്തെ അനുഗമിക്കുന്നതാണ് സത്യമുള്ള വിശ്വാസം.

തന്റെ ഇഷ്ടത്തേക്കാൾ ദൈവത്തിന്റെ ഇഷ്ടം നിവേദിച്ചുകൊണ്ട് ക്രിസ്തുവിനെ നമ്മുടെ ജീവിതത്തിന്റെ നാഥനായി മുന്നിൽ നിർത്താൻ സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കട്ടെ.

**ഹൂദോസ് ഈത്തോ (8-11-2026)**

വിശുദ്ധ ലൂക്കോസ് 19: 47, 20:1-8 യേശുക്രിസ്തു തന്റെ പരസ്യശുശ്രൂഷയുടെ അവസാനനാളുകളിൽ യെരൂശലേം ദൈവാലയത്തിൽ ജനങ്ങളെ ഉപദേശിക്കുന്ന പശ്ചാത്തലമാണ് ഈ വാക്യങ്ങളിലുള്ളത്. ഈ വേദഭാഗം മൂന്നു പ്രധാനസത്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

**1. ദൈവവചനത്തോടുള്ള ജനങ്ങളുടെ താല്പര്യം**

ലൂക്കോസ് 19;47-48 വാക്യങ്ങളിൽ കാണുന്നത് മഹാപുരോഹിതന്മാരും ശാസ്ത്രിമാരും യേശുവിനെ നശിപ്പിക്കാൻ തക്കം പാർത്തിരുന്നപ്പോൾ സാധാരണക്കാരായ ജനം അവന്റെ വാക്ക് കേൾപ്പാൻ കൊതിച്ച് അവനോട് പറ്റിച്ചേർന്നു എന്നാണ്. ലോകാധികാരവും പദവികളും ഉള്ളവർ ദൈവവചനത്തെ എതിർത്തപ്പോൾ ലാളിത്യമുള്ള ഹൃദയങ്ങൾ അത് സന്തോഷത്തോടെ സ്വീകരിച്ചു. ദൈവവചനം കേൾക്കുവാനും അതനുസരിച്ച് ജീവിക്കാനുമുള്ള ദാഹം നമ്മുടെ ജീവിതത്തിലും ഉണ്ടാകണം.

**2.യേശുവിന്റെ അധികാരം**

**ലൂക്കോസ് 20:14 ഭാഗത്ത് നീ ഏത് അധികാരത്തിൽ ഇത് ചെയ്യുന്നു?** എന്ന് സഭാനേതാക്കൾ യേശുവിനോട് ചോദിക്കുന്നു. യേശുവിന്റെ അധികാരത്തെ ചോദ്യം ചെയ്തുകൊണ്ട് അവനെ കുടുക്കിലകപ്പെടുത്താനായിരുന്നു അവരുടെ ശ്രമം. എന്നാൽ യേശുവിന്റെ അധികാരം മനുഷ്യരിൽ നിന്നുള്ളതല്ല, അത് സ്വർഗ്ഗത്തിൽ നിന്നുള്ളതാണ്. നമ്മുടെ ജീവിതത്തിലും ആരാധനയിലും യേശുവിനുള്ള പരമാധികാരം നാം അംഗീകരിക്കുന്നുണ്ടോ എന്ന് സ്വയം ചോദിക്കേണ്ടതുണ്ട്.

**3.ഹൃദയ പരമാർത്ഥത**

യോഹന്നാന്റെ സ്നാനത്തെക്കുറിച്ചുള്ള യേശുവിന്റെ ചോദ്യത്തിന് (20:5-8) മറുപടി നൽകാൻ സാധിക്കാതെ എതിരാളികൾ നിശ്ശബ്ദരാകുന്നു. സത്യം അറിഞ്ഞിട്ടും

അത് അംഗീകരിക്കാനുള്ള മടിയും ഭയവുമാണ് അവരെ പിന്നോട്ട് വലിച്ചത്. ദൈവമുമ്പാകെ അടഞ്ഞ ഹൃദയത്തോടെയല്ല, മറിച്ച് തുറന്നതും പരമാർത്ഥതയുള്ളതുമായ ഹൃദയത്തോടെ വേണം നാം അടുത്തു ചെല്ലേണ്ടത്.

നമ്മുടെ ആരാധനയും വചനകേൾവിയും വെറുമൊരു ചടങ്ങായി മാറാതെ, ക്രിസ്തുവിന്റെ അധികാരത്തിന് കീഴ്പ്പെട്ട്, വചനത്തോട് പൂർണ്ണമായി പറ്റിച്ചേർന്ന് ജീവിക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ.

**സക്കറിയാവിനോടുള്ള അറിയിപ്പിന്റെ ഞായർ**

15-11-2026 (ലൂക്കോസ് 1:5-25)

ദൈവത്തിൽ ആശ്രയിക്കുന്നവരുടെ പ്രാർത്ഥനകൾ ഒരുനാളും വ്യർത്ഥമാകില്ല എന്ന് ഓർമ്മിപ്പിക്കുന്ന മനോഹരമായ ഒരു വേദഭാഗമാണിത്. പുരോഹിതനായ സെഖര്യാവിന്റേയും ഭാര്യ എലീശബേത്തിന്റേയും ജീവിതത്തിലൂടെ വലിയ ചില ആത്മീയ സത്യങ്ങൾ ദൈവം നമ്മെ പഠിപ്പിക്കുന്നു. ഈ വേദഭാഗത്തുനിന്ന് നമുക്ക് ഉൾക്കൊള്ളാൻ കഴിയുന്ന പ്രധാന ചിന്തകൾ താഴെ പറയുന്നവയാണ്.

**നീതിനിഷ്ഠമായ ജീവിതം**

സെഖര്യാവും എലീശബേത്തും ദൈവത്തിന്റെ സകല കല്പനകളും ന്യായങ്ങളും തെറ്റില്ലാതെ അനുസരിച്ച് ദൈവമുമ്പാകെ നീതിയുള്ളവരായി ജീവിച്ചവരായിരുന്നു(ലൂക്കോസ് 1:6). സാഹചര്യങ്ങൾ എന്തുതന്നെയായാലും ദൈവവഴിയിൽ നിശ്ശബ്ദമായി നിൽക്കുക എന്നത് പ്രധാനമാണ്.

**നിരാശകൾക്കിടയിലെ വിശ്വസ്തത**

ഇരുവരും വയസ്സായവരായിരുന്നു. എലീശബേത്ത് വന്ധ്യയുമായിരുന്നു. വാർദ്ധക്യത്തിലും കുഞ്ഞുങ്ങളില്ലാത്തതിന്റെ സങ്കടവും സാമൂഹികമായ ഒറ്റപ്പെടലും അവരെ അലട്ടിയിരിക്കാം.എങ്കിലും അവർ ദൈവത്തെ തള്ളിക്കളയാതെ തങ്ങളുടെ ശുശ്രൂഷയിൽ വിശ്വസ്തരായി തുടർന്നു. കേൾക്കപ്പെടുന്ന പ്രാർത്ഥനകൾ

"സെഖര്യാവേ, ഭയപ്പെടേണ്ട, നിന്റെ പ്രാർത്ഥനയ്ക്ക് ഉത്തരമായി" എന്ന് ഗബ്രിയേൽ ദൂതൻ പറയുന്നു, (ലൂക്കോസ് 1:13) നമ്മൾ വർഷങ്ങളായി പ്രാർത്ഥിച്ച് ഉപേക്ഷിച്ച കാര്യങ്ങൾ പോലും ദൈവം മറന്നുപോകുന്നില്ല. ദൈവത്തിന്റെ സമയത്ത് അവൻ മറുപടി നൽകും.

**ദൈവഹിതത്തിന് കാത്തിരിക്കുക**

സഖര്യാവിന് ജനിക്കാൻ പോകുന്ന മകൻ (സ്നാപകയോഹന്നാൻ) സാധാരണക്കാരനായിരുന്നില്ല. അവൻ കർത്താവിനായി വഴി ഒരുക്കുന്നവനായിരിക്കണം എന്നതായിരുന്നു ദൈവപദ്ധതി. നമ്മുടെ ആഗ്രഹങ്ങളേക്കാൾ ദൈവത്തിന്റെ നിത്യമായ പദ്ധതികൾക്കാണ് പ്രാധാന്യം.

**സംശയവും മൗനവും**

ദൈവവചനം കേട്ടിട്ടും അത് വിശ്വസിക്കാൻ മടിച്ച സെഖര്യാവിന് യോഹന്നാന്റെ ജനനം വരെ സംസാരശേഷി നഷ്ടപ്പെടുന്നു. ദൈവത്തിന്റെ വാഗ്ദാനങ്ങളെ സംശയത്തോടെയല്ല, പരിപൂർണ്ണ വിശ്വാസത്തോടെയാണ് നമ്മൾ സമീപിക്കേണ്ടത്.

നമ്മുടെ ജീവിതത്തിലും പ്രാർത്ഥനകൾക്ക് മറുപടി ലഭിക്കുന്നില്ലെന്ന് തോന്നുമ്പോൾ നിരാശപ്പെടരുത്. അസാദ്ധ്യമാകുന്നതിനെ സാദ്ധ്യമാക്കുന്ന ഒരു ദൈവമുണ്ട്. അവൻ നിശ്ചിതസമയത്ത് തന്റെ ജനത്തിനായി അത്ഭുതങ്ങൾ പ്രവർത്തിക്കും. സെഖര്യാവിനേയും എലീശബേത്തിനേയും പോലെ ദൈവമുമ്പാകെ വിശ്വസ്തതയോടെ നിലനിൽക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ.

●

**പുസ്തക പരിചയം**

# ചിറയിലച്ചൻ: ദൈവം തൊട്ട പുരോഹിതൻ

**ഗ്രന്ഥകാരൻ: ഫാ: ജയിംസ് തോടത്തിൽ**

ഒട്ടകങ്ങൾക്കായി സൂചിക്കുഴകൾ വലുതാക്കപ്പെടുന്ന ഇക്കാലത്ത് കാരത്വമുള്ള ഉപ്പ് ആയി അഞ്ചുപതിറ്റാണ്ടോളം ക്നാനായ സമുദായത്തിന്റെയും, അതിന്റെ അമരക്കാരനായിരുന്ന പുണ്യശ്ലോകനായ ക്ലീമീസ് തിരുമേനിയുടെയും ഒപ്പം നടന്ന, ജീവിച്ചിരുന്ന, അതോടൊപ്പം സമുദായത്തിലെ പല നിർണ്ണായക സംഭവങ്ങൾക്കും നേർസാക്ഷിയാകയും ചെയ്ത യുഗപ്രഭാവനായ ഒരു വന്ദ്യ പുരോഹിതന്റെ മിഴിവാർന്ന ജീവിതത്തിലേക്കുള്ള ഒരു തിരനോട്ടമാണ് ഈ പുസ്തകം. താലന്തുകളാൽ സമ്പുഷ്ടവും വരദാനങ്ങൾ നിറഞ്ഞതുമായ ആ ധന്യജീവിതം വരും തലമുറകൾക്കായ് ചരിത്രത്താളുകളിൽ കോറിയിടപ്പെടുന്നു.

"സത്യം ചൊല്ലാം, പ്രിയം ചൊല്ലാം, ചൊല്ലീടാം സത്യമപ്രിയം," എന്ന് സംസ്കൃതത്തിൽ പ്രശസ്തമായൊരു ചൊല്ലുണ്ട്. പല അപ്രിയ സത്യങ്ങളിലേക്കും വിരൽ ചൂണ്ടുന്ന ക്നാനായ സമൂഹ മന:സാക്ഷിയുടെ മുമ്പിൽ ചോദ്യ ചിഹ്നങ്ങളുയർത്തുന്ന, ചില നൊമ്പരങ്ങളിലേക്കു നയിക്കുന്ന ഒന്നാണീ ഗ്രന്ഥം. ചിറയിലച്ചന്റെ മാനസപുത്രനും അരുമശിഷ്യനും വിശിഷ്യാ സന്തത സഹചാരിയുമായ ബഹു. ജയിംസ് തോടത്തിലച്ചൻ ആ വിശിഷ്ട ജീവിതം നമ്മുടെ മുമ്പാകെ ഒളിമങ്ങാതെ ചിത്രീകരിച്ചിരിക്കുന്നു. എഴുതുന്ന വ്യക്തിയുടെ ജീവിത കാഴ്ച്ചപ്പാടിലൂടെയും പഠനങ്ങളിലും നിഗമനങ്ങളിലൂടെയുമാണ് ഒരു ജീവചരിത്രഗ്രന്ഥം ഇതൾ വിരിയുന്നത്. ഇതിലെ പ്രതിപാദ്യ വിഷയങ്ങളിൽ ചിലതിനോട് നമുക്ക് ആശയപരമായും വസ്തുതാപരമായും

യോജിയ്ക്കാവതില്ലെങ്കിലും അതിൽ രേഖപ്പെടുത്തപ്പെട്ട ചരിത്രത്തെ, വസ്തുതകളെ നമുക്ക് അവഗണിക്കാനാവില്ല. ചരിത്രവും വിശ്വാസങ്ങളും പാരമ്പര്യങ്ങളും കാനോനിക അനുശാസനങ്ങളും ഒക്കെ ഇഴുകിച്ചേർന്ന് ഊടും പാവും നെയ്തെടുത്ത ഒരു തനത് പൗരാണിക സംസ്കാരത്തിന്റെ 1959 മുതൽ 2022 വരെയുള്ള സംഭവവികാസങ്ങൾക്കും പരിണാമങ്ങൾക്കും ഒപ്പം നടന്ന ഒരു വ്യക്തിയുടെ ജീവചരിത്രമാണ് ഈ പുസ്തകം. അനേകർക്ക് പ്രചോദനവും മാതൃകയുമായ ഒരു ദൈവപുരുഷന്റെ ജീവിതം നമ്മുടെ മുമ്പാകെ കറുപ്പിലും വെളുപ്പിലും വിരചിക്കപ്പെട്ടിരിക്കുന്നു. ഇടവകവികാരി മുതൽ താൻ വഹിച്ച എല്ലാ സ്ഥാനങ്ങളിലും, തലങ്ങളിലും ഭരണപാടവവും, നേതൃത്വമികവും തെളിയിച്ച ഒരു ഭരണാധിപനായിരുന്നു അദ്ദേഹം. കർത്താവിന്റെ ആടുകളെ മേയ്ക്കുന്ന ഇടയന്മാരാകാനുള്ള ദൈവവിളി അനേകരെ ബോധ്യപ്പെടുത്തി.അവരെ വൈദിക ശ്രേണിയിലേക്കു നയിച്ച വഴികാട്ടിയും ഗുരുവും മല്പ്പാനുമാകാൻ അദ്ദേഹത്തിനായി. അതുപോലെ യുഗപ്രഭാവനായ ക്ലീമീസ് തിരുമേനിയുടെ കാര്യസ്ഥൻ, ഉപദേഷ്ടാവ്, സന്തതസഹചാരി, എന്നീ നില




കളിലും അദ്ദേഹം പ്രശോഭിച്ചു.പോരാ, പട്ടമേറ്റ സമയത്ത് താൻ ദൈവമുമ്പാകെ ചെയ്ത സത്യപ്രതിജ്ഞയെ ശിരസ്സാവഹിച്ച് മരണപര്യന്തം മേൽസ്ഥാനീയരോട് വിശിഷ്യാ ക്ലീമ്മീസ് തിരുമേനിയോട് വിധേയത്വവും 'ചോദ്യം ചെയ്യാത്ത' അനുസരണവും കാണിച്ചിരുന്നതിനെ അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്യാതെ വയ്യ.

ക്നാനായ സമുദായത്തിൽ ബഹു: ചിറയിലച്ചൻ വഹിക്കാത്ത പദവികളോ, സ്ഥാനങ്ങളോ ചുരുക്കമത്രേ. എന്നാൽ ചിലപ്പോഴൊക്കെ ചില തിരസ്കാരങ്ങൾ ബോധപൂർവ്വമായ അവഗണനകൾ, താൻ കൈപിടിച്ച് ഉയർത്തിയവർ നിർണ്ണായക നിമിഷങ്ങളിൽ പിൻ തുണയേകാഞ്ഞത് തുടങ്ങിയ വേദനാജനകങ്ങളായ അനുഭവങ്ങളുമുണ്ട്. ചിറയിലച്ചന്റെ ശൈലിയോടോ, നിലപാടുകളോടോ തീരുമാനങ്ങളോടോ, നമുക്ക് ചിലപ്പോൾ വിയോജിപ്പുണ്ടാകാം. എന്നാൽ താൻ പുലർത്തിയ ആശയപരമായ സ്ഥൈര്യത്തേയും വിശ്വാസാചാരങ്ങളിലുള്ള വിട്ടു വീഴ്ച്ചയില്ലാത്ത കാർക്കശ്യ നിലപാടുകളേയും സുറിയാനി പാരമ്പര്യങ്ങളിലും കൂദാശാനുഷ്ഠാനങ്ങളിലുമുള്ള നിഷ്ഠയേയും അംഗീകരിക്കാതെവയ്യ.

ഞാനോ കുറയണം, അവനോ (ക്രിസ്തു)വളരേണം എന്നതിന് പകരം അവൻ കുറഞ്ഞാലും ഞാൻ വളരേണമെന്ന ചിന്താഗതി ക്രൈസ്തവ നഭോ മണ്ഡലത്തിൽ പ്രചാരം നേടിക്കൊണ്ടിരിക്കുന്ന ഇന്ന് ചിറയിലച്ചനെപ്പോലെ ഭിന്നതകൾ പരിഹരിക്കുവാനായി ഇടപെടാൻ ആർജ്ജവമുള്ള സൗമ്യനും ജ്ഞാനിയുമായ ഒരു പുരോഹിതന്റെ അസാന്നിദ്ധ്യം നമുക്ക് അനുഭവപ്പെടുന്നുണ്ട്.

സ്മരണാഞ്ജലികളോടെ,

**സാജൻ തോമസ് പരവഞ്ചേരിൽ**

# പൗരോഹിത്യം ഇന്ന് നിലവിലുണ്ടോ

ഉണ്ണി ഏബ്രഹാം കൊറ്റുചാലിൽ

മിസ്രയീമിൽനിന്നുള്ള ഇസ്രായേലിന്റെ പ്രയാണമദ്ധ്യേ അവർ സീനായിലെത്തി. അവിടെ വെച്ച് ദൈവം കല്പ്പിച്ചു. നിങ്ങൾ എനിക്ക് ഒരു പുരോഹിത രാജ്യത്വവും വിശുദ്ധജനവുമാകും. (പുറ19:6) പഴയ നിയമത്തിൽ ദൈവം പൗരോഹിത്യത്തിന്റെ വ്യാപാരം ഏർപ്പെടുത്തിയത് ഇവിടെവെച്ചാണ്. തുടർന്ന് ദൈവിക നിഷ്കർഷപ്രകാരം അഹറോനെ മഹാപുരോഹിതനായി അഭിഷേകം ചെയ്തു. അഭിഷേകം ചെയ്യുന്ന വിധം പുറപ്പാട് 28 ൽ കാണാം. വിശ്വാസത്താൽ നീതീകരിക്കപ്പെടാനായി മ്ശിഹായുടെ കാലം വരെയുള്ള ഒരു ശിക്ഷണമായിരുന്നു ഇത്. (ഗലാ3:24) പഴയനിയമസഭയിൽ കർത്താവിന്റെ ഭാഷയിൽ പറഞ്ഞാൽ ഏക സിംഹാസനമേ ഉണ്ടായിരുന്നുള്ളു. അത് മോശയുടേത് ആയിരുന്നു. (മത്താ 23-1-3)കാലാകാലങ്ങളിൽ വളരെ പ്രഗത്ഭരായ മഹാപുരോഹിതർ ഉണ്ടായിട്ടുണ്ട്. എന്നാൽ അവരെല്ലാം 'അൽക്കുർസീയോ മൂശേയിസേബ്' എന്നാണ് അറിയപ്പെട്ടിരുന്നത്. പത്രോസ്ശ്ലീഹാ പറയുന്നു, നിങ്ങളോ അന്ധകാരത്തിൽ നിന്ന് അത്ഭുതപ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവുമത്രേ. (പത്രോ2:9-10) ഇത് പത്രോസ് പഴയനിയമത്തിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഇതിന്റെ അർത്ഥം പൗരോഹിത്യം വേണ്ട എന്നല്ല, പൗരോഹിത്യം ആവശ്യമാണെന്ന് ശക്തമായ ഭാഷയിൽ വെളിപ്പെടുത്തുകയാണത്രേ ചെയ്യുന്നത്.

ഇസ്രയേൽ പൂർണ്ണമായും രാജകീയ പുരോഹിത വർഗ്ഗമായിരുന്നുവെങ്കിലും ഒരു യഹൂദനും ദേവാലയത്തിൽ ശുശ്രൂഷ ചെയ്തിട്ടില്ല. ചെയ്യാൻ ശ്രമിച്ചവർ കഠിനശിക്ഷ അനുഭവിച്ചിട്ടുണ്ട്.(ലേവ്യ10;1-3) അതിൽ ശുശ്രൂഷാ പൗരോഹിത്യം ലഭിച്ച പുരോഹിതന്മാർ ഉണ്ടായിരുന്നു. പൗരോഹിത്യം പാപമോചനവുമായി ബന്ധപ്പെട്ടിരിക്കുന്നു(എബ്രാ 5-1).പഴയനിയമത്തിൽ പലവിധത്തിലുള്ള യാഗങ്ങൾ കാണാം. (ലേവ്യ7:37).ആണ്ടിലൊരിക്കൽ മഹാപുരോഹിതൻ മഹാവിശുദ്ധസ്ഥലത്ത് പ്രവേശിക്കുമ്പോൾ പിന്നിൽ ലേവ്യാ പുരോഹിതന്മാർ ഉണ്ടായിരുന്നു. (എബ്രാ 9-6).യേശുക്രിസ്തു മഹാപുരോഹിതനെങ്കിൽ (സങ്കീ110:4)(എബ്രാ 7-26)സഭ പുരോഹിത വർഗ്ഗമാണ്. എങ്കിൽ താൻ താൻ നിയമിച്ചാക്കിയവർ ഭൂമിയിൽ ഇല്ലാതിരിക്കുമോ?(മത്താ 16-16-20)(മത്താ 18-18-19)(2കൊറി:5:20)പ്രധാനമന്ത്രിയുടെകീഴിൽ /മുഖ്യമന്ത്രിയുടെകീഴിൽ മന്ത്രിമാർ/സർവ്വസൈന്യാധിപന്റെ കീഴിൽ സൈന്യം ഇല്ലാതിരിക്കുമോ? ഡി.ജി.പിയുടെ കീഴിൽ പോലീസുകാർ ഇല്ലാതിരിക്കുമോ/ ഇല്ലായെന്നു പറഞ്ഞാൽ കണ്ണടച്ച് സ്വയം ഇരുട്ടാക്കുകയല്ലേ ചെയ്യുന്നത്. രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ എവിടെ കൂടിയാലും അവരുടെ മദ്ധ്യേ ഞാനുണ്ട് എന്ന് (18:20)കർത്താവിന്റെ പ്രസ്താവനയെ ഉദ്ധരിച്ചുകൊണ്ട് പള്ളിയിൽ പോകണ്ടഎവിടെയിരുന്നു പ്രാർത്ഥിച്ചാലും മതിയെന്ന് ചിലർ പറയും. എന്നാൽ അതു പറഞ്ഞ കർത്താവു പതിവായി പള്ളിയിൽ പോയിരുന്നു. (ലൂക്കോ4:16)എന്തുകൊണ്ട് പുതിയനിയമ പൗരോഹിത്യം ആവശ്യമായിവരുന്നത്? ന്യായപ്രമാണത്തിന്റെ കാലം, യോഹന്നാൻ സ്നാപകൻ വരെയായിരുന്നു. (ലൂക്കോ: 16:16)ന്യായപ്രമാണം യേശുക്രിസ്തുവരെ മാത്രമായിരുന്നു. (ഗലാ 3:19)ന്യായപ്രമാണം പോരായ്മകൾ ഉള്ളതായിരുന്നു.(എബ്രാ8:18-19) ന്യായപ്രമാണം ശാപമായിരുന്നു(ഗലാ 3:13).ബലഹീനതകൾ ഉള്ളതും നിഷ്പ്രയോജനവുമായിരുന്നു(എബ്രാ7:18-19) ജീവിപ്പിക്കാൻ കഴിവുള്ളതായിരുന്നില്ല.(ഗലാ 3:21).ക്രിസ്തുവിനെ മറക്കുന്നതായിരുന്നു. (2 കൊറി -3:14). കഠിനനുകമായിരുന്നു. (അപ്പോ 15-10).മരണത്തിന്റെ പ്രമാണമായിരുന്നു. (2 കോറി 3:7)രാപകൽ കുറ്റം ചുമത്തുന്നതായിരുന്നു.(യോഹ:5-45) (വെളി 12-10). ജീർണ്ണിച്ചതും നീങ്ങിപ്പോകാൻ അടുത്തിരിക്കുന്നതുമായിരുന്നു. (എബ്രാ 8 -13)പൗലോസ് ശ്ളീഹാ ഇതെഴുതുമ്പോൾ ദേവാലയം നിലനിന്നിരുന്നു. (Ist Taber nacle)(Heb9:8) അത്എ.ഡി 70 ൽ നീങ്ങിപ്പോയി. നീതിരഹിതവും ഭയത്തിന്റെയും വിറയലിന്റേയും ആയിരുന്നു(എബ്രാ12:18-21)

തേജസ്സില്ലാത്തതായിരുന്നു (2 കൊറി 3:10).ഫലം ഇല്ലാത്തതായിരുന്നു. (ലൂക്കോ13:6-7) പുതിയത് എന്ന് പറയുന്നതിനാൽ ആദ്യത്തേതിനെ പഴയതാക്കിയിരിക്കുന്നു. ( എബ്രാ 8-13)

"ആദ്യാചാരത്വം കൈക്കൊണ്ടഹരോൻ
മോശയോടൊന്നിച്ച് "

പഴയതിനെ ന്യായം വിധിച്ച് രണ്ടാമത്തേതിനെ സ്ഥാപിക്കാൻ ആദ്യത്തേതിനെ നീക്കിക്കളയുന്നു. (എബ്രാ 10-9).

"ഉത്ഥാനം ചെയ്തുടനെ തന്നെ ക്രൂശിച്ച
സെഹിയോനെ നശിപ്പിച്ചു സഭാപാണീഗ്രഹണത്തെ"

എന്താണ് ന്യായവിധിക്ക് കാരണം? വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യന്റെ പ്രവൃത്തി ദോഷമുള്ളതാകയാൽ അവർ വെളിച്ചത്തേക്കാൾ അധികം ഇരുളിനെ സ്നേഹിച്ചു. (യോഹ:3-19). പഴയനിയമയാഗങ്ങളിൽ ദൈവം പ്രസാദിച്ചിരുന്നില്ല. (മത്താ 9:13).(എബ്ര 10:1-87)(ഹോശായ 6:6). ദൈവം പ്രസാദിക്കുന്നത് അധരഫലം അഥവ സ്തുതി ബലികളിലാണ്. (എബ്രാ 13: 15) (സങ്കീ 50: 23)

സ്തുതിയാം ബലികളർപ്പിപ്പീൻ
കർത്താവിന് -പ്രിയരേ നിങ്ങൾ

പൗരോഹിത്യം എങ്ങനെയുള്ളതായിരിക്കണം. അഹരോനെപ്പോലെ ദൈവം തെരഞ്ഞെടുത്തവനായിരിക്കണം. കർത്താവ് പോലും മഹാപുരോഹിതനാകാനുള്ള മഹത്വം സ്വയം ഏറ്റെടുത്തില്ല. അത് പിതാവാം ദൈവത്തിൽ നിന്ന് ലഭിച്ചതത്രേ. (എബ്രാ 5:4-5)മുൻഗാമിയില്ലാതെ പിൻഗാമിയുണ്ടാകരുത് (റോമാ 10-15). അധികാരം ലഭിച്ചവർ ആയിരിക്കണം(മത്തായി 21-23).

ഇന്ന് കാണുന്ന പൗരോഹിത്യം 2000 വർഷം പിന്നോട്ടു പോയി ശ്ളീഹന്മാരിലും കർത്താവിലും പിതാവാം ദൈവത്തിലും എത്തി നിൽക്കുന്നു (മത്തായി 10-40).ശ്ളീഹന്മാർ സാധുതയുള്ള ശുശ്രൂഷയോടുകൂടിയ കൈവയ്പ്പിലൂടെ അധികാരം കൈമാറുന്നു. (അപ്പോ6:6)(1 തീമോ4:14) ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനപ്രമാണങ്ങളിലൊന്നാണ് കൈവെയ്പ്പ്.(എബ്രാ 6:1). പഴയനിയമത്തിൽ മോശ കൈവയ്പ്പിലൂടെ ആത്മീയ അധികാരം അഹരോനും രാഷ്ട്രീയ അധികാരം യോശുവായ്ക്കും കൈമാറുന്നതായി കാണാം. ലേവ്യാ പൗരോഹിത്യം കുടുംബ പൗരോഹിത്യമാകയാൽ

പിന്നീട് കൈവയ്പ്പിന്റെ ആവശ്യം വരുന്നില്ല.

അന്ത്യോഖ്യായുടെ പരി: ഇഗ്നാത്തിയോസ്‌ന്തരോനോ(AD 68-107) യുടെ ലേഖനങ്ങളിൽ ബിഷപ്പ് (അദ്ധ്യക്ഷൻ)1 തീമോ 3:3/Priest(കശ്ശീശ്ശാ(1 പത്രോ 5:1))Dican (ശെമ്മാശൻ)(അപ്പോ6:6)എന്നീ നിരകാണാം. അതിൽ നിന്നും ഒന്നാം നൂറ്റാണ്ടുമുതൽ പൗരോഹിത്യത്തിന്റെ നിരകൾ ഉണ്ടായിരുന്നതായി അനുമാനിക്കാം. പുതിയ നിയമത്തിന്റെ മൂലഭാഷയായ ഗ്രീക്കിൽ പെപ്റ്റിട്രാസ് എന്ന പദം കാണാം. ഇതിന്റെ ശരിയായ അർത്ഥം പുരോഹിതൻ അല്ലെങ്കിൽ ബലി അർപ്പിക്കുന്നവൻ എന്നാണ്. പുതിയ നിയമത്തിൽ പൗരോഹിത്യം ഇല്ലായിരുന്നുവെങ്കിൽ പൗലോസ് ശ്ളീഹാ എങ്ങനെ പൗരോഹിത്യ ശുശ്രൂഷ നടത്തി. (റോമ 15 –15)പുതിയ നിയമ പെന്തിക്കോസ്തിയുടെ മൂന്നാം നാൾ കർത്താവു സ്ഥാപിക്കുകയും (1 കൊറി 11: 23–30)(ലൂക്കോ 22: 14–20)തന്റെ ശ്ലീഹന്മാരെ ഭരമേൽപ്പിക്കുകയും ചെയ്ത വി. കുർബാന വി. മർക്കോസിന്റെ മാളികയിൽ യാക്കോബ് ശ്ളീഹാ അർപ്പിച്ചു. (5–ാം ഇസ്ദേൻ) എന്നാൽ ഇന്ന് ചിലർ കർത്താവ് സ്ഥാപിച്ച വി.കുർബ്ബാനയെന്ന കൂദാശയെ കർത്തൃമേസയെന്ന ഓമനപ്പേരിൽ അനുകരിച്ച് അവഹേളിച്ച് കർത്താവിനെ പരിഹസിക്കുന്നു. വി.കുർബ്ബാനയാണ് കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും രണ്ട് ലോകങ്ങളിലുമുള്ള നിരപ്പിനും സമാധാനത്തിനുമുതകുന്നത്.അബ്രഹാമുവായുള്ള ഉടമ്പടി കർത്താവിൽ പൂർത്തിയായി പൂർത്തിയായി (ഗലാ 3–16)അബ്രഹാം ആറിൽനിന്നും

വി.കുർബ്ബാന സ്വീകരിച്ചുവോ ആ അത്യുന്നതനായ ദൈവത്തിന്റെ മഹാപുരോഹിതന്റെ കാലത്ത് ഉണ്ടായിരുന്നതും 500 വർഷങ്ങൾക്ക് ശേഷം നിന്നുപോയ തുമായ അപ്പവും വീഞ്ഞും കൊണ്ടുള്ള ദിവ്യബലിയെ കർത്താവ് പുന:സ്ഥാപിക്കുകയത്രേ ചെയ്യുന്നത്. (ഉല്പ: 14:18–20)ഞാൻ ഇസ്രയേൽ ജനത്തോടും യഹൂദാ ഗ്രഹത്തോടും പുതിയ ഒരു നിയമം ചെയ്യുന്ന ചെയ്യുന്ന കാലം വരും (എബ്രാ 8:8) ഞാൻ നിങ്ങൾക്ക് എന്റെ മനസ്സിനൊത്ത ഇടയന്മാരെ തരും.അവർ നിങ്ങളെ ജ്ഞാനത്തോടും ബുദ്ധിയോടും കൂടി മേയ്ക്കും. പിന്നെ അവിടെ പഴയനിയമത്തിൽ കാണുന്നതൊന്നും ഇല്ല. (യിരമ്യ 3:15–16) മോശയുടെ മദ്ധ്യസ്ഥതയുമില്ല(തീമോ: 2: 5 – 6)എന്നാണ് പുതിയനിയമ പൗരോഹിത്യം. ലോക സ്ഥാപനത്തിനുമുമ്പ് തന്നെ മനുഷ്യന്റെ തേജസ്സിനായി മുൻ നിയമിച്ചതും മറഞ്ഞിരുന്നതുമായ ജ്ഞാനമത്രേ ഞങ്ങൾ പ്രസ്താവിക്കുന്ന രഹസ്യം അഥവാ മിസ്റ്ററി. (കൊറി.2:7–8)

രഹസ്യം രഹസ്യം കല്പ്പിച്ചീശൻ
രഹസ്യം എനിക്കും എന്റെ വീട്ടുകാർക്കും

അനന്ത ജീവന്റെ ശക്തിയാൽ ഉളവായ ന്യായപ്രമാണത്തിൽനിന്നും തികച്ചും വ്യത്യസ്തമായ പൗരോഹിത്യം(എബ്രാ 7:11–17) ഗ്രീക്കിൽ ഹെട്രോസ് തികച്ചും വ്യത്യസ്തമായി സഭ സ്ഥാപിച്ചത് കർത്താവാകാൻ പതേരോസിനെ അതിന്റെ മേലധികാരിയാക്കി (ദൃശ്യതലവൻ)(മത്താ.16:16 19)(മത്താ.18:18) സഹോദരന്മാരെ നിരപ്പിക്കാനുള്ള അധികാരം കർത്താവ് പത്രോസിനുനൽകി. (ലൂക്കാ 22: 31 –32)തന്റെ ഉയിർത്തെഴുന്നേൽപ്പിനുശേഷം കർത്താവ് തന്റെ പൗരോഹിത്യം ശ്ളീഹന്മാർക്ക് നൽകി (യോഹ 20: 1 9–23).തന്റെ പിതാവ് തന്നെ അയച്ചപ്രകാരം (യോഹ 20: 2 1)പുരോഹിതന്മാരായി (എബ്രാ 5:5)അവരെ അയക്കുന്നു. പിന്നീട് പത്രോസുമായുള്ള ഉടമ്പടിപ്രകാരം (ശൽമൂസ) വി. സഭയെ പാലിക്കാൻ പൂർണ്ണ അധികാരം നൽകുന്നു.(യോഹ 21: 1 5–19). കർത്താവ് തന്റെ സ്വന്തം പേരാണ് പത്രോസിനു നൽകിയത്. (1 കൊറി 10–4(സങ്കീ: 28:1))

ആരായിരുന്നു പൗലോസ് ശ്ളീഹാ?സ്വർഗ്ഗത്തിൽനിന്ന് കർത്താവ് നേരിട്ട് വിളിച്ചവൻ അപ്പൊ (9:4 –18)എബ്രായരിൽനിന്നു ജനിച്ച എബ്രായൻ.ഇസ്രയേൽ വംശജൻ, ബെന്യാമിൻ ഗോത്രക്കാരൻ, 8–ാം നാളിസൽത്തന്നെ പരിച്ഛേദന ഏറ്റ 916 യഹൂദൻ,ന്യായപ്രമാണം സംബന്ധിച്ച്പരീശൻ, ന്യായപ്രമാണം ഹൃദിസ്തമാക്കിയവൻ. ഗമാലിയേലിന്റെ ശിഷ്യൻ, ന്യായപ്രമാണത്തിന്റെ എരിവുനിമിത്തം സഭയെ പീഡിപ്പിച്ചവൻ.(ഫിലി3:5–7) ജന്മം കൊണ്ട് തന്നെ റോമാപൗരൻ അപ്പൊ (22:27–29) വെളിപാടുകളുടെ ആധിക്യം ലഭിച്ചവൻ(2 കൊരി 12:2) ദൈവനാമത്തിൽ അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചവൻ.അപ്പൊ (19–12)അമൂല്യങ്ങളായ 14 ലേഖനങ്ങൾ സഭയ്ക്ക് നൽകിയവൻ.ഇത്രയൊക്കെ സവിശേഷതകൾ ഉണ്ടായിരുന്നിട്ടും കർത്താവിന്റെ വിളിക്കു ശേഷം 14 വർഷങ്ങൾക്കുശേഷം സ്വർഗ്ഗത്തിൽനിന്ന് ഉണ്ടായ വെളിപാട് നിമിത്തം ഈശോയെ മാറ്റിവെച്ച് അത്രയും നാൾ ചെയ്തതും ചെയ്യാനിരിക്കുന്നതും പാഴായിപ്പോകാതിരിക്കാൻ

ക്രിസ്തുവിൽനിന്ന് വേർപെട്ട് ശാപഗ്രസ്ഥനാകാതിരിക്കാൻ, ക്രിസ്തുവിൽ വേരൂന്നി വളരാൻ,യേശുക്രിസ്തു ഇട്ട അടിസ്ഥാനമല്ലാതെ മറ്റൊന്ന് ഇടുവാൻ ആർക്കും കഴിയില്ലെന്ന് മനസ്സിലാക്കി (1 കൊറി 3–11) തൂണുകളായി എണ്ണപ്പെട്ടിരുന്ന (1 തീമോ 3:15)പത്രോസ്,യാക്കോബ്, യോഹന്നാൻ, എന്നിവരുടെ അടുത്തെത്തി കൈവെച്ച് സ്വീകരിച്ച് (അപ്രൂവൽ) (ഗലാ 2:1–10) കർത്താവ് നിയമിച്ചാക്കിയവരെ മാനിച്ച് പത്രോസിന്റെ ആട്ടിൻ കൂട്ടത്തിലോരാളായ് ത്തീരുന്നു (യോഹ.25:11–18)

പൗലോസ് ശ്ളീഹാ പറയുന്നു, നിങ്ങൾ കാലങ്ങളും ആണ്ടുകളും പ്രമാണിക്കുന്നു. ഞാൻ നിങ്ങൾക്ക് വേണ്ടി അദ്ധ്വാനിച്ചത് വ്യർത്ഥം.(ഗലാ 4:10) ഇന്നും നമ്മിൽ പലരും 2000 വർഷം മുമ്പ് യറുസലേം ദേവാലയത്തെ നോക്കി പാടേണ്ടിയിരുന്ന പാട്ടും പാടി നടക്കുന്നു.

"കാലമെല്ലാം കഴിയും ഇന്ന് കാണ്മതെല്ലാമഴിയും."

●



ചെങ്ങളം സെന്റ് മേരീസ് സെഹിയോൻ ക്നാനായ പള്ളിയിൽ ക്നാനായ കോൺഗ്രസ്സിന്റെ 'ആദരവ് 2026'ഏറ്റുമാനൂർ എം.എൽ.എ. നാട്ടകം സുരേഷ് ഉദ്ഘാടനം ചെയ്തു. കെ.എ. മാത്യു, ഏബ്രഹാം കെ. തോമസ്, ട്രഷറർ തോമസുകുട്ടി ചിറയിൽ പീടിക, വികാരി ഫാ.ലിജോ ജോസഫ് പട്ടു കാലായിൽ വിനുസ്കറിയ, വൈസ് പ്രസിഡന്റ് ബിജു കുറിയാക്കോസ്,സെക്രട്ടറി ലിജോ പാറെകുന്നുംപുറം, ജോയിന്റ് സെക്രട്ടറി സാബു സ്കറിയ എന്നിവർ സമീപം.

# മരണം എന്ന പ്രക്രിയ

അമ്മാൾ രാജൻ, പുളിമൂട്ടിൽ, സീതത്തോട്

മനുഷ്യൻ ജനിക്കുമ്പോൾ ആത്മാവിനും ദേഹിയ്ക്കും ധരിക്കുവാൻ ദൈവം തരുന്ന വസ്ത്രമാണ് ഈ ജഡമാകുന്ന ശരീരം. ഇനിയും ഈ വസ്ത്രം കൊള്ളത്തില്ല എന്നു തോന്നുമ്പോൾ ശരീരമാകുന്ന ഈ വസ്ത്രം നമ്മെ അണിയിച്ചവൻ അത് ഊരി മാറ്റുന്നു. ഈ ജഡമാകുന്ന ശരീരം മണ്ണുകൊണ്ടു സൃഷ്ടിച്ചതായതുകൊണ്ട് മണ്ണിനുതന്നെ തിരിച്ചുകൊടുക്കുന്നു അതു താമസംവിനാ മണ്ണിൽ അലിഞ്ഞു ചേരുന്നു. ഇതാണ് മരണമെന്ന പ്രക്രിയയിൽകൂടി നടക്കുന്നത്. ലോകപ്രകാരം ചിന്തിക്കുമ്പോൾ നമ്മളിട്ടിരിക്കുന്ന വസ്ത്രം മുഷിയുമ്പോൾ ഊരി മാറ്റുന്നതുപോലെ തന്നെ ഈ ദേഹിയ്ക്കും ആത്മാവിനും ഈ മണ്ണാകുന്ന ഈ വസ്ത്രം ഇനിയും മുമ്പോട്ടു യോജിച്ചതല്ല എന്നു തോന്നുമ്പോൾ ഇതു ധരിപ്പിച്ചവൻ തന്നെ ഊരി മാറ്റുന്നു. പാമ്പിന്റെ പടം പൊഴിഞ്ഞു വേർപെടുന്നതുപോലെ ജഡം അടർന്നു മാറുന്നു. ബാറ്ററി തീർന്നാൽ പിന്നെയും ചാർജു ചെയ്യാം. സമയം തീർന്നാൽ ജീവിതം കുറേ കാലത്തേക്കുകൂടി ചാർജു ചെയ്തു കൊടുക്കുവാൻ ഒരു ശാസ്ത്രജ്ഞനും മാർഗ്ഗം കണ്ടുപിടിച്ചിട്ടില്ല. കണ്ടുപിടിത്തത്തോടെ കണ്ടുപിടിത്തമാണ്. ശാസ്ത്രം എത്ര മാത്രം പുരോഗമിച്ചു. മരണത്തിന്റെ വഴിമാത്രം കണ്ടുപിടിക്കാൻ ഒരു എത്തും പിടിയും കിട്ടുന്നില്ല ഒരു ശാസ്ത്രജ്ഞനും. ഈ ഭൂമി നമ്മുടെ പാരമ്പര്യ സ്വത്തല്ല. ഇതു നമുക്ക് കയ്യടക്കി വയ്ക്കാനുള്ളതല്ലെന്നാണ് മരണം നമ്മളെ പഠിപ്പിക്കുന്നത് അടുത്ത തലമുറയ്ക്കുവേണ്ടി കരുതി വയ്ക്കുവാൻ നമ്മളെ ഏല്പിച്ചെന്ന് മാത്രമേയുള്ളൂ. അടുത്ത നമ്മുടെ തലമുറയ്ക്കു തന്നെ കൈമാറി പോകണമെന്നില്ല. ചിലപ്പോൾ മാറി മറിഞ്ഞു ഒരു ബന്ധവുമില്ലാത്തവരുടെ കയ്യിൽ ചെന്നെത്താം. നാം ഇതൊക്കെ കണ്ടുകൊണ്ടിരിക്കുന്നതല്ലേ.

വിട്ടുപോകുന്നു ഞാനീ ദേശം
അന്യനായ് പരദേശിയായ് പാർത്തദേശം
സ്വന്ത നാട്ടിൽ, സ്വന്തവീട്ടിൽ
നിത്യകാലം വാഴുവാൻ

"സമ്പത്തിൽ ഞാൻ ആനന്ദിക്കും

എന്നും അവൻ പറയുന്നു. എല്ലാം വെടിഞ്ഞു ലോകം വിട്ടു മാറാൻ എത്ര നേരമുണ്ടെന്ന് അവൻ അറിയുന്നില്ല" (പ്രഭാ.11:19).

യേശുവല്ലാതെ മരണത്തെ ജയിച്ചു ജീവിച്ചു കാണിച്ച ഒരു മാന്യനേയും ലോകചരിത്രം കണ്ടിട്ടില്ല.

"എന്തിൽ നിന്നാണ് നമ്മെ ഉണ്ടാക്കിയതെന്ന് അവിടുന്ന് അറിയുന്നു. നാം വെറും ധൂളിയാണെന്ന് അവിടുന്ന് ഓർമ്മിക്കുന്നു. മനുഷ്യന്റെ ജീവിതം പുല്ലുപോലെയാണ്. വയലിലെ പൂപോലെ വിരിയുന്നു" (സങ്കീ. 103:14). മനുഷ്യജീവിതവും വിരിഞ്ഞു വാടി കരിഞ്ഞുപോകുന്നു. പിന്നെ ചെടിയുടെ തൈ കിളിർത്ത് അതുപോലെ തന്നെ ആയിത്തീരുന്നതുപോലെ മനുഷ്യനും അതുപോലെ തലമുറയെ കാഴ്ചവെച്ചിട്ട് ഈ വേദിയിൽനിന്ന് ഒഴിഞ്ഞു മാറുന്നു.

ഇന്നു മനുഷ്യൻ സൃഷ്ടിച്ചവനെ മറന്നിട്ട് സൃഷ്ടിയെ ആരാധിക്കുകയാണ്. ഇന്ന് ആത്മീയത എന്നുള്ളതു പേരുമാത്രമാണ് എല്ലാ ആരാധനാലയങ്ങളും ദൈവത്തിന്റെ പേരു പറഞ്ഞ് വരുമാനം ഉണ്ടാക്കി പേരെടുക്കുന്നു. ദൈവത്തിനു വേണ്ടിയല്ല സമൂഹത്തിന്റെ മുമ്പിൽ മാന്യനെന്ന പേരു കിട്ടാൻ ഇന്ന് ബിഷപ്പു മുതൽ കമ്മിറ്റി അംഗങ്ങളുവരെ സമൂഹത്തിൽ പേരെടുക്കാൻ വേണ്ടിയുള്ള ഓട്ടമാണ്. പണമില്ലാത്തവരോടു പുച്ഛവും പണമുള്ളവരോടു ബഹുമാനവും കാണിക്കുന്ന വേദികളായി മാറി ആരാധനാലയങ്ങൾ പോലും. ജീവിതത്തിൽ വലിയവനാകുന്നത് മറ്റുള്ളവർക്ക് പ്രയാസങ്ങളിൽ ആശ്വാസം പകർന്നുകൊടുക്കുന്നവരുടെ മനസ്സിന്റെ ഉടമകളാകുന്നതാണ്.

"മനുഷ്യൻ മനസ്സു തിരിയുന്നില്ലെങ്കിൽ അവിടുന്നു വാളിനു മൂർച്ച കൂട്ടും. അവിടുന്ന് വില്ലുകുലച്ച് ഒരുങ്ങിയിരിക്കുന്നു" (സങ്കീ.7:12). എത്രയോ ചെറുപ്പക്കാരാണ് ഓർക്കാപ്പുറത്ത് ഈ ലോകത്തിൽനിന്നു മാറി പൊയ്ക്കൊണ്ടിരിക്കുന്നത്, ഇന്ന് എന്റെ വീട്ടിലെങ്കിൽ നാളെ നിന്റ വീട്ടിൽ ഇന്നു ശവപ്പെട്ടി പൂക്കൾ കൊണ്ടു അലങ്കരിക്കുന്നതിൽ പണ്ട് ഇന്നു ഞാൻ നാളെ നീ എന്നെഴുതിയിരുന്നു. ചിന്തിയ്ക്കുന്നവന്റെ മനസ്സ് ഒന്നു പിടയും. ആ വാചകം കാണുമ്പോൾ കാലം മാറി കോലവും മാറി മരണവീട്ടിൽ ആഘോഷംപോലെയായി എങ്ങനെ അവിടുന്നു വാളിനു മൂർച്ച കൂട്ടാതിരിയ്ക്കും. ഇന്ന് എല്ലാവർക്കും എല്ലാം ഉണ്ട്. സന്തോഷവും സമാധാനവും തമ്മിൽ തമ്മിലുള്ള സ്നേഹവുമൊക്കെ വേദനയോടെ ലോകത്തിൽനിന്ന് പടിയിറങ്ങിക്കൊണ്ടിരിക്കുന്ന കാലയളവിൽ ദൈവത്തിന്റെ മനസ്സിൽ നമുക്കു സ്ഥാനം കിട്ടുവാൻ ശ്രമിക്കുകയെങ്കിലും ചെയ്യാം. ഈ ലോകം തരുന്ന സ്ഥാനങ്ങളും മാനങ്ങളും ഒരു പരിധിവരെ മാത്രമേ ഉള്ളു നമ്മളെക്കൊണ്ട് ഒന്നിനും കൊള്ളില്ല. നമ്മുടെ കയ്യിൽ ഒന്നുമില്ല പ്രയോജനമില്ലാതാകുമ്പോൾ നമുക്ക് സ്ഥാനംതന്ന മനസ്സെല്ലാം തിരിയും ദൈവം - മുഖവും സ്ഥാനമാനങ്ങളും നോക്കുന്നില്ല. കുരിശാണ് രക്ഷ കുരിശിലാണ് രക്ഷ. ●

## Bible Quiz - Answers for the month of Sepetember

1. Malachi
2. My messenger
3. Israel
4. "How have you loved us?"
5. Polluted/blemished offerings
6. His name
7. The full tithe
8. The devourer
9. Elijah the prophet
10. Horeb




ഒരു ചെറിയ ഗ്രാമത്തിൽ രാമു എന്ന് പേരുള്ള ഒരു പാവപ്പെട്ട വിറകുവെട്ടുകാരൻ ജീവിച്ചിരുന്നു.അവൻ വളരെ സത്യസന്ധനും കഠിനാധ്വാനിയുമായിരുന്നു. ദിവസവും കാട്ടിൽ പോയി വിറക് വെട്ടി വിറ്റാണ് അവൻ കുടുംബം പുലർത്തിയിരുന്നത്.

ഒരു ദിവസം പുഴയുടെ തീരത്തുള്ള ഒരു മരത്തിൽ

കയറി വിറക് വെട്ടുമ്പോൾ രാമുവിന്റെ കോടാലി അബദ്ധത്തിൽ കൈയ്യിൽനിന്ന് വഴുതി ആഴമുള്ള പുഴയിലേക്ക് വീണു. തന്റെ ഏക ജീവനമാർഗ്ഗം നഷ്ടപ്പെട്ട വിഷമത്തിൽ രാമു പുഴക്കരയിലിരുന്ന് കരയാൻ തുടങ്ങി.

രാമുവിന്റെ സങ്കടം കണ്ട് പുഴയിലെ ജലദേവത അവന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു.

“നീ എന്തിനാണ് കരയുന്നത്?” ജലദേവത ചോദിച്ചു. തന്റെ കോടാലി വെള്ളത്തിൽ പോയ കാര്യം രാമു പറഞ്ഞു.

ഉടൻതന്നെ ദേവത വെള്ളത്തിലേക്ക് ഊളിയിട്ടു. തിളങ്ങുന്ന ഒരു സ്വർണ്ണക്കോടാലിയുമായി പതിയെ പൊങ്ങി വന്നു.

“ഇതാണോ നിന്റെ കോടാലി?” ദേവത രാമുവിനോട്ചോദിച്ചു.

“അല്ല ഇത് എന്റേതല്ല.രാമു തലയാട്ടി.

ദേവത വീണ്ടും വെള്ളത്തിൽ മുങ്ങി. ഇത്തവണ ഒരു വെള്ളിക്കോടാലിയുമായി പൊങ്ങി വന്നു.

“ഇതാണോ നിന്റെ കോടാലി?” ദേവത രാമുവിനോട്ചോദിച്ചു.“അല്ല ഇതും എന്റേതല്ല.” രാമു പറഞ്ഞു. മൂന്നാമതും വെള്ളത്തിൽ മുങ്ങിയ ദേവത രാമുവിന്റെ പഴയ ഇരുമ്പുകോടാലിയുമായി മുകളിലേക്ക് വന്നു.തന്റെ കോടാലി കണ്ട മാത്രയിൽ രാമു സന്തോഷത്തോടെ പറഞ്ഞു, ഞ്ഹാ, ഇതുതന്നെയാണ് എന്റെ കോടാലി. രാമുവിന്റെ സത്യസന്ധതയിലും അത്യാഗ്രഹമില്ലായ്മയിലും വളരെയധികം സന്തോഷിച്ച ജലദേവത, ഇരുമ്പു കോടാലിയോടൊപ്പം ആ സ്വർണ്ണക്കോടാലിയും അവന് സമ്മാനമായി നൽകി അനുഗ്രഹിച്ചു.

**ഗുണപാഠം**. സത്യസന്ധത എപ്പോഴും നല്ല ഫലം തരും.അത്യാഗ്രഹം ആപത്താണ്.

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

## വിലാപങ്ങൾ (Lamentations)

1. വിലാപങ്ങൾ പുസ്തകത്തിൽ എത്ര അദ്ധ്യായങ്ങളുണ്ട്?
2. വിലാപങ്ങൾ പുസ്തകത്തിന്റെ പ്രധാന വിഷയം എന്താണ്?
3. വിലാപങ്ങൾ 1:1 ൽ ഏകയായി ഇരിക്കുന്നതായി പറയുന്നത് ഏത് നഗരത്തെക്കുറിച്ചാണ്?
4. വിലാപങ്ങൾ 2–ാം അദ്ധ്യായത്തിൽ യെരൂശലേമിനെ ബാധിച്ച ക്രോധം ആരുടേതാണ്?
5. വിലാപങ്ങൾ 2:19 ൽ ദുഃഖിതരായ ജനത്തോട് എന്ത് ചെയ്യാൻ ആഹ്വാനം ചെയ്യുന്നു?
6. “യഹോവയുടെ കരുണകളാൽ നാം മുടിഞ്ഞുപോയിട്ടില്ല” എന്ന പ്രത്യാശ ഏത് അദ്ധ്യായത്തിലാണ്?
7. വിലാപങ്ങൾ പുസ്തകത്തിൽ പ്രത്യാശയുടെ പ്രധാന അടിസ്ഥാനം എന്താണ്?
8. വിലാപങ്ങൾ 4–ാം അദ്ധ്യായത്തിൽ പ്രധാനമായി വിവരിക്കുന്നത് എന്താണ്?
9. വിലാപങ്ങൾ 5–ാം അദ്ധ്യായം ഏത് രൂപത്തിലാണ് എഴുതപ്പെട്ടിരിക്കുന്നത്?
10. വിലാപങ്ങൾ 3:26 ന്റെ പ്രധാന ആശയം എന്താണ്?

**സെപ്റ്റംബർ മാസത്തിലെ ഉത്തരങ്ങൾ**
**യിരമ്യാവ്**

1. ഹിൽക്കീയാവിന്റെ മകൻ
2. അനാഥോത്ത്
3. ലേവി ഗോത്രം
4. യോശീയാ രാജാവിന്റെ കാലത്ത്
5. ബദാം വൃക്ഷത്തിന്റെ കൊമ്പ്
6. ദൈവം തന്റെ ജനത്തെ രൂപപ്പെടുത്തുന്നതിനെ
7. യെഹൂദയുടെയും യെരൂശലേമിന്റെയും നാശത്തിന്റെ
8. ഏഹെദ്- മേലെക്ക്
9. യിരെമ്യാവ് 31
10. അനാഥോത്തിൽ

## Bible Quiz – Jeremiah (October)

1. Who was the father of Jeremiah?
2. Ce was Jeremiah from?
3. Who wrote Jeremiah’s words on the scroll?
4. What did God touch when He called Jeremiah?
5. What two things did Jeremiah see in his first vision?
6. Which king of Judah was reigning when Jeremiah began his prophetic ministry?
7. What did Jeremiah buy as a sign of hope for the future?
8. Who rescued Jeremiah from the cistern?
9. Which Babylonian king conquered Jerusalem?
10. What famous promise is found in Jeremiah 29:11?

## ഉന്നത വിജയം



ഇംഗ്ലണ്ടിലെ University of Hertfordshire ൽ നിന്നും BSc (Hons) Radiography and Imaging എന്ന വിഷയത്തിൽ ഉന്നത വിജയം നേടിയ **Jerome Jaison.** ചിങ്ങവനം St.Johns പുത്തൻപള്ളി ഇടവകയിൽ പെട്ട ജയ്സൺ തോമസിന്റെയും കൊച്ചുമോൾ ജേക്കബിന്റെയും മകനാണ്.

## ആദരാഞ്ജലികൾ



### ഫാ. തോമസ് എബ്രഹാം

ഒാഹയിൽ, അമേരിക്ക

ക്നാനായ ദീപത്തിന്റെ വരിസംഖ്യ ചേർക്കുന്നതിനും പ്രവർത്തനങ്ങൾക്കുമായി ഏറെ സഹകരിച്ച അച്ചന്റെ സ്മരണയ്ക്ക് മുന്നിൽ പ്രാർത്ഥനകളോടെ ക്നാനായദീപം

## 40 – ാം ചരമദിനം

17 – 10 – 2026



Advt -O

### സോമു എം. മത്തായി

മങ്ങച്ചാലിൽ, ബേബി ഗോമതി, കോട്ടയം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 7th Anniversary in Heaven

07 – 11 – 2026



Advt -O

### T. T. Joseph

Thundiyil Joby Villa
Manjadi, Kattode

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

By Sorrowing Family



**1 st Death Anniversary**

**Leelamma Abraham**

**18-11-2026**

**6 th Death Anniversary**

**P S Abraham**

**16-10-2026**

Puthenveettil Chingavanam



*Forever in our hearts*

*4th Death Anniversary*

28-10-2026

**T.C. Chacko**

(Chackochen)

Koithra, Kurichy

Advt - G



## 7th Death Anniversary

09-10-2026

# Raju Zacharia

Ettonnil (House)
Kulasekharam

"നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

Advt - O

സന്തപ്ത കുടുംബാംഗങ്ങൾ

## 4-ാം ചരമവാർഷികം

20-10-2026



Advt -O

# തമ്പി N.M.J.

നടുവിലേപറമ്പിൽ, പള്ളം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

## 12th Death Anniversary

20-09-2026



Advt - O

# മാത്തുക്കുട്ടി കെ. ഇ.

(മാത്തുക്കുഞ്ഞ്)

കറയക്കളളിൽ, തിരുവൻവണ്ടൂർ

Died on 20/09/2014

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവൻ വലഭാഗത്തിൽ"



## 1st Death Anniversary

27-10-2026

# Jithin Joy

(Engineer, Powergrid Corporation of India Ltd, Chennai.)

**Paravelil (Kokkaravalel Family), Thrukothamangalam, Vakathanam**

"തന്റെ ഭക്തന്മാരുടെ മരണം യഹോവയ്ക്കു വിലയേറിയതാകുന്നു." (സങ്കീ. 116:15)

With Prayers Family Members
Wife : Kesiya Jithin
Parents: Joy Chacko & Annamma Joy
Siblings : Jikku Joy, Jittu Joy

Advt - O





## 40th Day of Demise

26-10-2026

# K.Kuriakose

**Naduchirayil Velianadu (Mumbai)**

*I have fought a good fight, I have finished my course, I have kept the faith: Henceforth there is laid up for me a crown of righteousness, which the Lord, the righteous judge, shall give me at that day" (2 Timothy 4:7-8)*

By Sorrowing family

Advt - O

## 40 –ാം ചരമദിനം

25 – 10 – 2026



## K.C. Abraham (Kunjavarachan)

Vellempallil,Kalamassery

“നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 18th Death Anniversary

28-10-2026



## Biju Joseph

Chirayilpeedikayil, Bangalore
(Jose villa, Puthanangadi, Kottayam)

By Sorrowing family

Advt - S

## 7 –ാം ചരമവാർഷികം

1 – 11 – 2026



## Sub/Clk. സഖറിയ എം. സി.

ഷാൻ നിവാസ് മുണ്ടിയത്രയിൽ,
തെങ്ങേലി

*പ്രാർത്ഥനയോടെ*

*മക്കൾ*– Joshan, Roshan, Shan

*മരുമക്കൾ*– Shinta, Pretty, Soumya

Advt -O

| 4 –ാം ചരമവാർഷികം | 4 –ാം ചരമവാർഷികം |
|---|---|
| 11 – 11 – 2026 | 30 – 04 – 2026 |



## P. P. Abraham — Chinnamma Abraham

Plamparampil (H), Kurichy

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 10 – ാം ചരമവാർഷികം

26 – 10 – 2026



# K.M. Thomas (Aniyan)

## Kalatharayil, Thiruvanvandoor

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 2nd Birthday in Heaven

18 – 10 – 2026



# JOSEPH ELVIS

## Nellickal House, Vallamkulam

*"Two years have passed, yet it feels as though we said goodbye only yesterday. Your absence has created a void, a silence too loud to bear"*

You are missed beyond measure
Binu Elvis, Lesly, Lifin & Hanok, Leen.

Advt - S

## 40 – ാം ചരമദിനം

03 – 10 – 2026



# കെ.എസ്. മർക്കോസ്

## കോയിത്ര, കുറിച്ചി

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

Advt - O

## 20 – ാം ചരമവാർഷികം

25 – 10 – 2026

## 9 – ാം ചരമവാർഷികം

22 – 08 – 2026





# ചെറിയാൻ ഉതുപ്പാൻ തങ്കമ്മ ഉതുപ്പാൻ

## ഊരാക്കമണ്ണിൽ, ഇരവിപേരൂർ

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## 33rd Death Anniversary

03 – 11 – 2026



## Rev. Fr. P.K. Kuriakose

**Mundaplackal, Edakkulam, Ranni**

"ആചാര്യേശാ മ്ശിഹാ കൂദാശകളർപ്പിച്ചോ–
രീയാചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

## 20th Death Anniversary

06 – 11 – 2026



## P.K.Abraham (Avarachan)

**Mundaplackal, Vadasserikara**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## 3 – ാം ചരമവാർഷികം

08 – 10 – 2026

## 7 – ാം ചരമവാർഷികം

30 – 09 – 2026



**P.K.CHINNAMMA**
(Rtd. Teacher)

**PUNNOOSE MATHEW (KUTTACHAN)**
(Rtd. DTO KSRTC)

**Nedungattathu House, Adoor**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 1st Birthday in Heaven

10 – 10 – 2026



## MARY KURIAKOSE

**Kunnupurathu House, Ramamangalam**

Your life was a blessing, your memory a treasure, you are loved beyond words and missed beyond measure.
Forever in our heart

Advt - S



## 25th Death Anniversary

06 – 10 – 2026

## MARYKUTTY THOMAS

**Kadaloor House**

**Kaviyoor, Eraviperoor**

Advt - S

*"You the light of our home has gone.*
*Yet, your memories remain in our hearts"*

Lovingly remembered by Late Son (Raju).
Daughter's, Daughter in law,
Grand -Children, Great grand children

---

ഇമ്പങ്ങളുടെ പറുദീസയിൽ

## 1 – ാം ചരമവാർഷികം

17 – 10 – 2026



Advt - R

## Chandy Thomas (Raju)

**Chilampattusseril House, Neelamperoor**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

---

## 40 – ാം ചരമദിനം

06 – 10 – 2026



Advt -O

## രാജു വി. പി.

**വാക്കയിൽ, തുരുത്തിക്കാട്**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

സന്തപ്ത കുടുംബാംഗങ്ങൾ

# Wi-Fi Full Signal പക്ഷേ Heaven-ലേക്ക് No Connection

**Renjit Raju, Thekkekarot, UK**

(കഴിഞ്ഞലക്കം തുടർച്ച)

**ദൈവത്തെ സ്നേഹിക്കുന്നത് എന്തിനാണ്?**

ഇവിടെ ഒരു ചോദ്യം നമുക്ക് സ്വയം ചോദിക്കാം. ദൈവത്തെ സ്നേഹിക്കുന്നതുകൊണ്ട് എനിക്ക് എന്തു ലഭിക്കും? ദൈവത്തെ സ്നേഹിക്കുന്നത് ഒരു ബിസിനസ്സ് ഡീൽ അല്ല.

"ഞാൻ പ്രാർത്ഥിക്കും.

ദൈവം എനിക്ക് ഇത് തരണം.

ഞാൻ കുർബാനയിൽ പോകും.

ദൈവം എന്റെ പ്രശ്നം തീർക്കണം.

ഞാൻ നേർച്ച കഴിയ്ക്കും.

എനിക്ക് വേണ്ടത് ലഭിക്കണം."

അങ്ങനെയല്ല ക്രിസ്തീയ വിശ്വാസം.

**നാം ദൈവത്തെ സ്നേഹിക്കുന്നത്**

അവിടുന്ന് നമ്മുടെ ജീവിതത്തിൽ ഉണ്ടെന്ന ബോധം തന്നെ വലിയ ആശ്വാസമാണ്. ലോകം നമ്മെ ഉപേക്ഷിച്ചാലും,

**ദൈവം എന്നോടൊപ്പമുണ്ട്**

എന്നു പറയാൻ കഴിയുന്ന വിശ്വാസം.

മറ്റുള്ളവർ നമ്മുടെ കഴിവ് മാത്രം നോക്കുമ്പോൾ

**ദൈവം നമ്മുടെ ഹൃദയം നോക്കുന്നു.** മറ്റുള്ളവർ നമ്മുടെ തെറ്റുകൾ ഓർമ്മിപ്പിക്കുമ്പോൾ ദൈവം നമ്മെ തിരികെ വരാൻ വിളിക്കുന്നു.

നമ്മൾ വീഴുമ്പോൾ,എഴുന്നേൽക്കൂ, ഞാൻ നിന്നോടൊപ്പമുണ്ട് എന്നു പറയുന്ന സ്നേഹമാണ് **ദൈവത്തിന്റെ സ്നേഹം.**

**ദൈവബന്ധം കുടുംബബന്ധങ്ങളേയും മാറ്റും.** ദൈവത്തോട് അടുത്തുനിൽക്കുന്ന ഒരു മനുഷ്യൻ മറ്റുള്ളവരോടും കൂടുതൽ സ്നേഹത്തോടെ പെരുമാറാൻ പഠിക്കുന്നു.

പ്രാർത്ഥന നമ്മെ നല്ല മനുഷ്യരാക്കണം.

ബൈബിൾ വായിക്കുന്നത് നമ്മുടെ അറിവ് മാത്രം കൂട്ടാനല്ല.

**നമ്മുടെ ഹൃദയം മാറ്റാനാണ്.**

ഞായറാഴ്ച പള്ളിയിൽ പോയി.

കർത്താവേ, സമാധാനം തരേണമേ എന്ന് പ്രാർത്ഥിച്ചിട്ട് വീട്ടിലെത്തിയ ഉടൻ ഭാര്യയോട്

"നീ എന്തിനാണ് ഇങ്ങനെ ചെയ്തത് "

എന്ന് വഴക്കിടുകയാണെങ്കിൽ നമ്മുടെ പ്രെയർ സിഗ്നൽ എവിടെയോ വീക്ക് ആണ്. കുർബാനയിൽ സമാധാനം സ്വീകരിച്ചിട്ട് വീട്ടിലെത്തിയപ്പോൾ സഹോദരനോട് വർഷങ്ങളായി സംസാരിക്കാതെ ഇരിക്കുകയാണെങ്കിൽ

**നമ്മുടെ വിശ്വാസം ജീവിതത്തിലേക്ക് ഡൗൺലോഡ് ആയിട്ടില്ല.**

ദൈവത്തെ സ്നേഹിക്കുന്നത് മറ്റുള്ളവരെ സ്നേഹിക്കുന്നതിലൂടെയാണ് തെളിയുന്നത്.

ക്ഷമിക്കാൻ കഴിയാത്തപ്പോൾ ക്ഷമിക്കാൻ ശ്രമിക്കുക.

ഒറ്റപ്പെട്ട ഒരാളെ അന്വേഷിക്കുക.

വിഷമിക്കുന്ന ഒരാളോട് സംസാരിക്കുക.

സഹായം ആവശ്യമുള്ള ഒരാളുടെ കൈ പിടിക്കുക. നന്ദി പറയുക, ക്ഷമിക്കണം എന്ന് പറയാൻ പഠിക്കുക.

ഇവയെല്ലാം ദൈവബന്ധത്തിന്റെ ഫലങ്ങളാണ്.

ഗൂഗിൾ മാപ്പ് വഴി എല്ലായിടത്തും പോകാം. പക്ഷെ ജീവിതത്തിന്റെ വഴി?

ഗൂഗിൾ മാപ്പ് നമ്മോട് എല്ലാം പറയും.

റ്റേൺ ലെഫ്റ്റ്,

റ്റേൺ റൈറ്റ്,

കൺടിന്യൂ സ്ട്രെയിറ്റ്,

പക്ഷെ ജീവിതത്തിന്റെ വഴിയിൽ മാപ്പ് പലപ്പോഴും മിണ്ടാതാകും.

ഏത് ജോലി തിരഞ്ഞെടുക്കണം?

ഏത് തീരുമാനം എടുക്കണം?

ആരെയാണ് വിശ്വസിക്കേണ്ടത്?

എപ്പോൾ സംസാരിക്കണം?

എപ്പോൾ ക്ഷമിക്കണം?

എപ്പോൾ വിട്ടുകൊടുക്കണം?

ഇവിടെ നമുക്ക് വേണ്ടത് ഒരു മാപ്പ് മാത്രമല്ല. ഒരു വഴി കാട്ടിയാണ്.

ക്രിസ്തുപറഞ്ഞു: ഞാനാണ് വഴി

ലോകം പറയുന്നത്: നിനക്ക് ഇഷ്ടമുള്ളത് ചെയ്യൂ.

ക്രിസ്തു പറയുന്നത്: എന്നെ അനുഗമിക്കൂ

ലോകം പറയുന്നത്: നിന്നെ സ്നേഹിക്കുന്നവരെ മാത്രം സ്നേഹിക്കൂ.

ക്രിസ്തു പഠിപ്പിക്കുന്നത്:ശത്രുക്കളേയും സ്നേഹിക്കൂ.

ലോകം പറയുന്നത്: നിനക്കുള്ളത് നിനക്കായി സൂക്ഷിക്കൂ

ക്രിസ്തു പഠിപ്പിക്കുന്നത്: പങ്കുവെക്കൂ.ഇതാണ് ക്രിസ്തീയ ജീവിതത്തിന്റെ സൗന്ദര്യം.

**വാട്ട്സ് ആപ്പിൽ ലാസ്റ്റ് സീൻ....? ദൈവത്തിന്റെ മുമ്പിൽ**

വാട്ട്സ് ആപ്പിൽ ഒരാളുടെ ലാസ്റ്റ് സീൻ നോക്കാൻ നമ്മൾക്ക് വലിയ കൗതുകമാണ്.

എപ്പോൾ ഓൺലൈൻ ആയിരുന്നു?

എന്റെ മെസ്സേജ് കണ്ടിട്ടും റിപ്ലൈ ചെയ്തില്ലല്ലോ.

പക്ഷെ ഒരിക്കൽ നമുക്ക് തന്നെ ചോദിക്കാം.

**ദൈവത്തിന്റെ മുമ്പിൽ എന്റെ ലാസ്റ്റ് സീൻ എപ്പോഴായിരുന്നു?**

അവസാനമായി ഞാൻ ഹൃദയത്തോടെ പ്രാർത്ഥിച്ചത് എപ്പോഴാണ്?

അവസാനമായി ബൈബിൾ തുറന്നത് എപ്പോഴാണ്?

അവസാനമായി കുടുംബത്തോടൊപ്പം പ്രാർത്ഥിച്ചത് എപ്പോഴാണ്?

അവസാനമായി ഒരാളോട് പ്രതിഫലമില്ലാതെ നന്മ ചെയ്തത് എപ്പോഴാണ്? അവസാനമായി, കർത്താവേ, എനിക്ക് എല്ലാം തന്നതിന് നന്ദി. എന്ന് പറഞ്ഞത് എപ്പോഴാണ്?

ദൈവത്തിന് നമ്മുടെ വാട്ട്സ്ആപ്പ് ലാസ്റ്റ് സീൻ ആവശ്യമില്ല.

നമ്മുടെ ഹൃദയത്തിന്റെ ഇപ്പോഴത്തെ അവസ്ഥയാണ് അവിടുന്ന് നോക്കുന്നത്

ഒരു ചെറിയ സ്പിരിചൽ സെറ്റിംഗ്സ് മാറ്റിയാൽ മതി, നമ്മുടെ ഫോണിൽ പല സെറ്റിംഗ്സും ഉണ്ട്.

Brightness,Volume,Privacy,Notifications,Battery saver, Donot disturb

ഇതുപോലെ നമ്മുടെ ജീവിതത്തിലും ചില സെറ്റിംഗ്സ് വേണം.

Anger - കുറയ്ക്കുക
pride -കുറയ്ക്കുക
Jealousy - off ചെയ്യുക
Forgiveness -on ചെയ്യുക
Love -Always on
prayer -Daily reminder
Bible reading-Morning notification
Helping others-No Limit
gratitude - Always enabled ഒരു പക്ഷെ ഇതാണ് നമ്മളുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട സോഫ്റ്റ് വെയർ അപ്ഡേറ്റ്. ദൈവത്തോടുള്ള കണക്ഷൻ ശക്തമാക്കാൻ എന്തു ചെയ്യാം? വലിയ തീരുമാനങ്ങൾ ഒന്നും വേണ്ട.എന്നാൽ ചെറിയ ചില കാര്യങ്ങൾ തുടങ്ങാം. രാവിലെ ഫോൺ നോക്കുന്നതിനുമുമ്പ് ഒരു മിനിറ്റ് ദൈവത്തെ നോക്കാം. ദിവസവും കുറച്ച് സമയം ബൈബിൾ വായിക്കാം. കുടുംബമായി ആഴ്ച്ചയിൽ മാത്രമല്ല, കഴിയുന്ന ദിവസങ്ങളിൽ ഒരുമിച്ച് പ്രാർത്ഥിക്കാം.വിശുദ്ധകുർബാനയെ ഒരു റൂട്ടീൻ ആയി കാണാതെ ഒരു കൂടിക്കാഴ്ച്ചയായി കാണാം. പ്രശ്നം വരുമ്പോൾ മാത്രമല്ല, സന്തോഷമുള്ളപ്പോഴും ദൈവത്തിന് നന്ദി പറയാം.മറ്റുള്ളവരോട് ദേഷ്യം തോന്നുമ്പോൾ ഉടൻ മറുപടി നൽകുന്നതിന് മുമ്പ് ഒരു ചെറിയ പ്രാർത്ഥന നടത്താം. ദൈവത്തോട് പറയാം.

'കർത്താവേ ഞാൻ ശരിയാകണം.' എന്റെ സാഹചര്യങ്ങൾ മാത്രം ശരിയാകണമെന്നല്ല. അതാണ് വലിയ മാറ്റത്തിന്റെ തുടക്കം. ഒടുവിൽ ഒരു ചെറിയ ചോദ്യം. നമ്മുടെ ഫോൺ ദിവസവും പലതവണ ചാർജ്ജു ചെയ്യുന്നു. വീട്ടിലെ വൈഫൈ ബിൽ കൃത്യമായി അടയ്ക്കുന്നു. മൊബൈൽ ഡാറ്റ തീർന്നാൽ ഉടൻ ടോപ് അപ് ചെയ്യുന്നു.പക്ഷെ ആത്മീയ ജീവിതത്തിൽ ഡാറ്റാ തീർന്നു എന്ന് കാണിക്കുന്ന നോട്ടിഫിക്കേഷൻ വന്നാൽ നമ്മൾ ശ്രദ്ധിക്കാറുണ്ടോ? പുതിയ ഫോൺ വാങ്ങിയാൽ ജീവിതം സന്തോഷകരമാകുമോ? പുതിയ കാർ വാങ്ങിയാൽ സമാധാനം കിട്ടുമോ?കൂടുതൽ പണം കിട്ടിയാൽ എല്ലാ വിഷമങ്ങളും അവസാനിക്കുമോ? കൂടുതൽ ഫോളോവേഴ്സ് കിട്ടിയാൽ ഏകാന്തത മാറുമോ?ഒരു പക്ഷെ ചില കാര്യങ്ങൾ ജീവിതം എളുപ്പമാക്കും.പക്ഷെ ഹൃദയത്തിന് സമാധാനം നൽകാൻ അവയ്ക്ക് എല്ലായ്പ്പോഴും കഴിയണമെന്നില്ല. കാരണം മനുഷ്യന് ഭക്ഷണം മാത്രം വേണ്ട. പണം മാത്രം വേണ്ട. സൗകര്യങ്ങൾ മാത്രം വേണ്ട.

അവന് സ്നേഹം വേണം
അവന് പ്രതീക്ഷ വേണം
അവന് സമാധാനം വേണം
അവന് ദൈവം വേണം

നമ്മൾ നഷ്ടപ്പെടുത്തിയിരിക്കുന്നത് ഒരു കണക്ഷൻ മാത്രമല്ല, കണക്ഷൻ വിത്ത് ഗോഡ് ആണ്. വൈഫൈ സിഗ്നൽ ശക്തമായിരിക്കാം. മൊബൈൽ സിഗ്നൽ ഫുൾ ആയിരിക്കാം. സോഷ്യൽ മീഡിയ ഫോളോവേഴ്സ് ആയിരക്കണക്കിന് ഉണ്ടായിരിക്കാം. കോൺടാക്റ്റ്സ് നൂറുകണക്കിന് ഉണ്ടായിരിക്കാം. പക്ഷെ...

ദൈവത്തോടുള്ള കണക്ഷൻ വീക്ക് ആണെങ്കിൽ ജീവിതത്തിൽ എന്തോ കുറവുണ്ട്.

അതിനാൽ ഇന്ന് ഒരു ചെറിയ തീരുമാനം എടുക്കാം. ഫോൺ ചാർജ് ചെയ്യുമ്പോൾ നമ്മുടെ ആത്മാവിനേയും റീചാർജ് ചെയ്യാം. ഇന്റർനെറ്റ് തുറക്കുമ്പോൾ ഒരിക്കൽ ബൈബിൾ തുറക്കാം.

വാട്ട്സ് ആപ്പ് മെസ്സേജ് അയക്കുമ്പോൾ ഒരാൾക്കെങ്കിലും സ്നേഹത്തിന്റെ ഒരു വാക്ക് പറയാം. പ്രശ്നം വരുമ്പോൾ ഗൂഗിളിൽ മാത്രം അന്വേഷിക്കാതെ ഒരു നിമിഷം ദൈവത്തോട് ചോദിക്കാം. ഒറ്റപ്പെട്ടിരിക്കുമ്പോൾ സോഷ്യൽ മീഡിയ തുറക്കുന്നതിനുമുമ്പ് പ്രാർത്ഥനയിൽ ദൈവസാന്നിദ്ധ്യം അന്വേഷിക്കാം. കാരണം...

Wi-Fi Full Signal ആയിരിക്കട്ടെ
Mobile Battery Full ആയിരിക്കട്ടെ
Social Media Status Online ആയിരിക്കട്ടെ
Contacts Full ആയിരിക്കട്ടെ

പക്ഷെ ഏറ്റവും പ്രധാനപ്പെട്ടത് Heaven-ലേക്കുള്ള Connections ഒരിക്കലും നഷ്ടപ്പെടാതിരിക്കട്ടെ.

ജീവിതത്തിന്റെ അവസാന നിമിഷത്തിലും നമുക്ക് പറയാൻ കഴിയട്ടെ.'കർത്താവേ, ഞാൻ നിന്നെ അന്വേഷിച്ചു. നീ എന്നെ കൈവിട്ടില്ല.' നമ്മുടെ ജീവിതത്തിൽ പല കണക്ഷൻസ് ഉണ്ടാകാം. കുടുംബബന്ധങ്ങൾ, സൗഹൃദങ്ങൾ,ജോലിബന്ധങ്ങൾ, സാമൂഹികബന്ധങ്ങൾ, ഡിജിറ്റൽ ബന്ധങ്ങൾ പക്ഷെ ഇവയെല്ലാം നിലനിർത്താനും മനോഹരമാക്കാനും സഹായിക്കുന്ന ഏറ്റവും ആഴമുള്ള ബന്ധം ദൈവവുമായുള്ള ബന്ധമാണ്. അതിനാൽ ഇന്നത്തെ നമ്മുടെ പ്രാർത്ഥന ഒരു വാക്കിൽ

"കർത്താവേ ഞങ്ങളുടെ ഹൃദയത്തിന്റെ Wi-Fi ഒരിക്കലും Dis connect ആകരുതേ !"ആമേൻ.

●


## RENTAL VILLA

**(Short and long Stay)**
**In Chingavanam**

**Luxury 5 bed room Villa with 3 rooms AC and fully Furnished with Parking**

**Distance:**
**Cochin Airport - 85 KM**
**Thiruvanathapuram Airpot - 140 KM**
**Kottayam Railway Station - 9 KM**
**Contact : Vishal. K.Cherian**
**8592861271, 9447390805**

അനുസ്മരണം

# റവ. ഫാ. തോമസ് ഏബ്രഹാം ളാഹയിൽ

## 1950 മെയ് 4 – 2026 സെപ്റ്റംബർ 11

**സാബു കണ്ണൻ കുഴയത്ത് റാന്നി**

“ളാഹയിൽ അച്ചൻ” ഈ പേര് കേൾക്കുമ്പോൾ പലരുടേയും മനസ്സിൽ തെളിയുന്നത് ഒരു പുരോഹിതന്റെ മുഖം മാത്രമല്ല, സ്നേഹത്തോടെ സംസാരിച്ചിരുന്ന ഒരു അച്ഛന്റെ മുഖം. അനേകം കുടുംബങ്ങളുടെ സന്തോഷത്തിലും ദു:ഖത്തിലും പങ്കുചേർന്ന ഒരു ആത്മീയ പിതാവിന്റെ മുഖം.

ഇന്ന് ആ പ്രിയപ്പെട്ട ളാഹയിൽ അച്ചൻ നമ്മളോടൊപ്പമില്ല. എങ്കിലും അദ്ദേഹം പകർന്ന സ്നേഹവും വിശ്വാസവും സേവനവും ഓർമ്മകളും നമ്മളോടൊപ്പം തന്നെ തുടരുന്നു.

1950 മെയ് 4-ന് ഇടിക്കുള ഏബ്രഹാം ളാഹയിലിന്റേയും അന്നമ്മയുടേയും മൂന്നാമത്തെ മകനായി തോമസുകുട്ടി ജനിച്ചു.

റാന്നിയിലെ എം.എസ് ഹൈസ്കൂളിൽ ഇംഗ്ളീഷ് മീഡിയത്തിൽ പഠനം പൂർത്തിയാക്കിയ തോമസ്കുട്ടിയുടെ ജീവിതത്തിൽ നിർണ്ണായകമായ ഒരു വഴിത്തിരിവ് മോർ എഫ്രേം സെമിനാരിയിൽ വെച്ചുണ്ടായി. അവിടെ വെച്ച് അഭി.മോർ ക്ലീമീസ് ഏബ്രഹാം മെത്രാപ്പോലീത്തായെ കണ്ടുമുട്ടിയതാണ് അദ്ദേഹത്തിന്റെ ജീവിതത്തിലെ ദൈവികമായ ഒരു വഴിത്തിരിവായി മാറിയത്. എസ്.എസ്.എൽ.സി ഫലം പരിശോധിച്ച മെത്രാപ്പോലീത്താ അദ്ദേഹത്തിലെ കഴിവ് തിരിച്ചറിഞ്ഞു. സെമിനാരിയിൽ താമസിച്ച് പഠനം നടത്താൻ പ്രോത്സാഹിപ്പിച്ചു. സെമിനാരിയിൽ താമസിച്ച് പ്രീഡിഗ്രി പഠനം പൂർത്തിയാക്കി. എന്നാൽ ആ ജീവിതയാത്ര എല്ലായ്പ്പോഴും എളുപ്പമായിരുന്നില്ല.

ആദ്യ പരീക്ഷയിൽ പരാജയം നേരിട്ടു. പക്ഷെ ഒരു പരാജയവും അദ്ദേഹത്തെ പിന്നോട്ടടുപ്പിച്ചില്ല. വീണ്ടും പരിശ്രമിച്ചു. വിജയിച്ചു. പിന്നീട് റാന്നി സെന്റ് തോമസ് കോളേജിൽനിന്ന് 1970 ൽ ബി.എ. ബിരുദം നേടി. സാമ്പത്തിക ശാസ്ത്രത്തിൽ എം.എ പഠനവും ഭോപ്പാലിൽ നടത്തി.

ജീവിതത്തിന്റെ ഒരു ഘട്ടത്തിൽ അദ്ദേഹം കെ.എസ്.ആർ.ടി.സി ബസ് കണ്ടക്ടറായി ജോലിചെയ്തു.

ഏകദേശം രണ്ടുവർഷത്തെ സേവനത്തിനു ശേഷം 1976 മെയ് 26 ന് ലീലാമ്മ ഏബ്രഹാമിനെ വിവാഹം കഴിച്ചു. അമേരിക്കയിലേക്കു കുടിയേറി.

**ക്നാനായ സമൂഹത്തിനായി സമർപ്പിച്ച ജീവിതം**

1990 കളുടെ തുടക്കം മുതൽ തന്നെ വടക്കേ അമേരിക്കയിലെ ക്നാനായ സമൂഹത്തെ സംഘടിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ അദ്ദേഹം സജീവമായി പങ്കെടുത്തു. അത് സംഘടനയിൽ ഒരു സ്ഥാനം നേടാനുള്ള പ്രവർത്തനമായിരുന്നില്ല.

നമ്മുടെ അടുത്ത തലമുറയ്ക്ക് സ്വന്തം വിശ്വാസവും പാരമ്പര്യവും കാത്തുസൂക്ഷിക്കാൻ ഒരു സമൂഹം ഉണ്ടാകണം എന്ന ആത്മാർത്ഥമായ ആഗ്രഹമായിരുന്നു അതിനു പിന്നിൽ. ഈ സമർപ്പണമാണ് 1991-ൽ അദ്ദേഹത്തെ നോർത്ത് അമേരിക്കൻ ക്നാനായ കമ്മ്യൂണിറ്റി(NAKC)യുടെ ആദ്യ സെക്രട്ടറിയായ് സേവനം ചെയ്യുന്നതിലേക്ക് നയിച്ചത്.

ഇന്ന് അമേരിക്കയിൽ വളർന്നു വന്നിരിക്കുന്ന ക്നാനായ സമൂഹത്തിന്റെ ചരിത്രം പറയുമ്പോൾ ആദ്യകാല പ്രവർത്തകരുടെ ത്യാഗവും അദ്ധ്വാനവും ഒരിക്കലും മറക്കാനാവില്ല. അവരിൽ ളാഹയിൽ അച്ചന്റെ പേര് ആദരവോടെ ഓർക്കപ്പെടും.

**1992 ജൂലൈ 26**

**തോമസ് ഏബ്രഹാം** വിശുദ്ധ പൗരോഹിത്യത്തിലേക്ക്

അഭിഷിക്തമായി. വർഷങ്ങൾക്കുമുമ്പ് സെമിനാരിയിൽ ഒരു യുവാവിന്റെ ഉള്ളിൽ വിതച്ച ദൈവവിളിയുടെ വിത്ത് അന്ന് പൂവിട്ടു. 1992 ഡിസംബർ 25 ന് ക്രിസ്തുമസ് ദിനത്തിൽ ന്യൂയോർക്കിലെ സെന്റ് പീറ്റേഴ്സ് ക്നാനായ പള്ളിയിൽ അദ്ദേഹം തന്റെ ആദ്യ വിശുദ്ധ കുർബാന അർപ്പിച്ചു. അത് അദ്ദേഹത്തിന്റെ ജീവിതത്തിലെ മാത്രമല്ല, അദ്ദേഹത്തെ സ്നേഹിച്ചിരുന്ന അനേകരുടേയും ഒരു അനുഗ്രഹീത ദിനമായിരുന്നു.

**ഒരു പുരോഹിതന്റെ ശുശ്രൂഷ**

തുടർന്ന് ട്രൈ- സ്റ്റേറ്റ് മേഖലയിലെ വിവിധ ക്നാനായ ഇടവകകളിൽ വികാരിയായി അദ്ദേഹം സേവനം തുടർന്നു. പക്ഷെ ളാഹയിൽ അച്ചന്റെ ശുശ്രൂഷ പള്ളിയുടെ അൾത്താരയിൽ മാത്രം ഒതുങ്ങിയിരുന്നില്ല. ഒരു പള്ളി എന്നത് ഒരു കെട്ടിടമല്ല, അത് ഒരു സമൂഹത്തിന്റെ ആത്മീയ ഭവനമാണ് എന്ന ബോധ്യത്തോടെ അദ്ദേഹം പ്രവർത്തിച്ചു. യോങ്കേഴ്സ്, ക്ളിഫ്റ്റൺ, ഫിലാഡൽഫിയ, തുടങ്ങിയ സ്ഥലങ്ങളിൽ പള്ളി സ്വത്തുക്കൾ സ്വന്തമാക്കുന്നതിനും വികസിപ്പിക്കുന്നതിനും അദ്ദേഹം വലിയ പങ്കുവഹിച്ചു.

അദ്ദേഹം പ്രവർത്തിച്ച കാലത്ത് ഉയർന്നു വന്ന ആ ദേവാലയങ്ങൾ ഇന്ന് പല തലമുറകളുടേയും വിശ്വാസത്തിന്റെ ഭവനങ്ങളാണ്. അവിടെ മുഴങ്ങുന്ന മണിനാദത്തിലും അൾത്താരയ്ക്കു മുന്നിൽ മുട്ടുകുത്തുന്ന ഓരോ കുടുംബത്തിലും വിശുദ്ധ കുർബാനയിൽ പങ്കുചേരുന്ന ഓരോ വിശ്വാസിയിലും അദ്ദേഹത്തിന്റെ അധ്വാനത്തിന്റെ ഒരു ചെറിയ അടയാളമെങ്കിലും അവശേഷിക്കുന്നുണ്ട്.

**മറ്റുള്ളവർക്കായി ജീവിച്ച ഹൃദയം**

ളാഹയിൽ അച്ചന്റെ ജീവിതത്തിലെ ഏറ്റവും മനോഹരമായ വശങ്ങളിലൊന്ന് മറ്റുള്ളവരുടെ നന്മയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കരുതലായിരുന്നു. അദ്ദേഹത്തിന്റെ സേവനം സ്വന്തം ഇടവകയിലോ സ്വന്തം കുടുംബത്തിലോ മാത്രം ഒതുങ്ങിയിരുന്നില്ല. പുരോഹിതരുടെ വിദ്യാഭ്യാസത്തിനും വിദ്യാർത്ഥികളുടെ പഠനത്തിനും സമൂഹത്തിലെ ആവശ്യക്കാരെ സഹായിക്കുന്നതിനുമായി നിരവധി കാരുണ്യ വിദ്യാഭ്യാസ പദ്ധതികൾക്ക് അദ്ദേഹം പിന്തുണ നൽകി.

KMS clergy Education Fund, Dennis John Memorial Education Fund,New Jersy Womens Association Charity Fund, വൈക്കം പള്ളിയിലെ Lahayil Achan Education Endowment Fund എന്നിവയോടുള്ള അദ്ദേഹത്തിന്റെ ബന്ധം അദ്ദേഹത്തിന്റെ വിശാലമായ സേവന മനസ്സിന്റെ തെളിവു

കളാണ്. അദ്ദേഹം നൽകിയ സഹായത്തിന്റെ അളവിനേക്കാൾ വിലപ്പെട്ടത് അതിന് പിന്നിലെ മനസ്സായിരുന്നു.

എനിക്ക് എന്ത് ലഭിക്കും? എന്നതിലുപരി എനിക്ക് മറ്റൊരാൾക്കായി എന്ത് ചെയ്യാൻ കഴിയും? എന്ന ചിന്തയായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തെ നയിച്ചത്.

**രോഗത്തിനിടയിലും വിശ്വാസം**

ജീവിതത്തിന്റെ അവസാന വർഷങ്ങളിൽ പാർക്കിൻസൺസ് രോഗം അദ്ദേഹത്തെ ബാധിച്ചു. ഒരിക്കൽ സജീവമായി ഓടി നടന്ന് സമൂഹത്തിനും സഭയ്ക്കുംവേണ്ടി പ്രവർത്തിച്ചിരുന്ന അച്ചന്റെ ശരീരം ക്രമേണ അദ്ദേഹത്തെ പരിമിതപ്പെടുത്തി. സജീവമായ പൗരോഹിത്യ ശുശ്രൂഷയിൽ നിന്ന് വിരമിക്കേണ്ടി വന്നു. എന്നാൽ രോഗം അദ്ദേഹത്തിന്റെ മൂല്യം കുറച്ചില്ല. കാരണം ഒരു പുരോഹിതന്റെ യഥാർത്ഥ ശുശ്രൂഷ അദ്ദേഹത്തിന്റെ കാലുകളുടെ ശക്തിയിലോ ശരീരത്തിന്റെ ആരോഗ്യത്തിലോ മാത്രം ആശ്രയിച്ചിരിക്കുന്നതല്ല. അദ്ദേഹത്തിന്റെ വിശ്വാസത്തിലും പ്രാർത്ഥനയിലും സ്നേഹത്തിലുമാണ് അത് നിലനിർത്തുന്നത്. 76 വർഷത്തെ ജീവിതയാത്ര പൂർത്തിയാക്കി 2026 സെപ്റ്റംബർ 11-ന് പ്രിയപ്പെട്ട ഗാഹയിൽ അച്ചൻ നിത്യതയിലേക്കു യാത്രയായി.

അച്ചന്റെ ആത്മാവിന് നിത്യശാന്തി ലഭിക്കട്ടെ. ദൈവം കുടുംബാംഗങ്ങളേയും പ്രിയപ്പെട്ടവരേയും ആശ്വസിപ്പിക്കട്ടെ.

## കൂദോശ് ഈത്തോ പെരുന്നാൾ-

*കൂദോശ് ഈത്തോ* എന്നത് സുറിയാനി ക്രൈസ്തവ പാരമ്പര്യത്തിൽ ആചരിക്കുന്ന പ്രധാനപ്പെട്ട ഒരു പെരുന്നാളാണ്. "കൂദോശ് ഈത്തോ" എന്ന സുറിയാനി പദത്തിന് "വിശുദ്ധീകരണം" എന്ന അർത്ഥമാണ് ഉള്ളത്. ആരാധനാ വർഷത്തിന്റെ ആരംഭത്തോടനുബന്ധിച്ച് സഭയെയും വിശ്വാസികളെയും വിശുദ്ധീകരണത്തിലേക്ക് നയിക്കുന്ന ദിനമായാണ് ഇത് ആചരിക്കുന്നത്.

ഈ പെരുന്നാൾ *സഭയുടെ വിശുദ്ധിയും ദൈവത്തിന്റെ ആത്മീയ വിശുദ്ധീകരണവും* ഓർമ്മിപ്പിക്കുന്നു. ദൈവാലയം കല്ലും മരവും കൊണ്ടുള്ള ഒരു കെട്ടിടം മാത്രമല്ല; ക്രിസ്തുവിൽ വിശ്വസിക്കുന്ന ജനങ്ങളുടെ കൂട്ടായ്മയാണ് സഭ. അതുകൊണ്ടുതന്നെ ഓരോ വിശ്വാസിയും തന്റെ ജീവിതം ദൈവത്തിന് സമർപ്പിച്ച് വിശുദ്ധിയിൽ വളരണമെന്ന ആഹ്വാനമാണ് കൂദോശ് ഈത്തോ നൽകുന്നത്.

കൂദോശ് ഈത്തോയുടെ സന്ദേശം നമ്മെ *പാപത്തൽ നിന്ന് അകന്ന്, മാനസാന്തരത്തോടെ, പ്രാർത്ഥനയിലും സ്നേഹത്തിലും വിശ്വാസത്തിലും വളരാൻ* പ്രേരിപ്പിക്കുന്നു. "നിങ്ങളും ജീവനുള്ള കല്ലുകളായി ആത്മിക ഭവനമായി പണിയപ്പെടുന്നു" (1 പത്രോ 2:5) എന്ന വചനം ഈ ആത്മീയ ചിന്തയോട് വളരെ ചേർന്നു നിൽക്കുന്നു.

അതിനാൽ, "കൂദോശ് ഈത്തോ ഒരു പെരുന്നാൾ മാത്രമല്ല; നമ്മുടെ ഹൃദയത്തെയും ജീവിതത്തെയും വിശുദ്ധീകരിച്ച് ക്രിസ്തുവിനോട് കൂടുതൽ അടുക്കാനുള്ള ഒരു ആത്മീയ ആഹ്വാനമാണ്."

കവിത

# കുടുംബവൃക്ഷത്തിലെ കെട്ടുകളും പരിഹാരവും

**ജയ്നമ്മ മർക്കോസ്, നടുവിലെപറമ്പിൽ, കുഴിമറ്റം**

ലോകത്തെ, കെട്ടിപ്പിടിക്കുന്ന മക്കളേ,
ദൈവം, നിങ്ങളിൽ നിന്നകലെയാണ്
സാത്താന്റെ വലയിൽ വീഴുന്ന മക്കളെ
പാപത്തിൽ മുക്കി രസിക്കുന്നു ദുഷ്ടൻ
ഒന്നാം പ്രമാണം ലംഘനമായ (ആവർ.27:15--24)
വിഗ്രഹ പ്രതിഷ്ഠ ചെയ്യരുത്
മാതാപിതാക്കടെ കണ്ണീർ
തലമുറയിൽ ശാപം ഇറങ്ങുമല്ലോ
അതിർത്തി കല്ല് മാറ്റുന്നവൻ
കർത്തന്റെ ശിക്ഷ ഏറ്റുവാങ്ങും
അനാഥൻ, വിധവ, പരദേശി
എന്നിവരെ, നിന്ദിച്ചിടരുതേ
കാമവിചാരത്താൽ അതിർത്തികൾ
ലംഘിച്ചു വേശ്യാവൃത്തി ചെയ്യരുത്
ഈവക, പാപങ്ങൾ ചെയ്യുന്നവരൊക്കെ
സാത്താന്റെ കൂട്ടാളിയാണ്പോലും
മൃഗമായി, ശയിക്കുന്നവൻ ശപിക്കപ്പെട്ടവൻ
സ്വവർഗ്ഗ ഭോഗം സ്വയഭോഗം
മന്ത്രവാദം, ആഭിചാരം എന്നിവ
ചെയ്യുന്നവരൊക്കെ ദുരാത്മാവിന്റെ തോഴരാണ്
കുറ്റം പറച്ചിൽ പരാതി, ആവലാതി എന്നിവയെല്ലാം
സാത്താന്റെ പ്രവൃത്തികൾ തന്നെയാണ്
ക്ഷമിക്കാതിരുന്നാൽ, 6 തലമുറയിൽ ശാപം ഇറങ്ങി
തലമുറ, കണ്ണീർ ഏറ്റുവാങ്ങും
വ്യഭിചാരം, മോഷണം, കൊല
ചതി, അബോർഷൻ എന്നിവയൊക്കെ
മാരക പാപങ്ങളല്ലോ മക്കളേ
തലമുറയെ തകർക്കുന്ന പാപമല്ലോ
ബലഹീനമക്കളെ തേടിപ്പിടിച്ച്
ലോകയിമ്പത്തിൽ, താരാട്ടുപാടി
അവസാന നേരത്ത് കൈവിടും സാത്താൻ
അഗ്നിനരകത്തിനു യോഗ്യരാക്കും
ഭാര്യ ഭർത്തൃ ബന്ധത്തിനപ്പുറമുള്ള
ലൈംഗിക ബന്ധം ദൈവം
പൊറുക്കാത്ത പാപമല്ലോ
ഏറ്റു പറഞ്ഞു പാപം ഉപേക്ഷിക്കൂ!
അറിഞ്ഞോ, അറിയാതെയോ പൂർവ്വപിതാക്കൾ
ചെയ്ത പാപങ്ങൾക്ക് ഒക്കെ പരിഹാരമായി അവർക്കു
വേണ്ടി കുർബ്ബാന ചൊല്ലിച്ച്
മക്കൾ വി. കുർബ്ബാന അനുഭവിക്കൂ!
കർത്താവേ ആത്മാവിൽ നിന്നെ ആരാധിക്കാൻ നിന്നുടെ
രക്തത്താൽ, ഞങ്ങളെ കഴുകി
നിന്നുടെ പ്രിയ മക്കളാകാൻ
ഞങ്ങളുടെ പാപങ്ങൾ മോചിച്ചീടു
പാപത്തെ, വെറുക്കുകയും
പാപിയെ സ്നേഹിക്കുകയും ചെയ്യുന്ന
കർത്തൻ നമുക്ക് മുമ്പിലുണ്ടുപോലും
അവനോടൊത്ത് ചേർന്നിരിക്കാം
പാപം എത്ര കടും ചുമപ്പായാലും
ഹിമംപോലെ വെളുപ്പിക്കാൻ കർത്തനുണ്ട്
സത്യകുമ്പസാരം നടത്തിക്കൊണ്ട്
ദിവ്യകാരുണ്യം (വി. കുർബ്ബാന അനുഭവിക്കൂ!)

# ഈ യുദ്ധഭൂമിയിൽ ദൈവം നമുക്കായി നിലകൊള്ളുന്നു

**Seema Shinto Kanniyel, Ranni**

യുദ്ധത്തിനായി എന്റെ കൈകളേയും പോരാട്ടത്തിനായി എന്റെ വിരലുകളെയും അഭ്യസിപ്പിക്കുന്ന എന്റെ പാറയായ യഹോവ വാഴ്ത്തപ്പെട്ടവൻ. സങ്കീ.144:1 നമ്മുടെ ദൈനംദിന ജീവിതത്തിലേക്ക് നോക്കുമ്പോൾ, ഇവിടെ പറയുന്ന "യുദ്ധം" എന്നത് എല്ലായ്പ്പോഴും ആയുധങ്ങളോടെയുള്ള യുദ്ധമല്ല. ജീവിതത്തിൽ നമ്മെ നേരിടുന്ന പ്രതിസന്ധികൾ, നിരാശകൾ, ഭയങ്ങൾ, എതിർപ്പുകൾ എന്നിവയോടുള്ള പോരാട്ടങ്ങളെയും അത് സൂചിപ്പിക്കാം.

"യുദ്ധത്തിനായി എന്റെ കൈകളെയും പോരാട്ടത്തിനായി എന്റെ വിരലുകളെയും അഭ്യസിപ്പിക്കുന്നു'. എന്ന വാക്കുകൾ നമ്മെ ഓർമ്മിപ്പിക്കുന്നത്, ദൈവം നമ്മുടെ എല്ലാ പോരാട്ടങ്ങളും നമുക്കുവേണ്ടി ഏറ്റെടുത്ത് നമ്മെ നിർജ്ജീവരാക്കുന്നില്ല എന്നതാണ്. മറിച്ച്, പോരാട്ടങ്ങളെ നേരിടാനുള്ള ശക്തിയും ജ്ഞാനവും ക്ഷമയും ധൈര്യവും ദൈവം നമ്മിൽ വളർത്തുന്നു. ജീവിതത്തിൽ ചിലപ്പോൾ നാം ചോദിക്കും.

"എന്തുകൊണ്ടാണ് ഇത്രയും ബുദ്ധിമുട്ടുകൾ എന്റെ ജീവിതത്തിൽ?'' എന്നാൽ ചില പോരാട്ടങ്ങൾ നമ്മെ തകർക്കാനല്ല, നമ്മെ പരിശിലിപ്പിക്കാനാണ്. ഒരു സൈനികൻ യുദ്ധത്തിനായി പരിശീലിക്കുന്നതുപോലെ, ഓരോ അനുഭവത്തിലൂടെയും ദൈവം നമ്മുടെ വിശ്വാസത്തെ ശക്തിപ്പെടുത്തുന്നു.

**പ്രതിസന്ധികൾ**- നമ്മെ ക്ഷമ പഠിപ്പിക്കുന്നു.

**പരാജയങ്ങൾ** - വീണ്ടും എഴുന്നേൽക്കാനുള്ള ധൈര്യം നൽകുന്നു.

**എതിർപ്പുകൾ**- നമ്മുടെ നിലപാടിൽ ഉറച്ചുനിൽക്കാൻ പഠിപ്പിക്കുന്നു.

**കാത്തിരിപ്പുകൾ** - ദൈവത്തിന്റെ സമയത്തിൽ വിശ്വസിക്കാൻ പഠിപ്പിക്കുന്നു.

**പ്രലോഭനങ്ങൾ**- ആത്മനിയന്ത്രണം വളർത്തുന്നു.

**വേദനകൾ**- ദൈവത്തിൽ കൂടുതൽ ആഴത്തിൽ ആശ്രയിക്കാൻ നമ്മെ പഠിപ്പിക്കുന്നു.

അതുകൊണ്ട് ഇന്ന് നാം നേരിടുന്ന ഓരോ പോരാട്ടത്തെയും ശാപമായി മാത്രം കാണേണ്ടതില്ല; ദൈവത്തിന്റെ പരിശീലനശാലയായും ശാപമായി മാത്രം കാണേണ്ടതില്ല. ദൈവത്തിന്റെ പരിശീനശാലയായും കാണാം. ഇന്നത്തെ കണ്ണീരിലൂടെ നാളേയ്ക്കുള്ള ശക്തിയെ ദൈവം രൂപപ്പെടുത്തുന്നുണ്ടാകാം.

നമ്മുടെ കൈകളെ യുദ്ധത്തിനായി അഭ്യസിപ്പിക്കുന്ന ദൈവം, യുദ്ധഭൂമിയിൽ നമ്മെ ഒറ്റയ്ക്കാക്കുകയില്ല. അവൻ നമ്മുടെ ശക്തിയും പരിചയവും വഴികാട്ടിയുമാണ്. "പോരാട്ടം നിന്നെ തകർക്കാനല്ല; നിന്നിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന ശക്തിയെ വെളിപ്പെടുത്താനാണ്."

"ദൈവത്തോടുകൂടെ നാം വീര്യം പ്രവർത്തിക്കും; അവൻ തന്നേ നമ്മുടെ വൈരികളെ ചവിട്ടിക്കളയും."

ഈ വാക്യം സങ്കീ. 60:12 ലെ വളരെ ശക്തമായ ഒരു വിശ്വാസപ്രമാണമാണ്. ഇതിന്റെ അർത്ഥം നമ്മുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ വളരെ ആഴമുള്ളതാണ്.

"ദൈവത്തോടുകൂടെ നാം വീര്യം പ്രവർത്തിക്കും."

ഇവിടെ ''വീര്യം പ്രവർത്തിക്കും'' എന്നത് നമ്മുടെ സ്വന്തം ശക്തിയാൽ ധൈര്യത്തോടെ മുന്നോട്ട് പോകും എന്നതാണ്. ജീവിതത്തിൽ ചില സാഹചര്യങ്ങൾ നമ്മുടെ കഴിവിനും ശക്തിക്കും അതീതമായിരിക്കും. പ്രശ്നങ്ങൾ, സാമ്പത്തിക ബുദ്ധിമുട്ടുകൾ, കുടുംബത്തിലെ പ്രതിസന്ധികൾ, ജോലിയിലെ സമ്മർദ്ദങ്ങൾ, എതിർപ്പുകൾ, നിരാശകൾ ഇവയ്ക്കു മുന്നിൽ നാം തളർന്നുപോകാം. എന്നാൽ ദൈവം കൂടെയുണ്ടെങ്കിൽ "എനിക്ക് കഴിയില്ല" എന്നിടത്ത് "ദൈവത്തോടുകൂടെ എനിക്ക് മുന്നോട്ട് പോകാം" എന്ന വിശ്വാസം ജനിക്കുന്നു. "നമ്മുടെ വൈരികളെ ചവിട്ടിക്കളയുന്നത് അവൻ തന്നെ ആയിരിക്കും" ഇവിടെയുള്ള "വൈരികൾ" എന്നത് മനുഷ്യരെ മാത്രം സൂചിപ്പിക്കണമെന്നില്ല. നമ്മുടെ ജീവിതത്തിലെ ഭയം, നിരാശ, പരാജയം, പ്രലോഭനം, തടസ്സങ്ങൾ, അനീതികൾ, നമ്മെ പിന്നോട്ടടിക്കുന്ന സാഹചര്യങ്ങൾ എന്നിവയെയും ഇതിലൂടെ മനസ്സിലാക്കാം. നാം നമ്മുടെ ഭാഗം ചെയ്യണം എന്ന് പ്രാർത്ഥിക്കണം, പരിശ്രമിക്കണം, ശരിയായ തീരുമാനങ്ങൾ എടുക്കണം, വിശ്വാസത്തോടെ മുന്നോട്ട് പോകണം. എന്നാൽ അന്തിമ വിജയം ദൈവത്തിന്റെ കൈകളിലാണ്. നമ്മുടെ ജീവിതത്തിനുള്ള സന്ദേശം ചില യുദ്ധങ്ങൾ നമുക്ക് ഒറ്റയ്ക്ക് ജയിക്കാൻ കഴിയില്ല. അത്തരം സമയങ്ങളിൽ ദൈവം നമ്മോട് പറയുന്നത്. "നീ ധൈര്യത്തോടെ മുന്നോട്ട് പോവുക, നിന്റെ ശക്തി അവസാനിക്കുന്നിടത്ത് എന്റെ ശക്തി ആരംഭിക്കുന്നു." അതുകൊണ്ട് ഈ വാക്യം നമ്മെ പഠിപ്പിക്കുന്നത്.

"പോരാട്ടത്തിൽ നാം ഒറ്റയ്ക്കല്ല; ദൈവം നമ്മോടുകൂടെയുണ്ട്. നമ്മുടെ ശക്തിയിൽ അല്ല, അവന്റെ ശക്തിയിൽ ആശ്രയിച്ച് മുന്നോട്ട് പോകുമ്പോൾ, നമ്മെ തടയുന്ന വഴികൾപോലും അവൻ തുറന്നുതരും.

നമ്മുടെ പരിശ്രമം+ ദൈവത്തിലുള്ള വിശ്വാസം= ദൈവം ഒരുക്കുന്ന വിജയം. തീർച്ചയായും "ദൈവം നമുക്കുവേണ്ടി യുദ്ധം ചെയ്യും'' എന്ന് ശക്തമായി പ്രകടമാക്കുന്ന ബൈബിൾ സംഭവങ്ങളിൽ ഒന്നാണ് ചെങ്കടൽ കടന്ന ഇസ്രായേല്യരുടെ കഥ.

**ചെങ്കടലിന്റെ മുമ്പിൽ ദൈവം തന്നെ യുദ്ധം ചെയ്തപ്പോൾ**

ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് മോചിതരായി ഇസ്രായേൽ ജനം യാത്ര ചെയ്യുകയായിരുന്നു. അവരുടെ മുമ്പിൽ വിശാലമായ ചെങ്കടൽ; പിന്നിൽ ഫറവോന്റെ സൈന്യം മുന്നോട്ടു പോകാൻ വഴിയില്ല, പിന്നോട്ടു പോകാനും കഴിയില്ല. ജനങ്ങൾ ഭയന്ന് മോശയോട് നിലവിളിച്ചു. അപ്പോൾ മോശ അവരോടു പറഞ്ഞു; "ഭയപ്പെടേണ്ട; ഉറച്ചു നിൽക്കുവിൻ; യഹോവ ഇന്നു നിങ്ങൾക്കു ചെയ്തു തരുന്ന രക്ഷ കണ്ടുകൊൾവിൻ. യഹോവ നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യും. നിങ്ങൾ മിണ്ടാതിരിക്കണം. "പുറപ്പാട് 14:13

–14 മനുഷ്യന്റെ കാഴ്ചയിൽ അത് അവസാനിച്ചുപോയ ഒരു സാഹചര്യം പോലെയായിരുന്നു. എന്നാൽ ദൈവത്തിന്റെ കാഴ്ചയിൽ അത് ഒരു പുതിയ വഴിയുടെ തുടക്കമായിരുന്നു. ദൈവം മോശയോട് തന്റെ വടി കടലിന്മേൽ നീട്ടാൻ പറഞ്ഞു. മോശ അനുസരിച്ചു. അപ്പോൾ ശക്തമായ കാറ്റിലൂടെ ദൈവം കടലിനെ രണ്ടായി പിളർത്തി. കടലിന്റെ നടുവിൽ ഉണങ്ങിയ നിലം പ്രത്യക്ഷപ്പെട്ടു. ഇസ്രായേല്യർ അതിലൂടെ സുരക്ഷിതമായി മറുകരയിലെത്തി അവരെ പിന്തുടർന്ന ഫറവോന്റെ സൈന്യം കടലിനുള്ളിൽ എത്തിയപ്പോൾ വെള്ളം വീണ്ടും ഒന്നായി; അവരുടെ ശത്രുസൈന്യം പരാജയപ്പെട്ടു. ചില സമയങ്ങളിൽ നമ്മുടെ ജീവിതത്തിലും ഇതുപോലെ തോന്നാം. മുമ്പിൽ ഒരു അടഞ്ഞ വഴി, പിന്നിൽ ഒരു വലിയ പ്രശ്നം, ചുറ്റും ഭയം. എന്നാൽ ചെങ്കടലിന്റെ മുമ്പിൽ ഇസ്രായേല്യർക്ക് വഴി കാണാതിരുന്നപ്പോഴും ദൈവത്തിന് വഴി കാണാതിരുന്നപ്പോഴും യുദ്ധം ചെയ്യുക മാത്രമല്ല. ചില സന്ദർഭങ്ങളിൽ നിശ്ചലമായി ദൈവത്തിൽ വിശ്വസിക്കുകയും, അവൻ കാണിക്കുന്ന വഴിയിൽ അനുസരണയോടെ നടക്കുകയും വേണം നമ്മുടെ ശക്തി അവസാനിക്കുന്നിടത്ത് ദൈവത്തിന്റെ പ്രവർത്തനം ആരംഭിക്കാം. നമ്മുടെ വഴികൾ അവസാനിക്കുന്നിടത്ത് ദൈവം പുതിയൊരു വഴി തുറക്കാം. നമുക്ക് നേരിടാൻ കഴിയാത്ത യുദ്ധങ്ങളിൽ ദൈവം തന്നെ നമ്മുടെ പക്ഷത്ത് പോരാടാം. "ചെങ്കടലിന്റെ മുമ്പിൽ വഴി കാണാതിരുന്നാലും ഭയപ്പെടേണ്ട; വഴി ഇല്ലാത്തിടത്ത് വഴിയൊരുക്കുന്ന ദൈവമാണ് നിന്റെ ദൈവം." തീർച്ചയായും "ദൈവം നമുക്കുവേണ്ടി യുദ്ധം ചെയ്യും" എന്ന സന്ദേശം ഏറ്റവും ശക്തമായി പ്രകടമാക്കുന്ന ബൈബിൾ സംഭവങ്ങളിൽ ഒന്നാണ് ചെങ്കടൽ കടന്ന ഇസ്രായേല്യരുടെ കഥ.

ജീവിതത്തിൽ ചില പോരാട്ടങ്ങൾ നമ്മുടെ ശക്തിക്കതീതമായിരിക്കും. എത്ര ശ്രമിച്ചാലും വഴിയില്ലെന്ന് തോന്നുന്ന സാഹചര്യങ്ങളും, ആരോടും പറയാൻ കഴിയാത്ത കണ്ണുനീരും, മനുഷ്യശക്തിക്ക് പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങളും നമ്മുടെ ജീവിതത്തിൽ വന്നേക്കാം. എന്നാൽ അത്തരം നിമിഷങ്ങളിലാണ് നാം ഓർക്കേണ്ടത് നമ്മുടെ പോരാട്ടം നാം ഒറ്റയ്ക്ക് പോരാടേണ്ടതില്ല. ദൈവം നമ്മോടുകൂടെ ഉണ്ട്. നാം ഭയപ്പെടേണ്ടതില്ല. തളരേണ്ടതില്ല. പ്രതികാരം ചെയ്യാൻ ഓടേണ്ടതില്ല. നാം ദൈവത്തിൽ വിശ്വസിച്ച് അവന്റെ കരങ്ങളിൽ നമ്മുടെ പോരാട്ടങ്ങൾ ഏല്പിക്കുമ്പോൾ, അവൻ ശരിയായ സമയത്ത് പ്രവർത്തിക്കും. മനുഷ്യർക്ക് അടഞ്ഞ വാതിലുകൾ കാണുമ്പോൾ ദൈവത്തിന് പുതിയൊരു വഴി കാണാൻ കഴിയും. നമ്മുടെ കണ്ണുകൾക്ക് തോൽവി കാണുമ്പോൾ, ദൈവം വിജയത്തിന്റെ ആരംഭം കാണുന്നു.

അതുകൊണ്ട് ഇന്ന് നമ്മുടെ ഹൃദയത്തിൽ ഒരു ഉറച്ച വിശ്വാസം ഉണ്ടായിരിക്കട്ടെ. നമ്മുടെ കണ്ണുനീർ പ്രാർത്ഥനയാകട്ടെ, നമ്മുടെ കാത്തിരിപ്പ് വിശ്വാസമാകട്ടെ, നമ്മുടെ പോരാട്ടം സാക്ഷ്യമായി മാറട്ടെ. നമുക്കെതിരെ ഉയരുന്ന ഓരോ പോരാട്ടത്തിനും മുകളിൽ, നമ്മോടുകൂടെ നിൽക്കുന്ന ദൈവത്തിന്റെ ശക്തി വലുതാണ്.

●


# S.S.L.C.
# എല്ലാവിഷയത്തിനും A Plus



**Melsa Sara Juby**
D/o Juby K.Jacob
&
Chinchu
Kollamparambil
St.John's Dayara
Church, Chingavanam



**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**അജീഷ് ബേബി**

Nazareth Asramam, Othera

## Nazareth Asramam, Othera
**List of Donations for the Period from 1/08/2026 to 30/09/2026**

1. A Well Wisher — Rs. 5000/-
2. Anu Jacob, Kuttikattil house, Mazhukkeer . — Rs. 10000/-
4. A Well Wisher — Rs.1000 /-
5. Sunnykutty Abraham, Pulimmoottil house, Ranny — Rs. 6000/-
6. A Well Wisher — Rs. 2500 /-

To make your contributions:
Account Details
M/s Nazareth Asramam Othera
A/c No: 17290100018264
Bank : Federal Bank Ltd.
Branch : Othera
IFSC : FDRL0001729

T.K Kurian Thekkattil
Secretary, 9544695097

# ഭൂമിയിൽ കല്യാണം... സ്വർഗ്ഗത്തിൽ കല്യാണം?

**സണ്ണി ജേക്കബ്, കാട്ടുവേലിൽ**

“മത്തായി 22:30 പുനരുത്ഥാനത്തിൽ അവർ വിവാഹം കഴിക്കുന്നില്ല. വിവാഹത്തിന് കൊടുക്കപ്പെടുന്നതുമില്ല; സ്വർഗ്ഗത്തിലെ ദൂതന്മാരെപ്പോലെ അത്രേ ആകുന്നു.”

ക്രിസ്തീയ ദൈവശാസ്ത്ര പ്രകാരം ഒരു മനുഷ്യന് ദേഹം, ദേഹി, ആത്മാവ് എന്ന മൂന്ന് ഘടകങ്ങൾ ഉണ്ട്. ദേഹം സ്ഥൂലം ആയത്, ദേഹി സൂക്ഷ്മമായത്, ആത്മാവ് ഭൗതികമായത് (The body is gross the embodied is subtle; the soul is non-material) ശരീരം: ഭൗതികമായ മനുഷ്യപ്രകടനം, മനസ്സ്: ചിന്ത, ബോധം, ഓർമ്മ, വികാരം, തീരുമാനം എടുക്കുവാനുള്ള കഴിവ് എന്നിവയുടെ പ്രവർത്തനം എന്നിവയാകുന്നു. ആത്മാവ് മനുഷ്യന് ജീവൻ നൽകുകയും ദൈവവുമായി ബന്ധപ്പെടാൻ കഴിവ് നൽകുകയും ചെയ്യുന്നു. മരണത്തിൽ ആത്മാവും ശരീരവും വേർപെടുന്നു. മനുഷ്യന്റെ വ്യക്തിത്വം നശിക്കുന്നില്ല. ഉദാഹരണം ധനവാന്റെയും ലാസറിന്റെയും ഉപമയിൽ സ്വർഗ്ഗത്തിൽ ഇരിക്കുന്ന ലാസറിനും നരകത്തിൽ ഇരിക്കുന്ന ധനവാനും തമ്മിൽ തിരിച്ചറിയുന്നതിന് സാധിക്കുന്നു. കൂടാതെ തങ്ങളുടെ പ്രവൃത്തി ഫലമാണ് ഇപ്പോൾ തങ്ങൾ അനുഭവിക്കുന്നത് എന്നും തിരിച്ചറിയുന്നു.

ക്രിസ്തീയ വിശ്വാസം അനുശാസിക്കുന്നത് പവിത്രമായ വിവാഹകൂദാശയിൽകൂടി അംഗീകരിക്കപ്പെട്ടവർക്ക് മാത്രമേ സ്ത്രീ പുരുഷ ശാരീരിക ബന്ധം പാടുള്ളു എന്നാണ്. സ്ത്രീ പുരുഷ ശാരീരിക ബന്ധത്തിൽ സ്ത്രീ ഗർഭധാരിണിയായി മനുഷ്യന് സന്താന പരമ്പര സൃഷ്ടിക്കുന്നു. ക്രിസ്തീയ വിശ്വാസത്തിൽ മരണാനന്തര ജീവിതം (നിത്യ ജീവിതം) എന്നത് ആത്മാവിന് ഉള്ളതാണ്. അങ്ങനെയെങ്കിൽ ഭൂമിയിലെ ജനസംഖ്യാ വർദ്ധന; നിത്യ ജീവിതത്തിന്റെ അനുഭവത്തിൽ എത്തുന്ന നിത്യ സമൂഹത്തിന്റെ ജനസംഖ്യയും വർദ്ധിപ്പിക്കും. ഗർഭധാരണത്തിൽ ഓരോ വ്യക്തിക്കും ദൈവം നേരിട്ട് വ്യക്തിഗതമായ ഒരു പുതിയ മനുഷ്യ ആത്മാവിനെ സൃഷ്ടിക്കുന്നു. ദൈവം നിരന്തരമായ സൃഷ്ടി പ്രവർത്തനം തുടരുന്നു എന്നതുകൊണ്ട് ജനസംഖ്യ വർദ്ധിക്കുന്നു. ഹൈന്ദവ ദൈവശാസ്ത്രത്തിൽ ജീവാത്മാവ് പുനർജന്മം പ്രാപിക്കുന്നു എന്ന് പറയുവാൻ സാധിക്കുന്നില്ല.

ദൈവത്താൽ സൃഷ്ടിച്ച ശരീരത്തോട് ചേർക്കുന്നതിന് മുൻപുള്ള അവസ്ഥയിൽ; ആത്മാവിന് വർഗ്ഗം, ജാതി, നിറം, ലിംഗം, ഒന്നും ഇല്ല. മരണശേഷം വാങ്ങിപ്പോയ ആത്മാവിനും വർഗ്ഗം, ജാതി, നിറം, ലിംഗം ഒന്നും ഇല്ല. ആത്മാവിന് മനുഷ്യവർഗ്ഗം, മൃഗ വർഗ്ഗം ഇങ്ങനെ വർഗ്ഗഭേദം ഇല്ല. ആണ, പെണ്ണ് ജാതിഭേദം ഇല്ല. ആത്മാവ് വെളുത്ത ആത്മാവ്, ഡോക്ടർ, എൻജിനീയർ അങ്ങനെ ഒന്നും ആകുന്നില്ല. ഇവയെല്ലാം ആത്മാവ്, ശരീരം, മനസ്സ് കൂടിച്ചേർന്ന മനുഷ്യന് ആകുന്നു. ശരീരം മനസ്സുകളുമായുള്ള ബന്ധത്തിൽ നിന്നും വാങ്ങിപ്പോയ മനുഷ്യ ആത്മാവ് ദൈവ ആത്മാവിനോട് യോജിച്ച് നിത്യമായ ദൈവിക പരമാനന്ദവും, സന്തോഷവും, സമാധാനവും അനുഭവിക്കുന്നു. അവിടെ ആത്മാവ് വിവാഹം കഴിക്കുന്നുമില്ല വിവാഹത്തിന് കൊടുക്കപ്പെടുന്നതും ഇല്ല.

ശാസ്ത്രത്തിന് ഒരു മനുഷ്യന്റെ ഹൃദയം അമ്മയുടെ ഗർഭപാത്രത്തിൽ എപ്പോൾ തുടിച്ചു തുടങ്ങുന്നു എന്നതും എപ്പോൾ അത് നിലയ്ക്കും എന്നതും പറയുവാൻ സാധിക്കില്ല. അതുപോലെ മനുഷ്യന്റെ ജനനത്തിന് മുമ്പുള്ള അവസ്ഥയും അവ്യക്തമാണ്. മധ്യേയുള്ള ജീവിതകാലം മാത്രം വ്യക്തമാണ്. ശരീരത്തിന് രൂപം ഉണ്ട്, ശരീരത്തിന് നാശവും ഉണ്ട്. ശരീരത്തോട് ചേർന്നുള്ള മനസ്സിന് സ്വഭാവ സവിശേഷതകൾ ഉണ്ട്. മനസ്സ് മനസ്സിലാക്കുന്നു, മനസ്സ് ചിന്തിക്കുന്നു, മനസ്സ് ബുദ്ധിയോട് ചേർന്ന് ഇന്ദ്രിയങ്ങളെ പ്രവർത്തിപ്പിക്കുന്നു. ചുറ്റുപാടുകളെ അറിയുന്നു, അല്ലെങ്കിൽ അറിവ് നേടുന്നു. (ഇന്ദ്രിയങ്ങളെ മനസ്സിന്റെ ഭാഗമായിട്ട് കണക്കാക്കാം). മനസ്സിന് ഭൗതികതയോട് ഒട്ടി നിൽക്കാൻ പ്രവണത ഉള്ളതിനാൽ, മനസ്സ് ഉയർച്ച താഴ്ചകളും, മാന അപമാനങ്ങളും അനുഭവിക്കുന്നു. മനസ്സിന് സൂക്ഷ്മ ശരീര സ്വഭാവമാകയാൽ ദ്രവ്യമായ ശരീരത്തെപോലെ വെളിപ്പെടുന്നതുമില്ല. ഏതൊരു വിഷയവും ചിന്തയും മനസ്സിലാണ് വരുന്നത് എന്നതിനാൽ മനസ്സിന്റെ നിലനിൽപ്പിനെ സംശയിക്കുവാൻ സാധിക്കില്ല, മനസ്സ് അനുഭവത്തിൽ ഉണ്ടു താനും. സകല മനുഷ്യർക്കും ശരീരം മനസ്സുകൾ ഉണ്ട്. എന്നാൽ ഈ ശരീര മനസ്സുകളുടെ നിലനിൽപ്പിന് ആധാരമായത് ഇതിനോട് ചേർന്നുള്ള ആത്മാവ് ആകുന്നു.

ശാസ്ത്രീയമായി ഈ ആത്മാവിനെ തെളിയിക്കാൻ സാധിക്കില്ല. പക്ഷെ മനസ്സ് തന്നെ നിലനിൽക്കുന്നത് ആത്മാവിന്റെ അനുഭവത്തിൽ ആണ്. ആത്മാവ് മനസ്സിനോട് ചേർന്നിരിക്കുന്ന കാലത്തോളം മനസ്സിന് ചിന്തിക്കുവാൻ കഴിയും, പ്രവർത്തിക്കുവാൻ കഴിയും,ഉറങ്ങാൻ കഴിയും, സ്വപ്നം കാണാൻ കഴിയും, ഗാഢനിദ്രയിൽ ആകാൻ കഴിയും. ആത്മാവുമായുള്ള ശരീരബന്ധം വിട്ടുപിരിഞ്ഞാൽ, ശരീരത്തിന് നാശം ഉണ്ടാകും, ആത്മാവ് നിലനിൽക്കും. ഭഗവത്ഗീതയിൽ പറയുന്നതുപോലെ; ആത്മാവിനെ ആയുധങ്ങൾ കൊണ്ട് മുറിവേൽപ്പിക്കുവാൻ സാധിക്കുകയില്ല, അഗ്നിയിൽ ദഹിപ്പിക്കുന്നതിന് സാധിക്കുകയില്ല, വെള്ളംകൊണ്ട് നനയ്ക്കുന്നതിന് സാധിക്കുകയില്ല, കാറ്റുകൊണ്ട് ഉണക്കുന്നതിനും കഴിയുകയില്ല. ഈ ആത്മാവിനെ പരിചയപ്പടുത്തുമ്പോൾ ചിലർ അത്ഭുതമായി കാണുന്നു. ചിലർ അത്ഭുതമായി കേൾക്കുന്നു. അത്ഭുതമായി പറയുന്നു. ആരും തന്നെ ആത്മാവിനെ യഥാർത്ഥത്തിൽ വേണ്ടതുപോലെ അറിയുന്നില്ല എന്നതാണ് സത്യം.

സകല മനുഷ്യരിലുമുള്ള ഈ ആത്മാവിനെ എവിടെ നിന്ന് കിട്ടി. സകല മനുഷ്യരിലും ആത്മാവിന്റെ സ്വഭാവം സമാനം ആകുമ്പോൾ ഈ ആത്മാവ് ഒരു ഉയർന്ന ആത്മീയ സൃഷ്ടി കേന്ദ്രത്തിൽ സൃഷ്ടിക്കപ്പെട്ട് സ്വതന്ത്രമാക്കി നൽകപ്പെട്ടതാണ്. സകല ആത്മാവിന്റെയും ദാതാവായി ഉയർന്ന ആത്മീയ സൃഷ്ടാവ് ദൈവം ആകുന്നു. പ്രപഞ്ചവും അതിലുള്ള സകലത്തിന്റെയും എല്ലാ കാര്യങ്ങളും മുൻകൂട്ടി തീരുമാനിച്ചു സംവിധാനം നിർവ്വഹിക്കുന്ന സംവിധായകൻ ആയ ദൈവം. ഈ ഉയർന്ന ദൈവീക ചിന്തയാണ് ആത്മീയത. ആദ്ധ്യാത്മികം എന്നാൽ സത്യത്തെ സംബന്ധിക്കുന്നത്. തന്നെ സംബന്ധിക്കുന്നത്, തന്നെ ബന്ധിപ്പിക്കുന്നത്. താൻ ആരെന്ന ബോധം തന്നിൽ ഉണ്ടാക്കുക. നിരന്തരമായ സത്യവിചാരം മനസ്സിൽ ഉണ്ടാക്കുക, അതിൽ കൂടി ബുദ്ധിയുടെ പ്രവൃത്തിയെ സത്യത്തിൽ സ്ഥിരപ്പെടുത്തുക, അരുത് എന്ന് മനസ്സാക്ഷി പറയുന്നത് ചെയ്യാതിരിക്കുക. ആദ്ധ്യാത്മികത എന്നത് ഭൗതികതയുടെ പരിമിതങ്ങളെ മറികടന്ന് ആന്തരികമായ അന്വേഷണത്തിലൂടെ ജീവിതത്തെ അനുഭവിക്കുന്ന ഒന്നാണ്. ഭൗതിക ലോകത്തിന്റെ പരിമിതികൾക്ക് അപ്പുറത്തേക്ക് ചിന്തിക്കുകയും, അനുഭവിക്കുകയും ചെയ്യുക എന്നതാണ്. ഈ ലോകത്ത് ഞാൻ മനുഷ്യനാണ്. എനിക്ക് ആത്മീയ അനുഭവം ഉണ്ട്, എനിക്ക് ദാമ്പത്യ ജീവിതവും ഉണ്ട്. സ്വർഗ്ഗത്തിൽ അതിസുന്ദരമായ ഒരു ദാമ്പത്യജീവിതം ആഗ്രഹിക്കുന്നു എന്നത്; ഭൗതിക അതിമോഹത്തിൽ നിന്നും മനസ്സ് വിട്ടു മാറിയിട്ടില്ല എന്നതാണ് എന്ന് ഞാൻ കരുതുന്നു. പരലോകത്ത് ഞാൻ കേവലം ആത്മാവ് മാത്രമാണ്. ദൈവ ആത്മീയതയുടെ സാന്നിധ്യത്തിലും അനുഭവത്തിലും ആണ്. പരലോകത്ത് എനിക്കൊരു ദാമ്പത്യ ജീവിതം സാധ്യമല്ല, ഞാൻ ആഗ്രഹിക്കുന്നുമില്ല. എനിക്ക് അതിന്റെ ആവശ്യകതയും ഇല്ല.

# Will എഴുതുമ്പോൾ അറിയേണ്ട കാര്യങ്ങൾ: നിയമവശങ്ങളും പ്രായോഗിക ഘട്ടങ്ങളും

അഡ്വ. ഫെനു സ്കറിയ, കോട്ടയം

നമ്മുടെ ജീവിതകാലത്ത് ആർജ്ജിച്ച സ്വത്തുക്കൾ, നമ്മുടെ കാലശേഷം ആർക്കൊക്കെ, എങ്ങനെ വീതിച്ചു നൽകണം എന്ന് രേഖാമൂലം എഴുതി വെക്കുന്ന നിയമപരമായ രേഖയാണ് വിൽ (Will/ ഉയിർപ്പത്രം/ഒസ്യത്ത് Ossiyath. പലപ്പോഴും കുടുംബങ്ങളിൽ സ്വത്ത് തർക്കങ്ങളും കേസ് വഴക്കുകളും ഉണ്ടാകുന്നത് വ്യക്തമായ ഒരു വിൽപ്പത്രം ഇല്ലാത്തതുകൊണ്ടാണ്. 1925-ലെ 'ഇന്ത്യൻ സക്സഷൻ ആക്ട് (Indian Succession Act) അനുസരിച്ചാണ് ക്രിസ്താനികളുടെ സ്വത്ത് തർക്കങ്ങളും വിൽപ്പത്രങ്ങളും നിയന്ത്രിക്കപ്പെടുന്നത്. വിൽപ്പത്രം തയ്യാറാക്കുമ്പോഴും അത് നടപ്പിലാക്കുമ്പോഴും ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ താഴെ വിവരിക്കുന്നു.

1. രജിസ്റ്റർ ചെയ്ത വില്ലും രജിസ്റ്റർ ചെയ്യാത്ത വില്ലും തമ്മിലുള്ള വ്യത്യാസം

ഇന്ത്യൻ നിയമപ്രകാരം ഒരു വിൽപത്രം രജിസ്റ്റർ ചെയ്യണം എന്ന് നിർബന്ധമില്ല (Optional Document). വെള്ളക്കടലാസിൽ എഴുതി ഒപ്പുവെച്ച വില്ലും നിയമപരമായി സാധുവാണ്. എന്നാൽ ഇവ തമ്മിൽ പ്രധാനപ്പെട്ട ചില വ്യത്യാസങ്ങളുണ്ട്.

രജിസ്റ്റർ ചെയ്യാത്ത വിൽ (Unregistered Will) തയ്യാറാക്കാൻ ചെലവില്ല. എന്നാൽ വില്ലെഴുതിയ ആളുടെ മരണശേഷം മറ്റുള്ള അവകാശികൾക്ക് ഇതിന്റെ വ്യാജവ്യാപ്തി ചൊല്ലിയോ (Fraud/Forgery), മനോനില ശരിയായിരുന്നില്ലെന്ന് പറഞ്ഞോ കോടതിയിൽ ചോദ്യം ചെയ്യാൻ എളുപ്പമാണ്.

*റജിസ്റ്റർ ചെയ്ത വിൽ (Registered Will)

സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യുന്ന വിൽപത്രത്തിന് കൂടുതൽ നിയമസാധുതയും തെളിവ് (Evidentiary Value) ഉണ്ട്. സബ് രജിസ്ട്രാറുടെ മുമ്പാകെ നേരിട്ടെത്തി ഒപ്പിടുന്നതിനാൽ, വ്യാജ ഒപ്പിട്ടു എന്നോ ഭീഷണിപ്പെടുത്തി എഴുതി വാങ്ങിയതാണെന്നുള്ള ആരോപണങ്ങൾ തള്ളിക്കളയാൻ ഇത് സഹായിക്കുന്നു. കൂടാതെ വിൽപ്പത്രത്തിന്റെ ഒരു പകർപ്പ് സബ് രജിസ്ട്രാർ ഓഫീസിൽ സുരക്ഷിതമായി സൂക്ഷിക്കപ്പെടുന്നതിൽ വില്ലിന്റെ അസ്സൽ നഷ്ടപ്പെട്ടാലും ആശങ്കപ്പെടേണ്ടതില്ല.

2. കേരളത്തിൽ ഒരു വിൽ എങ്ങനെ രജിസ്റ്റർ ചെയ്യാം?

വിൽ രജിസ്റ്റർ ചെയ്യുന്ന പ്രക്രിയ വളരെ ലളിതമാണ്.

1. കരട് തയ്യാറാക്കൽ: വില്ലെഴുതുന്ന ആൾ (trestator) തന്റെ സ്വത്തുക്കളുടെ വിവരങ്ങളും അത് ആർക്കൊക്കെ നൽകണമെന്നും വ്യക്തമായി എഴുതി തയ്യറാക്കണം.

2. എക്സിക്യൂട്ടറെ (Executor) നിയമിക്കൽ: തന്റെ മരണശേഷം ഈ വിൽപ്പത്രത്തിലെ കാര്യങ്ങൾ നടപ്പിലാക്കാൻ വിശ്വസ്തനായ ഒരാളെ 'എക്സിക്യൂട്ടർ' ആയി വില്ലിൽ തന്നെ ചുമതലപ്പെടുത്താം.

3. സാക്ഷികൾ (Witnesses) വില്ലിൽ നിർബന്ധമായും രണ്ട് സാക്ഷികൾ ഒപ്പുവെക്കണം. സാക്ഷികൾ വില്ലിലൂടെ സ്വത്ത് ലഭിക്കുന്ന ഗുണഭോക്താക്കൾ (Beneficiaries) ആകരുത്

4. സബ് രജിസ്ട്രാർ ഓഫീസിൽ: വില്ലെഴുതുന്നയാളും രണ്ട് സാക്ഷികളും തിരിച്ചറിയൽ രേഖകളുമായി (ആധാർ, പാൻ കാർഡ് മുതലായവ) ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസിൽ നേരിട്ടെത്തി സബ് രജിസ്ട്രാറുടെ സാന്നിധ്യത്തിൽ ഒപ്പുവെച്ച് രജിസ്ട്രേഷൻ പൂർത്തിയാക്കുന്നു.

5. വില്ലെഴുതിയ ആൾ മരിച്ചാൽ സ്വത്ത് ഗുണഭോക്താവിന് (Beneficiary) എങ്ങനെ ലഭിക്കും?

വില്ലെഴുതിയ വ്യക്തി ജീവിച്ചിരിക്കുവോളം ആ വില്ലിന് യാതൊരു പ്രാബല്യവുമില്ല. അദ്ദേഹത്തിന് വേണമെങ്കിൽ ഏതു സമയത്തും അത് തിരുത്തുകയോ റദ്ദാക്കുകയോ ചെയ്യാം. എന്നാൽ വില്ലെഴുതിയ ആളുകളുടെ മരണശേഷം സ്വത്ത് ഗുണഭോക്താവിലേക്ക് മാറ്റുന്ന പ്രക്രിയ താഴെ പറയുന്നതാണ്.

1. മരണ സർട്ടിഫിക്കറ്റ് നേടുക: വില്ലെഴുതിയ ആളുകളുടെ ഔദ്യോഗിക മരണ സർട്ടിഫിക്കറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് കൈപ്പറ്റണം.

2. വില്ലിന്റെ എക്സിക്യൂഷൻ (Execution) വില്ലിൽ എക്സിക്യൂട്ടറെ നിയമിച്ചിട്ടുണ്ടെങ്കിൽ, ആ വ്യക്തി മരണ സർട്ടിഫിക്കറ്റും വിൽപ്പത്രത്തിന്റെ അസ്സലുമായി വില്ലിലെ വിവരങ്ങൾ നടപ്പിലാക്കാൻ മുന്നിട്ടിറങ്ങണം.

പ്രൊബേറ്റ് (Probate) ആവശ്യമുണ്ടോ? മുൻപ് ക്രിസ്താനികളുടെ വിൽപ്പത്രം സത്യമാണെന്ന് തെളിയിക്കുന്ന കോടതി ഉത്തരവ്) നിർബന്ധമായിരുന്നു. എന്നാൽ കേരള ഭേദഗതി (Kerala Amendment) പ്രകാരം കേരളത്തിലെ ക്രിസ്ത്യാനികൾക്ക് വില്ലിലെ സ്വത്തവകാശം സ്ഥാപിച്ചു കിട്ടാൻ കോടതിയിൽ നിന്നുള്ള പ്രൊബേറ്റ് നിർബന്ധമില്ല എന്ന് കേരള ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട്.

4. പോക്കുവരവ് ((Mutation) അസ്സൽ വില്ലും മരണ സർട്ടിഫിക്കറ്റുമായി വില്ലേജ് ഓഫീസിലും നഗരസഭ/പഞ്ചായത്തിലും അപേക്ഷിച്ച് വസ്തു ഗുണഭോക്താവിന്റെ പേരിലേക്ക് പോക്കുവരവ് (കരം ഒടുക്കൽ) നടത്താവുന്നതാണ്. ബാങ്ക് നിക്ഷേപങ്ങളാണെങ്കിൽ ബാങ്കിൽ സമർപ്പിച്ച് തുക കൈപ്പറ്റാം.

5. മക്കളോ സഹോദരങ്ങളോ മറ്റ് അവകാശികളോ ഉണ്ടെങ്കിൽ എന്ത് സംഭവിക്കും?

പലരുടെയും പ്രധാന സംശയമാണ് വില്ലെഴുതി വെച്ചാൽ മറ്റ് മക്കളോ സഹോദരങ്ങളോ തടസ്സവാദങ്ങൾ ഉന്നയിച്ചാൽ എന്ത് സംഭവിക്കും എന്നത്.

*വില്ലുണ്ടെങ്കിൽ ((With Will)

സ്വയം സമ്പാദിച്ച സ്വത്തോ (Self-accuied property) അല്ലെങ്കിൽ തനിക്ക് പൂർണ്ണ അവകാശമുള്ള സ്വത്തോ ആണെങ്കിൽ, അത് ആർക്ക് നൽകണം എന്ന് തീരുമാനിക്കാനുള്ള പൂർണ്ണ സ്വാതന്ത്ര്യം വില്ലെഴുതുന്നയാൾക്കുണ്ട്. മറ്റ് മക്കൾക്കോ സഹോദരങ്ങൾക്കോ സ്വത്ത് വീതിച്ചു നൽകിയില്ലെങ്കിലും വിൽപ്പത്രം നിയമപരമാണെങ്കിൽ അവർക്ക് അതിൽ അവകാശവാദം ഉന്നയിക്കാൻ സാധിക്കില്ല.

* ചോദ്യം ചെയ്യപ്പെടാനുള്ള സാഹചര്യങ്ങൾ:

ഒരു വിൽപ്പത്രത്തെ മറ്റ് സഹോദരങ്ങൾക്കോ അവകാശികൾക്കോ കോടതിയിൽ ചോദ്യം ചെയ്യണമെങ്കിൽ "വിൽ എഴുതുമ്പോൾ അയാൾക്ക് മാനസിക സ്ഥിരതയില്ലായിരുന്നു." "ഭീഷണിപ്പെടുത്തിയോ വഞ്ചിച്ചോ എഴുതിച്ച

താണ്" അല്ലെങ്കിൽ "വ്യാജമായി ഉണ്ടാക്കിയതാണ്" എന്ന് തെളിയിക്കേണ്ടിവരും. വിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ഇത്തരം വ്യാജ ആരോപണങ്ങളെ എളുപ്പത്തിൽ ചെറുക്കാൻ സാധിക്കും.

* വിൽപ്പത്രം ഇല്ലാതെ മരിച്ചാൽ (Intesstate)

ഒരാൾ വിൽപ്പത്രം എഴുതിവെക്കാതെ മരിക്കുകയാണെങ്കിൽ (Intestate Succession), ഇന്ത്യൻ സക്സഷൻ ആക്ട് പ്രകാരം ടിയാന്റെ നിയമപരമായ എല്ലാ അവകാശികൾക്കും (ഭാര്യ/ഭർത്താവ്, മക്കൾ) നിശ്ചിത അനുപാതത്തിൽ സ്വത്തിന് അവകാശമുണ്ടായിരിക്കും.

**ഉപസംഹാരം**

ഭാവിയിൽ കുടുംബത്തിൽ ഉണ്ടാകാൻ സാധ്യതയുള്ള തർക്കങ്ങളും മനോവിഷമങ്ങളും ഒഴിവാക്കാൻ വ്യക്തമായി എഴുതി റജിസ്റ്റർ ചെയ്ത ഒരു വിൽപ്പത്രം സഹായകരമാണ്. വിൽ തയ്യാറാക്കുമ്പോൾ അതിലെ ഭാഷ വ്യക്തവും ആശയക്കുഴപ്പമില്ലാത്തതും ആകാൻ ശ്രദ്ധിക്കുക.

# ഖദിരമരം പോലെ ദൈവത്തിൽ വേരൂന്നി നിലനിൽക്കാം

Dn.അഖിൽ മനോജ് പുന്നൂച്ചേരിൽ

മരുഭൂമിയുടെ വരണ്ട ഭൂപ്രകൃതിയിൽ, കഠിനമായ ചൂടിനെയും വരൾച്ചയെയും അതിജീവിച്ച് നിൽക്കുന്ന ഖദിരമരം ഒരു സാധാരണ വൃക്ഷം മാത്രമല്ല; പ്രതികൂലതകളുടെ നടുവിലും നിലനിൽക്കുന്ന ജീവിതത്തിന്റെ ഒരു ചിത്രം കൂടിയാണ്. പഴയ നിയമത്തിൽ ദൈവത്തിന്റെ വിശുദ്ധ കാര്യങ്ങൾക്കായി തിരഞ്ഞെടുക്കപ്പെട്ട മരമായിരുന്നു ഖദിരമരം. നിയമപെട്ടകം, സമാഗമനകൂടാരത്തിന്റെ പലകകൾ, ധൂപപീഠം എന്നിവ നിർമ്മിക്കാൻ അതിന്റെ മരം ഉപയോഗിച്ചു. "ഖദിരമരംകൊണ്ടു ഒരു പെട്ടകം ഉണ്ടാക്കേണം" (പുറ.25:10) ദൈവകല്പനയിൽനിന്ന് ഒരു വലിയ സത്യം നമുക്ക് തിരിച്ചറിയാം. ലോകത്തിന്റെ കണ്ണിൽ സാധാരണമായതിനെപ്പോലും ദൈവം തന്റെ ഉദ്ദേശ്യത്തിനായി തിരഞ്ഞെടുക്കുന്നു. പ്രത്യേകതകളൊന്നുമില്ലെന്ന് നാം കരുതുന്ന ഒരു ജീവിതത്തെപ്പോലും ദൈവത്തിന് മഹത്തായൊരു ദൗത്യത്തിനുള്ള ഉപകരണമാക്കാൻ കഴിയും. അതിനാവശ്യം കഴിവുള്ളവരെക്കാൾ, ദൈവത്തിന് ലഭ്യമായ ഒരു ഹൃദയമാണ്.

ഖദിരമരത്തിന് കാതലുണ്ട്; അതുകൊണ്ടുതന്നെ അത് ഉറപ്പുള്ള മരമായി നിലനിൽക്കുന്നു. അതുപോലെ ഒരു വിശ്വാസിയുടെ ശക്തിപുറമേ കാണുന്ന ഭംഗിയിലല്ല, ഉള്ളിലെ ആത്മീയ കാതലിലാണ്. വചനത്തിൽ ആഴപ്പെടുന്ന ജീവിതം, പ്രാർത്ഥനയിൽ ദൈവത്തോട് ചേർന്നുനിൽക്കുന്ന ഹൃദയം, വിശ്വാസത്തിൽ വളരുന്ന മനസ്സ്, പരിശുദ്ധാത്മാവിന്റെ നടത്തിപ്പിന് കീഴടങ്ങുന്ന ജീവിതം ഇവയാണ് ആത്മീയ കാതലിനെ രൂപപ്പെടുത്തുന്നത്. കാറ്റ് വീശുമ്പോൾ മാത്രമാണ് ഒരു മരത്തിന്റെ വേരുകളുടെ ആഴം മനസ്സിലാകുന്നത്. അതുപോലെ ജീവിതത്തിൽ പരീക്ഷണങ്ങൾ വരുമ്പോഴാണ് നമ്മുടെ വിശ്വാസത്തിന്റെ ആഴം വെളിപ്പെടുന്നത്. പുറമേയുള്ള വിശ്വാസപ്രകടനങ്ങളെക്കാൾ ഉള്ളിൽ ദൈവത്തോടുള്ള ബന്ധത്തിൽ ശക്തരാകേണ്ടതുണ്ട്. വേരുകൾ ആഴത്തിലായാൽ കൊടുങ്കാറ്റുകൾക്ക് നമ്മെ എളുപ്പത്തിൽ പിഴുതെറിയാനാവില്ല.

മരുഭൂമിയിലെ ചൂടും വരൾച്ചയും അതിജീവിച്ച് വളരുന്ന ഖദിരമരം നമ്മോട് പറയുന്ന ഏറ്റവും വലിയ സന്ദേശം "സാഹചര്യങ്ങൾ മാറിയാലും വിശ്വാസം ഉണങ്ങിപ്പോകരുത്" എന്നതാണ്. ജീവിതത്തിലും ചില കാലങ്ങൾ മരഭൂമിപോലെയാകും. പ്രാർത്ഥനകൾക്ക് മറുപടി വൈകാം. പ്രതീക്ഷിച്ച വാതിലുകൾ അടഞ്ഞേക്കാം; കണ്ണുനീർ നമ്മുടെ നിത്യസഹചാരിയാകാം. എന്നാൽ ദൈവത്തിൽ വേരൂന്നിയ ഒരാൾക്ക് മരുഭൂമിയും വളർച്ചയുടെ ഇടമാകാം. "അവൻ വെള്ളത്തിനരികെ നട്ടിരിക്കുന്നതും തക്കകാലത്തു ഫലം കായിക്കുന്നതുമായ വൃക്ഷംപോലെയാകും" (സങ്കീ. 1:3). മഴയില്ലാത്ത കാല ത്തും വേരുകൾ വെള്ളം തേടുന്നതുപോലെ, ദൈവത്തിന്റെ മക്കൾ പ്രതികൂല സാഹചര്യങ്ങളിലും ദൈവസന്നിധി തേടണം. കഷ്ടതകൾ നമ്മെ ഉണങ്ങിക്കളയുന്നതിന് പകരം ദൈവത്തിലേക്ക് കൂടുതൽ ആഴത്തിൽ വേരൂന്നാൻ ഇടയാകട്ടെ.

ഖദിരമരത്തിന്റെ ശക്തിയും നിലനിൽപ്പും മറ്റൊരു വലിയ പാഠം നൽകുന്നു. കാലം മാറിയാലും സാഹചര്യങ്ങൾ മാറിയാലും അതിന് അതിജീവിക്കാനുള്ള കരുത്തുണ്ട്. അതുപോലെ ദൈവത്തിൽ വേരൂന്നിയ ജീവിതത്തിന്റെ മൂല്യം അതിന്റെ താല്ക്കാലിക തിളക്കത്തിലല്ല, നിലനിൽക്കുന്ന വിശ്വസ്തതയിലാണ്. ലോകത്തിന്റെ പ്രശസ്തി മങ്ങിപ്പോകാം; ഇന്നലെ നമ്മെ ചുറ്റിയിരുന്നവർ നാളെ നമ്മെ മറന്നേക്കാം. എന്നാൽ ദൈവത്തിനായി വിശ്വസ്തമായി ജീവിച്ച ജീവിതം ഒരിക്കലും വ്യർത്ഥമാകുന്നില്ല. നാം എത്ര വലിയ കാര്യങ്ങൾ ചെയ്തു എന്നതിനെക്കാൾ, ഏൽപ്പിക്കപ്പെട്ട കാര്യങ്ങളിൽ എത്ര വിശ്വസ്തരായിരുന്നു എന്നതാണ് ദൈവസന്നിധിയിൽ വിലപ്പെട്ടത്. കാലത്തെ അതിജീവിക്കുന്ന ഒരു സാക്ഷ്യമായി നമ്മുടെ ജീവിതം മാറട്ടെ.

പുറമേ നോക്കുമ്പോൾ ഖദിരമരം പരുക്കനും സാധാരണവുമാണ്; എന്നാൽ അതിന്റെ ഉള്ളിലെ തടി മനോഹരവും വിലയേറിയതുമാണ്. അതുപോലെ ദൈവത്തിന്റെ മക്കളുടെ ജീവിതത്തിലും പുറമേ കാണാത്ത ഒരു സൗന്ദര്യമുണ്ട്. പോരാട്ടങ്ങൾ നമ്മെ ക്ഷീണിപ്പിച്ചേക്കാം. വർഷങ്ങൾ ശരീരത്തെ തളർത്തിയേക്കാം; എന്നാൽ ദൈവത്തിൽ വസിക്കുന്ന ഒരാളുടെ അകത്തെ മനുഷ്യൻ നാൾക്കുനാൾ പുതുക്കപ്പെടുന്നു. അതുകൊണ്ടാണ് പൗലോസ് അപ്പൊസ്തേതലൻ പറയുന്നത്: "ഞങ്ങളുടെ പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചുപോകുന്നു എങ്കിലും ഞങ്ങളുടെ അകമേയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു" (2 കൊരി. 4:16). ദൈവത്തിന്റെ കൈകളിൽ സമർപ്പിക്കപ്പെട്ട ഒരു സാധാരണ ജീവിതം, അവന്റെ ഉദ്ദേശ്യത്തിൽ വിശുദ്ധമായിത്തീരട്ടെ; മരുഭൂമിയിലും വേരൂന്നി, കൊടുങ്കാറ്റിലും ഉറച്ചുനിന്ന്, കാലം കഴിഞ്ഞാലും സാക്ഷ്യമായി നിലനിൽക്കുന്ന ഒരു ഖദിരമരമായി നമുക്കും വളരാം.




## വരനെ ആവശ്യമുണ്ട്

**M. 890**

